


ഖുത്ബ്ബ: നേരായ മാർഗത്തിൽ മുന്നേറുക

# സത്യദൂതൻ

ജൂലൈ 2011 | ലക്കം 7

വില ₹ 20



## റോസാബാൽ:
## നിഗൂഢ സത്യങ്ങൾ നിറഞ്ഞുനിൽക്കുന്ന കബറിടം

മഹാനായ ഇസ്രായീൽ മസീഹ് യേശു ക്രിസ്തു അന്ത്യവിശ്രമം കൊള്ളുന്ന കശ്മീരിലെ കല്ലറയെ സംബന്ധിച്ച നിഗൂഢസത്യങ്ങൾ ലോകവാർത്താമാധ്യമങ്ങളിൽ ഇടം പിടിക്കുകയാണ്

## വിശുദ്ധ ഖുർആനിൽ നിന്ന്



ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കല്പനപ്രകാരം അവനുദ്ദേശിക്കുന്നത് അദ്ദേഹം (ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗേനയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയില്ല. തീർച്ചയായും അവൻ സർവോന്നതനും അഗാധജ്ഞനുമാണ്. **(42:52)**

## നബിവചനം



ഓരോ ശിശുവും ദിവ്യമായ പ്രകൃതിയോടുകൂടി ജനിക്കുന്നു. അവന്റെ രക്ഷിതാക്കളാണ് അവനെ ജൂതനോ സൊറോസ്ട്രീയനോ ക്രിസ്ത്യാനിയോ ആക്കുന്നത്. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ദൈവം സ്വയം വെളിപ്പെടുന്നു

അനാദ്യനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണവുമായ വചനങ്ങൾ മൂലം സ്വസാന്നിധ്യത്തെ വെളിപ്പെടുത്തുകയും അതു വഴി ജനങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തു വന്നിട്ടുണ്ട്. മനുഷ്യന്റെ പ്രയത്നം ഇല്ലായിരുന്നുവെങ്കിൽ നിത്യനും സനാതനനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നുവെന്നോ ഈ വിഷയത്തിൽ ദൈവം മനുഷ്യനു കടപ്പെട്ടിരിക്കുന്നുവെന്നോ തത്ത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചകർത്താവ് അജ്ഞാതനായി തന്നെ ഇരിക്കുമായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ അത് വലിയ ധിക്കാരമാണെന്ന് വേണം പറയാൻ.

**(ഇസ്‌ലാംമത തത്ത്വജ്ഞാനം)**

لاالٰہ الا اللہ محمد رسول اللہ

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


4 യുഗശബ്ദം


5 എഡിറ്റോറിയൽ


6 ഖുത്ബ
നേരായ മാർഗത്തിൽ മുന്നേറുക
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)



11 ലേഖനം
രക്ഷകൻ എത്തുമ്പോൾ
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)


13 ലേഖനം
സൃഷ്ടിയുടെ ഉദ്ദേശ്യം
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.


15 ലേഖനം
പ്രവചനങ്ങളുടെ പൊരുൾ
മുഹമ്മദ് നജീബ് ഖാൻ


17 ലേഖനം
റോസാബാൽ: നിഗൂഢ സത്യങ്ങൾ നിറഞ്ഞുനിൽക്കുന്ന കബറിടം
ആരിഫ് ഖാൻ



23 ലേഖനം
പുറപ്പാടിന്റെ കാലനിർണയം
ഫരീദ


28 ലേഖനം
സാർ ചക്രവർത്തിയുടെ അന്ത്യം
എൻ. അബ്ദുർ റഹീം


30 ലേഖനം
നുബുവ്വത്തും ഖിലാഫത്തും
മുഹമ്മദ് ഫാറൂഖ്


33 ലേഖനം
ഇസ്‌ലാം: വിശ്വാസവും സ്വാംശീകരണവും
മഹ്മൂദ് കൽക്കുളം


36 ലേഖനം
പ്രാർഥനയും രോഗശമനവും
മൗലവി അബ്ദുൽ വഹാബ് ബിൻ ആദം


39 പംക്തി
ലോക ജാലകം
അഫ്ഇദത്തുൽ സലാം വി.എം.


40 കുറിപ്പുകൾ
സർവത്ര അഴിമതി
മുസാഫിർ



The Sathyadoothan Monthly

2011 ജൂലൈ
ഹി.ശ.1390 - വഫാ
1432 റജബ് - ശഅബാൻ
പുസ്തകം 83 ലക്കം 7
വില 20 രൂപ

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

സത്യദൂതൻ,
മസ്ജിദ് ഉമർ,
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# സത്യാത്മാക്കൾക്ക് മുമ്പിൽ ഒരു നിവേദനം

## ഹദ്റത്ത് അഹ്മദ് (അ)



**ഓ** എന്റെ ജനമേ, ദൈവം നിങ്ങളിൽ കരുണ ചൊരിയട്ടെ, ദൈവം നിങ്ങളുടെ കണ്ണ് തുറന്നുതരട്ടെ. ഞാൻ കള്ള വാദിയല്ലെന്ന് നിങ്ങൾ നല്ലവണ്ണം ധരിച്ചു കൊള്ളുക. കള്ളവാദി ശീഘ്രം നാശ മടയുമെന്ന് ദൈവത്തിന്റെ പരിശുദ്ധ ഗ്രന്ഥങ്ങളെല്ലാം സാക്ഷ്യം വഹിക്കുന്നു. സത്യവാദിക്ക് ലഭിക്കുന്ന ആയുസ്സ് ഒരിക്കലും കള്ളവാദിക്ക് ലഭിക്കില്ല. നമ്മുടെ നബി നായകർ (സ) തിരുമേനി യാണല്ലോ എല്ലാ സത്യാത്മാ ക്കളുടെയും ചക്രവർത്തി. ആ ദിവ്യാ ത്മാവിന് 23 കൊല്ലക്കാലം ദിവ്യവെളി പാടുകൾ ലഭിച്ചു കൊണ്ടിരുന്നു. ഈ ആയുഷ്കാലം ഖിയാമത്ത് നാൾ വരെ ദൈവികവാദികളുടെ സത്യത്തിലേക്ക് തെളിവാണ്. ഈ പാവനമായ കാല യളവിൽ ഏതെങ്കിലും ഒരു ദുർഭഗനായ കള്ളവാദിക്ക് പങ്കുള്ള തായി കരുതുന്ന വനാരോ അവന്റെ മേൽ ദൈവത്തി ന്റെയും മലക്കുകളുടെയും ദൈവത്തി ന്റെ പരിശുദ്ധ ദാസന്മാരുടെയും ആയിരമായിരം ശാപങ്ങളുണ്ടായി രിക്കും. വിശുദ്ധ ഖുർആനിലെ 'വലൗ തഖവ്വല' എന്ന ആയത്ത് അവതരിച്ചിട്ടി ല്ലെന്നും സത്യവാദികൾക്ക് ദിവ്യ വെളിപാടുകൾ ലഭിച്ച് കൊണ്ടിരു ന്നയത്ര ആയുഷ്കാലം കള്ളവാദിക്ക് ലഭ്യമാകില്ലെന്ന് ദൈവത്തിന്റെ പ്രവാച കൻ അരുളിയിട്ടി ല്ലെന്ന് വന്നാലും നബി തിരുമേനി(സ) യുടെ ദൗത്യ കാലമായ 23 കൊല്ലത്തെ ആയുസ്സ് ഒരു കള്ളവാദിക്ക് ലഭിക്കു മെന്നുള്ള നിർമര്യാദയും ധാർഷ്ട്യ പൂർണവുമായ വാക്കുകളുച്ചരിക്കാൻ ഒരു യഥാർഥ മുസൽമാന് തന്റെ പ്രിയപ്പെട്ട നബി(സ) യോട് അവനുള്ള സ്നേഹാതിരേകം ഒരിക്കലും അനുവദി ക്കുകയില്ല. നബി(സ) കള്ളവാദിയാ ണെങ്കിൽ അവിടുത്തേക്ക് അത്രയും നീണ്ടകാലം ജീവിച്ചിരിക്കാൻ കഴിയുക യില്ലെന്ന് ഖുർആൻ വ്യക്തമായി പ്രസ്താവിക്കു കയും തൗറാത്തും ഇതേ സാക്ഷ്യം നൽകുകയും ഇഞ്ചീലും ഇതേ തരത്തിൽ പ്രസ്താവിക്കുകയും ചെയ് തിരിക്കെ ഈ എല്ലാ സത്യസാക്ഷ്യ ങ്ങളെയും എന്നോടുള്ള ശത്രുത നിമി ത്തം നിസ്സാരമായിത്തള്ളുകയും ദൈവ ത്തിന്റെ പരിശുദ്ധ വാക്യത്തെ അഗണ്യ മാക്കുകയും ചെയ്യുന്ന നിങ്ങളുടെ ഇസ്‌ലാം എന്തുമാതിരി ഇസ്‌ലാം ആണ്? നിങ്ങൾ എന്ത് മാതിരി മുലിംകൾ ആണ്! ഓരോ തെളിവുകളുണ്ടായിരിക്കു മ്പോഴും അതിനെ പ്രയോജ നപ്പെടുത്തു ന്നതിനു പകരം നൂറു പ്രാവശ്യം മറുപടി നൽകിക്കഴിഞ്ഞ ആക്ഷേപ ങ്ങൾ തന്നെ പിന്നെയും പിന്നെയും പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്ന നിങ്ങളുടെ ഈമാൻ എന്ത് ഈമാൻ ആണ്? എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ ആക്ഷേപങ്ങൾ എന്നെ മാത്രം ബാധിക്കുന്നവയല്ല. ഇവരുടെ മുഖത്തുനിന്ന് പുറപ്പെടുന്ന സംഗതികൾ ആക്ഷേപമെങ്കിൽ എല്ലാ നബിമാർക്കും അവ ബാധകമായിരിക്കു ന്നതാണ്. എന്നെപ്പറ്റി പറയുന്നതെല്ലാം ഇതിനു മുമ്പും പറയപ്പെട്ടിട്ടുള്ളതാണ്. ഈ ഏർപ്പാട് ദൈവികമായിരുന്നി ല്ലെങ്കിൽ പ്രവചനമനുസരിച്ച് നൂറ്റാണ്ടി ന്റെ ആരംഭത്തിൽ തന്നെ ഇതിനുള്ള അടിസ്ഥാനമിടപ്പെടുമാറായത് എന്ത് കൊണ്ടാണ്?. അഹോ, ഈ ജനം ചിന്തിക്കുന്നില്ല!. ഞാൻ കള്ളവാദിയാ ണെങ്കിൽ സത്യവാദി ഇന്നയാളാണെന്ന് കാണിക്കാൻ ആർക്കും സാധിച്ചില്ലല്ലോ. വാഗ്ദത്ത മഹ്ദി ആഗതനായിട്ടില്ലെങ്കിൽ ആകാ ശത്ത് സൂര്യ ചന്ദ്രന്മാരുടെ അടയാളം കാണിക്കപ്പെട്ടിട്ടുള്ളത് ആർക്കു വേണ്ടിയാണ്. അഹോ ഈ ജനം ആലോചിക്കുന്നില്ല. കഷ്ടം! ഈ വാദം അസമയത്തല്ലെന്ന് ഇവർ ഓർക്കുന്നുമില്ലല്ലോ! ഇസ്‌ലാം അതിന്റെ രണ്ടു കൈയുംനീട്ടി 'ഞാൻ ദ്രോഹിക്കപ്പെട്ടിരിക്കുന്നു; ദൈവികസ ഹായങ്ങൾ എനിക്കു വന്നെത്തേണ്ടുന്ന സമയമായി' എന്ന് വിലപിച്ചു കൊണ്ടിരി ക്കുകയാണ്. പതിനാലം നൂറ്റാണ്ടിൽ തീർച്ചയായും ദൈവികസഹായങ്ങൾ വന്നെത്തുമെന്ന് പതിമൂന്നാം നൂറ്റാണ്ടിൽ തന്നെ ആശിക്കപ്പെട്ടു തുടങ്ങിയിട്ടു ണ്ടായിരുന്നു. ഈനൂറ്റാണ്ടിനേയും കാത്തു കരഞ്ഞു കരഞ്ഞുകൊണ്ട് നിരവധിപേർ മൺ മറഞ്ഞുപോയി. എന്നാൽ ദൈവത്തിൽ നിന്ന് ഒരാൾ വന്നപ്പോൾ അദ്ദേഹം ഇന്നത്തെ മൗലവിമാരുടെ എല്ലാവാക്കു കളെയും ശ്രവിച്ചില്ലെന്ന കാരണത്താൽ മാത്രം ജനങ്ങൾ അദ്ദേഹത്തിന്റെ ശത്രുക്കളാ യിത്തീരുന്നു.

എഡിറ്റോറിയൽ

# ദൈവാസ്തിക്യം വെളിപാടിലൂടെ

മനുഷ്യൻ ദൈവത്തിന് സമർപ്പിക്കുന്ന ഉദാത്തമായതിന്റെയെല്ലാം സമർപ്പണമാണ് ആരാധന. ഭക്തൻ നടത്തുന്ന ആരാധനകൾക്ക് ആരാധ്യനായ ദൈവം പ്രതികരിക്കുന്നില്ലെങ്കിൽ ദൈവത്തെ സംബന്ധിച്ച് എങ്ങനെമനുഷ്യന് ദൃഢബോധ്യം വരും? വിഗ്രഹാരാധനയെ എതിർക്കുന്ന വിശുദ്ധ ഖുർആൻ യുക്തിപൂർവം ഉന്നയിക്കുന്ന ഒരു ന്യായം, ആരാധനാമൂർത്തികൾ മനുഷ്യന്റെ അർഥനകളോട് പ്രതികരിക്കുന്നില്ല അഥവാ സംസാരിക്കുന്നില്ല എന്നാണ്.

'മൂസയുടെ ജനം അദ്ദേഹം (യാത്ര പോയതിന്ന് ശേഷം) തങ്ങളുടെ ആഭരണങ്ങൾ കൊണ്ട് ഒരു കാളക്കുട്ടിയെ (വിഗ്രഹം ) അതായത് നിരർഥക ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ജഡത്തെ ഉണ്ടാക്കിയെടുത്തു. അതവരോട് സംസാരിക്കുന്നില്ലെന്നും അവർക്ക് യാതൊരു മാർഗവും കാണിക്കുന്നില്ലെന്നും അവർ കാണുന്നില്ലേ?(വി.ഖുർആൻ 7:149)

ദൈവം ഉണ്ട് എന്ന് മനുഷ്യസമൂഹത്തെ ബോധ്യപ്പെടുത്തിയത് തത്ത്വജ്ഞാനികളോ ചിന്തകരോ അല്ല. തത്ത്വം, യുക്തി മുതലായ മനുഷ്യനിർമിത ജ്ഞാനങ്ങൾ ദൈവം ഉണ്ട് എന്നതിലേക്ക് യാതൊരു ദൃഢമായ ജ്ഞാനവും നൽകാൻ പര്യാപ്തമല്ല,. വെളിപാടുകൾ മാത്രമാണ് ദൈവത്തെപ്പറ്റി വ്യക്തമായ ജ്ഞാനം പ്രദാനം ചെയ്യുന്നതും അതൊരു അനുഭവ യാഥാർഥ്യമാക്കി മാറ്റുന്നതും. ഭൗതിക മാർഗത്തിൽ ദൈവത്തെ അന്വേഷിക്കുന്ന ഒരു ബുദ്ധിമാന് അദൃശ്യനായ ദൈവത്തെപ്പറ്റി ഒരു പക്ഷേ അനുമാനങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരാൻ പറ്റുമെന്നല്ലാതെ അയാൾക്ക് ഒരിക്കലും ദൈവം വെളിപ്പെടുന്നില്ല. ഇതുസംബന്ധിച്ച് വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ്(അ)പറഞ്ഞ അർഥപൂർണമായ ഉദാഹരണം ഇങ്ങനെയാണ്.

സാക്ഷ അകത്ത് നിന്ന് ബന്ധിച്ച ഒരു വീടിന്റെ കതകിൽ ഒരാൾ കുറെനേരം മുട്ടിയിട്ടും തുറക്കുന്നില്ലെങ്കിൽ അതിനകത്ത് ആരുമില്ല എന്ന നിഗമനത്തിൽ അയാൾ എത്തിച്ചേരുന്നത് സ്വാഭാവികം. അല്ലെങ്കിൽ ഉണ്ടായിരുന്ന ആൾ ഇപ്പോൾ നിലവിലില്ല എന്ന് കരുതാം. അതുമല്ലെങ്കിൽ എന്തോ അജ്ഞാത കാരണത്താൽ സാക്ഷ അകത്തു നിന്ന് വീണു പോയതായിരിക്കാം എന്നും വരാം. ഇങ്ങനെ നാനാവിധത്തിലുള്ള നിഗമനങ്ങളിൽ ഒരാൾക്ക് എത്തിച്ചേരാം. കതകിൽ മുട്ടിയ മറ്റൊരാൾ അകത്ത് നിന്ന് ഒരാളുടെ ശബ്ദം കേൾക്കുന്നുവെങ്കിൽ ആ ശബ്ദം കേട്ടയാളിന് അതിനകത്ത് ഒരാളുണ്ട് എന്ന ദൃഢബോധ്യം വരുകയും അയാളാണ് സാക്ഷ ഇട്ടതെന്ന സത്യം അറിയുകയും ചെയ്യുന്നു. അതുപോലെ തന്നെ അദ്ഭുതകരമായ വൈഭവത്തോടെ ഈ പ്രപഞ്ചം സൃഷ്ടിച്ച ദൈവത്തെ ആത്മീയ മാർഗത്തിൽ അന്വേഷിക്കുന്നയാൾക്ക് ദിവ്യവെളിപാടുകൾ ലഭിക്കുമ്പോൾ ദൈവാസ്തിക്യത്തെ സംബന്ധിച്ച സകല സന്ദേഹങ്ങളും ഇല്ലാതാവുന്നു. ദൈവത്തിൽ നിന്നുള്ള വെളിപാടുകളും ബോധനങ്ങളും ദർശനങ്ങളും ദിവ്യസ്വപ്നങ്ങളുമാണ് ആരാധകന്റെ പ്രഥമ സാക്ഷാൽക്കാരം.

വെളിപാട് മുഖേന ദൈവം മനുഷ്യനോട് സംസാരിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല എന്ന് യാതൊരു പ്രമാണവുമില്ലാതെ ചിലർ വാദിക്കുന്നു. ഇത് 'സംസാരിക്കുന്നവൻ' (മുതകല്ലിം) എന്ന ദൈവത്തിന്റെ ഗുണത്തിന് വിരുദ്ധവും ദൈവനിന്ദയുമാണ്. മനുഷ്യന് ദൈവം വെളിപ്പെടുന്ന പരിശുദ്ധവും സാത്വികവുമായ മാർഗത്തെക്കുറിച്ച് പരിചയമില്ലാത്തവരാണ് വെളിപാടുകളെ നിഷേധിക്കുന്നത് .അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും (ആമലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ടതില്ല, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ് . നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗത്തിൽ) ലഭിക്കും' (വി.ഖുർആൻ 41:31).

# നേരായ മാർഗത്തിൽ മുന്നേറുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(17-06-2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുശുകൂറിൽ (ജർമനി)വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

**ഇ**ക്കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിക്കുവാനുള്ള സൗഭാഗ്യം നൽകി എന്നത് അല്ലാഹു നമ്മോട് കാണിച്ച വലിയ ഔദാര്യമാണ്. ഈ ഔദാര്യത്തെക്കുറിച്ച് ഒരഹ്മദി ഓർക്കുകയാണെങ്കിൽ ജീവിതം മുഴുവനും ഇതിന് അവൻ നന്ദി രേഖപ്പെടുത്തിയാലും മതിയാകുന്നതല്ല. ലോകത്തിലെ മുസ്ലിംകളുടെ ജനസംഖ്യ ഇപ്പോൾ 200 കോടിയിൽ താഴെയാണെന്നാണ് പറയപ്പെടുന്നത്. 14-ാം നൂറ്റാണ്ടിൽ മസീഹും മഹ്ദിയും ആഗതരാകുമെന്ന മുഹമ്മദ് നബി (സ)യുടെ പ്രവചനം എല്ലാവരുടെയും മുമ്പിലുള്ളതാണ്. അന്ധകാര നിബിഢമായ ഒരു കാലഘട്ടത്തിനുശേഷം ഇസ്ലാമിന്റെ പുനർജനനത്തിന്റെ കാലഘട്ടം തുടങ്ങുന്നതാണ്. അതുകൊണ്ട് മഹ്ദി ഇമാം പ്രത്യക്ഷപ്പെടുകയും അടയാളങ്ങളെല്ലാം പുലരുകയും ചെയ്താൽ എന്റെ പ്രിയ പ്രേമിയെ നിങ്ങൾ അംഗീകരിക്കണം എന്ന് നബി (സ) തിരുമേനി കൽപിച്ചു. പ്രത്യേകിച്ച് ഒരേ റമദാൻ മാസത്തിൽ നിശ്ചിത തീയതികളിൽ പ്രത്യക്ഷപ്പെടുന്ന സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിച്ചാൽ. കാരണം ഈ അടയാളം ആകാശഭൂമി ഉണ്ടായതുമുതൽ ഒരു വാദിക്കു വേണ്ടിയും വെളിപ്പെട്ടിട്ടില്ല. വാഗ്ദത്ത മസീഹിനെ വിശ്വസിക്കണം എന്നത് തിരുനബി (സ)യുടെ കല്പനയാണ്. വിശുദ്ധ ഖുർആൻ ഇതിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം തിരിക്കുകയുണ്ടായി. തിരുനബി(സ)പറഞ്ഞത് അദ്ദേഹത്തെ അനറബികളിൽ അന്വേഷിക്കണമെന്നാണ്. മഞ്ഞുമലയിലൂടെ മുട്ടുകുത്തിപ്പോകേണ്ടിവന്നാലും തന്റെ സലാം അദ്ദേഹത്തിന് എത്തിക്കണമെന്ന് പറഞ്ഞു. എപ്പോഴും ഹിദായത്തിൽ നിലനിൽക്കാനും ഹിദായത്തിൽ ചരിക്കാനുമുള്ള പ്രാർഥനയും അല്ലാഹു മുസ്ലിംകൾക്ക് പഠിപ്പിച്ചുകൊടുക്കുകയുണ്ടായി. ഇതെല്ലാമുണ്ടായിട്ടുകൂടി ഇതേവരെ അഞ്ചോ ആറോ ശതമാനം ആളുകൾക്ക് മാത്രമേ കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുള്ളൂ.

മുസ്ലിംകൾ 'നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ' എന്ന പ്രാർഥന തങ്ങളുടെ നമസ്ക്കാരത്തിൽ ഒരു ദിവസം തന്നെ പലവുരു ആവർത്തിച്ച് ചൊല്ലാറുണ്ട്. അല്ലാഹുവിന്റെയും നബി (സ) ന്റെയും പ്രവചനങ്ങൾ എല്ലാവരുടെയും മുമ്പിലുള്ളതുമാണ്. ഇതെല്ലാമായിരുന്നിട്ടുകൂടി മുസ്ലിംകളിൽ ബഹുഭൂരിഭാഗവും കാലഘട്ടത്തിന്റെ ഈ ഇമാമിനെ നിഷേധിക്കുന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. വെറും അംഗീകരിക്കാതിരിക്കുക എന്ന് മാത്രമല്ല, കളവാക്കിത്തള്ളുന്നതിൽ തീവ്രമായ നിലപാട് എടുത്ത് കൊണ്ടിരിക്കുകയാണ്. അല്ലാഹുതആല സദ്പ്രകൃതക്കാരായ അമുസ്ലിംകൾക്കും നിരീശ്വരവാദികൾക്കും മതനിഷേധികൾക്കും ഹിദായത്ത് നൽകിക്കൊണ്ടിരിക്കുന്നു. ഓരോ വർഷവും ആയിരക്കണക്കിന് പേർ ഇവരിൽ നിന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ മുസ്ലിം നാമധാരികളും സ്വാർഥരുമായ മുല്ലാക്കളുടെ പിന്നാലെ നടന്ന് മുസ്ലിംകൾ എന്ന് പറയപ്പെടുന്ന ചിലർ ചില സ്ഥലത്ത് ഇമാമുസ്സമാനിനെ എതിർക്കുന്നതിൽ എല്ലാ അതിർവരമ്പുകളും ലംഘിച്ചിരിക്കുകയാണ്.

അല്ലാഹു മനുഷ്യരാശിക്ക് ഹിദായത്ത് നൽകാൻ വേണ്ടി അയക്കുന്ന തന്റെ വരിഷ്ഠ ദാസനാണ് ഇമാമുസ്സമാൻ. ഇക്കാലത്ത് വിശുദ്ധ ഖുർആന്റെയും നബി(സ)യുടെ പ്രവചനങ്ങളുടെയും അടിസ്ഥാനത്തിൽ കാലഘട്ടത്തിന്റെ ഇമാം നബി (സ)യുടെ പ്രിയ പ്രേമിയായ വാഗ്ദത്ത മസീഹ് തന്നെയാണ്. അദ്ദേഹം ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് അല്ലാഹുവിൽനിന്ന് അവതരിച്ചിട്ടുള്ളതാണ്. ഈ അനുഗ്രഹങ്ങൾ നബി(സ)യുടെ കൃപാകടാക്ഷത്താൽ ഖിയാമത്ത് വരെ നിലനിൽക്കുന്നതാണ്. നബി(സ) യുടെ പ്രവചന പ്രകാരം വാഗ്ദത്ത മസീഹ് മുഖേനയാണ് ഈ അനുഗ്രഹം നിലനിൽക്കുക. ഈ അനുഗ്രഹം ലഭിക്കണമെങ്കിൽ അദ്ദേഹവുമായി ബന്ധപ്പെട്ടു നിൽക്കേ

ണ്ടതാണ്.

കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള തൗഫീഖ് നമുക്ക് അല്ലാഹു നൽകി. ഇത് മാത്രം മതിയാകുന്നതല്ല. നാം തിരുനബി (സ)യുടെ നിർദേശമനുസരിച്ച് ഈ ഇമാമിനെ വിശ്വസിക്കുകയുണ്ടായി. ഇനി നമുക്ക് മുന്നോട്ട് കുതിക്കേണ്ടിയിരിക്കുന്നു. മുമ്പത്തേക്കാളുപരി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എല്ലാ നല്ല കാര്യങ്ങളിലും അനുസരിക്കുന്നതാണെന്ന നമ്മുടെ കരാറിൽ എപ്പോഴും നിലനിൽക്കണം. സ്വിറാത്തെ മുസ്തഖീമിൽ എപ്പോഴും ചരിക്കുന്നവരായി നാം മാറണം. അതേപോലെ 'വലാതമൂത്തുന്ന ഇല്ലാ വഅൻതും മുസ്‌ലിമൂൻ' എന്ന വിശുദ്ധ ഖുർആന്റെ കല്പനയനുസരിച്ച് ജീവിക്കുന്നവരായി മാറണം. പൂർണമായും അനുസരണം പുലർത്തുന്ന അവസ്ഥയിലല്ലാതെ നിങ്ങൾ മരിക്കരുത് എന്നതാണ് അതിന്റെ അർഥം.

അല്ലാഹുവിന്റെ കൃപ മനുഷ്യരിലില്ലെങ്കിൽ ഒരിക്കലും അവന് സമ്പൂർണ അനുസരണം പ്രകടിപ്പിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ കൃപയെ ആകർഷിക്കുന്നതിന്‌വേണ്ടി അല്ലാഹുവിലേക്ക് അവന് തിരിയേണ്ടതായി വരും. അതിലേക്ക് ശ്രദ്ധ ഉണ്ടായിക്കൊണ്ടേയിരിക്കുവാനാണ് അല്ലാഹു ഈ പ്രാർഥന നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത്. ഓരോ നമസ്ക്കാരത്തിലും ഓരോ റകഅത്തിലും നീ ഞങ്ങളെ നേർമാർഗത്തിലേക്ക് നയിക്കേണമേ എന്ന ദുആ ചൊല്ലണം എന്ന് കല്പിക്കുകയുണ്ടായി. ഹിദായത്ത് നൽകുന്നവൻ അല്ലാഹുവാണ്. നാം ആത്മപരിശോധന നടത്തിക്കൊണ്ട് അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ നിലനിറുത്തിക്കൊണ്ട് സൻമാർഗത്തിൽ നിലനിറുത്തേണമേ എന്ന ദുആ സ്ഥിരമായി ചെയ്തുകൊണ്ടേ പോകുക. ഇതില്ലാതെ മനുഷ്യന് മറ്റൊരു സേവക ഭാവത്തിലും കാണാത്ത തരത്തിലുള്ള ബന്ധം സ്ഥാപിക്കുക എന്നത് വളരെ പ്രയാസംതന്നെ. പൂർണമായ അനുസരണം പ്രകടിപ്പിച്ചുകൊണ്ടുള്ള ബന്ധം സ്ഥാപിക്കണമെങ്കിൽ അല്ലാഹുവിന്റെ സഹായം അനിവാര്യമാണ്. അതുകൊണ്ട് ഹിദായത്ത് ചോദിക്കേണ്ടതും സഹായം തേടേണ്ടതും അല്ലാഹുവിനോടാണ്.

അതിനാൽ കാലഘട്ടത്തിന്റെ ഇമാമിനോട് ചെയ്ത ബൈഅത്തിന്റെ ഉടമ്പടി യഥാർഥത്തിൽ നിറവേറ്റാൻ ആഗ്രഹിക്കുന്നവരാണെങ്കിൽ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്നതിന്റെ പൊരുൾ കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ച് ഗഹനമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു പ്രത്യേക ആവേശത്തോടെ ഈ ദുആ ഇരക്കുകയും ചെയ്യേണ്ടതായുണ്ട്. നാം കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചു, എല്ലാം തികഞ്ഞു എന്ന് ധരിച്ചുവെക്കരുത്. അതോടൊപ്പം മസീഹ് മൗഊദ് (അ) സ്ഥാപിച്ചിരിക്കുന്ന നിസാമുമായും നാം ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇത് അൽ വസിയത്ത് എന്ന ഗ്രന്ഥത്തിൽ അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ഖിലാഫത്തിന്റെ നിസാമാണ്. മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്ന ഒരു വ്യക്തി, അദ്ദേഹത്തിന് ശേഷം വരുന്ന ഖുദ്റത്തിനെ നിഷേധിക്കുകയാണെങ്കിൽ, എല്ലാ നല്ല കാര്യങ്ങളിലും അനുസരണം പുലർത്തും എന്നതിനെ അവഗണിക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദി(അ) നോട് മറ്റു സേവകഭാവങ്ങളിൽ കാണാത്ത സാഹോദര്യബന്ധം മുറിക്കുന്നവനായിത്തീരുന്നതാണ്. വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ടുകൊണ്ട് ജീവിക്കുന്നതുമൂലം ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളിൽ നിന്നും ആ വ്യക്തി അകറ്റപ്പെടുകയും ചെയ്യുന്നതാണ്.

എപ്പോഴും ഹിദായത്തിന്റെ മാർഗം അന്വേഷിച്ചുകൊണ്ട് ഇതിൽ സ്ഥിരചിത്തത ലഭിക്കാനായി പ്രാർഥിക്കുക എന്നത് തന്നെയാണ് ഒരു വിശ്വാസിയുടെ അന്തസ്സ്. ആത്മീയതയുടെ ഉത്തുംഗശ്രേണിയിൽ എത്താത്ത ഒരു സാധാരണക്കാരന് എപ്പോഴും ശൈത്താനുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കേണ്ടിവരും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നന്മകൾ ചെയ്തുകൊണ്ടിരുന്നിട്ടും ശൈത്താൻ അവനെ വഴിതെറ്റിക്കാനായി അവന്റെ പിന്നിൽ കൂടുന്നു. മസീഹ് മൗഊദ് (അ)നെ അംഗീകരിച്ചിട്ടുകൂടി, ഖിലാഫത്തിനോട് കൂറ് പുലർത്തിയിട്ടും സാമ്പത്തിക കാര്യങ്ങളിൽ പങ്കാളികളായിരുന്നിട്ടും ജമാഅത്തീ സേവനങ്ങൾ ചെയ്തു കൊണ്ടിരുന്നിട്ടും വഖാറെ അമലിൽ പങ്കാളികളായിരുന്നിട്ടും പലരും എന്നോട് നേരിട്ട് പറഞ്ഞ കാര്യം തങ്ങൾ നമസ്ക്കാരത്തിൽ അലസരാണെന്നാണ്. നമസ്ക്കാരം എന്നത് മനുഷ്യ സൃഷ്ടിപ്പിന്റെ തന്നെ കാതലായ വശമാണ്. അതിൽ അലസതയുണ്ടെങ്കിൽ അത് പതുക്കെപ്പതുക്കെ മറ്റു നന്മകളെയും കയ്യൊഴിപ്പിക്കുന്നതാണ്. ചിലർ പല നന്മകളും ചെയ്യുന്നവരായിരിക്കും. നമസ്ക്കാരവുമനുഷ്ടിക്കും. എന്നാൽ അവർ തങ്ങളുടെ വീട്ടിൽ തന്റെ ഭാര്യയോട് നല്ല രീതിയിൽ പെരുമാറുന്നുണ്ടാവില്ല. ഹിദായത്തിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിക്കുന്നവരാണ് ഇവരും. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന് അവർ ദുആ ചെയ്യുന്നുണ്ടാകും. എന്നാൽ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നവരല്ല. കാരണം നബി (സ) അരുളിയിട്ടുണ്ട്: "നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ കുടുംബത്തോട് ഉത്തമ രീതിയിൽ വർത്തിക്കുന്നവനാണ്.'' അതുകൊണ്ട് ഹിദായത്തിന്റെ മാർഗം അന്വേഷിക്കുന്നവർ ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിച്ചുകൊണ്ട്, ഒരു വിശ്വാസിക്ക് തിരുനബി(സ)യോടുള്ള സ്നേഹം മുൻനിർത്തിക്കൊണ്ട് അല്ലാഹുവും അല്ലാഹുവിന്റെ റസൂലും നമ്മെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന എല്ലാ മാർഗങ്ങളും അവലംബിക്കാൻ ശ്രമിക്കുന്നതായിരിക്കും. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന് നാം ദുആ ചെയ്യുമ്പോൾ തിരുനബി (സ)സമർപ്പിച്ച ലക്ഷ്യവും പവിത്ര മാതൃകയും നമ്മുടെ മുമ്പിൽ ഉണ്ടാകേണ്ടതാണ്. അവ നബി(സ)യിൽ നിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ സഹാബത്ത് നമ്മുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് അനുഗ്രഹത്തിന് പാത്രമായവരുടെ മാതൃക കാണിച്ചുതരികയുണ്ടായി. ആ പ്രവർത്തനങ്ങൾ ഇക്കാലത്ത് വാക്കിലും പ്രവർത്തിയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മുടെ മുമ്പാകെ പ്രദർശിപ്പിച്ചുകൊണ്ട് അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് പോകേണ്ട വഴികൾ നമുക്ക് കാണിച്ചുതരികയുണ്ടായി. ഈ മാതൃക സ്വായത്തമാക്കിക്കൊണ്ട് മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കൾ തങ്ങളുടെ ജീവിതത്തിൽ പവിത്രമായ മാറ്റം വരുത്തി ആത്മീയതയുടെ ഉന്നത പദവി കരസ്ഥമാക്കുകയുണ്ടായി.

മസീഹ് മൗഊദ് (അ) തന്റെ സഹാബാക്കളോടും ഭാര്യമാരോടും വീട്ടുകാരോടും ഏതുരീതിയിലാണ് പെരുമാറാൻ ഉപദേശിച്ചിരുന്നത് എന്ന് നമുക്ക് നോക്കാം. ഒരിക്കൽ ഒരു സഹാബി മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ വന്നുകൊണ്ട് പറഞ്ഞു. "എന്റെ ഭാര്യ ഇത്രയും കാലം അവളുടെ വീട്ടിൽ താമസിച്ചതിനു ശേഷം ഇപ്പോഴാണ് വന്നത്. ഇനി ഞാൻ അവളുടെ വീട്ടിലേക്ക് പോകാൻ അനുവാദം നൽകില്ല എന്ന് തീരുമാനിച്ചിരിക്കുന്നു.'' മസീഹ് മൗഊദ്(അ) ന് ഈ വാക്കുകൾ കേട്ട് വല്ലാത്ത മനഃപ്രയാസമായി, മുഖം ചുവ



ലോകത്ത് കോടിക്കണക്കിന് മുസ്‌ലിംകളുണ്ട്. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന അവർ ചൊല്ലുന്നുണ്ട്. തത്ത ഉരുവിടുന്നതുപോലെ ഉരുവിടുന്നതു കൊണ്ട് നമസ്‌ക്കാരത്തിന് ശേഷം ഫിത്നയും ഫസാദും ചെയ്യുന്നതിലേക്കാണ് അവരുടെ ശ്രദ്ധ പോകുന്നത്. ജമാഅത്തിനെതിരിൽ അവരുടെ വായിൽ നിന്ന് അസഭ്യങ്ങൾ മാത്രമാണ് പുറപ്പെടുന്നത്. മസ്ജിദുകളിൽ നിന്നുകൊണ്ട് അസഭ്യം പുലമ്പുന്നു. അതുമല്ലെങ്കിൽ പരസ്പരമുള്ള ഫിത്നകളിൽ അവർ അകപ്പെട്ടിരിക്കുകയാണ്. അവരുടെ ഈ പ്രവർത്തനമാണോ ഇവർക്ക് പഠിപ്പിച്ചുകൊടുത്ത സ്വിറാത്തൽ മുസ്‌തഖീം എന്ന മാർഗം.

ന്നു. എന്നിട്ട് പറഞ്ഞു. "എന്റെ സദസ്സിൽ നിന്ന് എഴുന്നേറ്റ് പോകുക. ഈ സദസ്സിനെ ഈ വാക്കുകൾ അശുദ്ധമാക്കുകയാണ്." വളരെ ശക്തിയിൽ പ്രതികരിച്ചതു കണ്ടപ്പോൾ ആ സഹാബി മാപ്പു ചോദിച്ചു. മറ്റൊരു സഹാബി അവിടെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹവും തന്റെ ഭാര്യയോട് നല്ല രീതിയിലല്ല വർത്തിച്ചിരുന്നത്. അദ്ദേഹം ഈ രംഗം കണ്ടപ്പോൾ അവിടെ നിന്ന് എഴുന്നേറ്റ് അങ്ങാടിയിൽ പോയി ഭാര്യക്ക് വേണ്ടി കുറച്ച് സാധനങ്ങളെല്ലാം വാങ്ങി വീട്ടിൽ കൊണ്ടുപോയി കൊടുത്തു. എന്നിട്ട് പറഞ്ഞു:''ഇത് നിനക്കുള്ള സമ്മാനമാണ്."വളരെ സ്നേഹത്തോടെ സംസാരിക്കുകയും ചെയ്തു. ഇത്കണ്ട് ഭാര്യ അന്തംവിട്ട് നിന്നു. ഇന്ന് എന്റെ ഭർത്താവിന് എന്ത് പറ്റി.? ഇത്ര വലിയ വിപ്ലവം അദ്ദേഹത്തിൽ എങ്ങനെയുണ്ടായി. അവൾ ധൈര്യപ്പെട്ടുകൊണ്ട് ചോദിച്ചു."നിങ്ങൾക്കെന്തു പറ്റി?"അദ്ദേഹം പറഞ്ഞു. മസീഹ് മൗഊദ്(അ)ന്റെ സദസ്സിൽ ഭാര്യയോട് മോശമായി പെരുമാറിയതിനെക്കുറിച്ച് പറയപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കോപവും അനിഷ്ടവും ഞാൻ കണ്ടിരിക്കുന്നു. ഞാൻ ഇതു വരെ നിന്നോട് ചെയ്ത തെറ്റുകൾ അല്ലാഹു പൊറുത്തുതരട്ടെ. നീയും എനിക്ക് പൊറുത്തു തരിക. ഇനി ഞാൻ നല്ല രീതിയിൽ വർത്തിക്കുന്നതാണ്.

യഥാർഥത്തിൽ ഈ മാറ്റങ്ങളാണ് ഹിദായത്തിന്റെ മാർഗത്തിലേക്ക് നമ്മെ കൊണ്ടുപോകുന്നത്. വീടുകളിൽ നിന്ന് തുടങ്ങി നമ്മുടെ ചുറ്റുപാടും അത് വ്യാപിക്കുന്നു. അങ്ങനെ അത് ലോകത്ത് വ്യാപിക്കുന്നു. ഈ രീതിയിലുള്ള പരിവർത്തനം ഉണ്ടാക്കുമെന്ന ഉടമ്പടിയാണ് ബൈഅത്തിലൂടെ ഒരഹ്മദി ഹദ്റത്ത് മസീഹ് മൗഊദ്(അ)മുമായി ചെയ്തിരിക്കുന്നത്. അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴികൾ ഇതുമുഖേനയാണ് തുറക്കപ്പെടുക. അല്ലാഹു അയച്ച ഒരാളെ അംഗീകരിക്കുകയോ നിസാമുമായി തങ്ങളെ ബന്ധിക്കുകയോ മാത്രമല്ല ഹിദായത്ത്, മറിച്ച് തങ്ങളുടെ ജീവിതത്തെ അതിന്റെ അദ്ധ്യാപനമനുസരിച്ച് ക്രമപ്പെടുത്തുകയും അതിനായി തങ്ങളെ സമർപ്പിക്കുകയും ചെയ്യുക എന്നതുമാണ്.

ഒരു യഥാർഥ വിശ്വാസി എന്ന് പറഞ്ഞാൽ കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തന്റെ നന്മയുടെ നിലവാരത്തെ ഉയർത്തുവാൻ നിരന്തരമായി പരിശ്രമിക്കുന്നവനായിരിക്കും. തന്റെ വിശ്വാസത്തിൽ വർദ്ധനവ് വരുത്താൻ വേണ്ടി എപ്പോഴും അവൻ പരിശ്രമിക്കുന്നതാണ്. അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിക്കുക. 'അല്ലാഹുവേ ഏതൊരു സ്വിറാത്തെ മുസ്‌തഖീമിൽ നീ എന്നെ നിലനിറുത്തിയോ ഇതിൽ പുരോഗതിയിലേക്ക് പദമൂന്നാൻ എന്നെ നീ സഹായിക്കേണമേ. തഖ്‌വയിൽ മുന്നേറാൻ എപ്പോഴും പരിശ്രമിക്കുന്നവനായി എന്നെ മാറ്റേണമേ.' തഖ്‌വയിൽ മുന്നേറുന്നവൻ ദൈവ ഭയത്താൽ എപ്പോഴും വിറകൊള്ളുന്നവനായിരിക്കും. ആരുടെ ഹൃദയത്തിലാണോ അല്ലാഹുവിനോടുള്ള ഭയം അങ്കുരിക്കുന്നത് അവൻ സ്രഷ്ടാവിനോടുള്ള കടമാ പാലനത്തിന് പരിശ്രമിക്കുകയും അതിനായി പ്രാർഥിക്കുകയും ചെയ്യുന്നതാണ്. അതേപോലെ സൃഷ്ടികളോടുള്ള കടമാപാലനത്തിന് പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിനോട് സ്വിറാത്തെ മുസ്‌തഖീമിൽ നിലനിറുത്തേണമേ എന്ന് പ്രാർഥിക്കുന്ന ഒരോരുത്തരും ദീനീ സേവന രംഗത്തും നിത്യവും മുന്നേറുന്നവരായിരിക്കും. നിസ്വാർഥമായി ദീനിസേവനം ചെയ്യുന്നവരായിരിക്കും. അതുകൊണ്ട് ഒരു യഥാർഥ വിശ്വാസി സ്വയം സാത്വികനും പരിശുദ്ധനുമാണെന്ന് ധരിക്കുന്നവനെപ്പോലെയാകരുത്. താൻ വലിയ സ്ഥാനത്ത് എത്തിക്കഴിഞ്ഞെന്ന് ധരിക്കുന്നവൻ തനിക്ക് സ്ഥായിയായ സ്ഥാനം കരഗതമായിരിക്കുന്നു എന്ന തെറ്റിദ്ധാരണയിലാണ്. അവർക്ക് ലഭിച്ച സ്ഥാനം സുരക്ഷിതമാണെന്ന് അവർ കരുതുന്നു. മനുഷ്യർക്ക് ഇങ്ങനെ ഒരു ചിന്ത തന്നെ എപ്പോഴെങ്കിലും വന്നാൽ അവർ എത്ര തന്നെ സാത്വികരായാലും ശരി അവർ ആത്മീയമായി നാശമടഞ്ഞവരാണെന്ന് മനസ്സിലാക്കുക. ശൈത്താന്റെ പിടിയിലാണ് അവർ അമർന്നതെന്ന് മനസ്സിലാക്കുക. അതുകൊണ്ട് എപ്പോഴും തങ്ങളുടെ ആത്മപരിശോധന നടത്തുകയും അടുത്ത പദവിയിലേക്ക് ഗമിക്കുകയും ചെയ്യുക എന്നതാണ് ഒരു വിശ്വാസിയുടെ കടമ. ലഭിക്കേണ്ട സ്ഥാനം ലഭിച്ചിരിക്കുന്നു എന്ന് മനക്കണക്ക് കൂട്ടുന്നവർ, ജമാഅത്തിന് വേണ്ടി അല്പം സേവനം ചെയ്തുകൊണ്ട് അതിൽ അഹങ്കരിക്കുകയാണെങ്കിൽ, ജമാഅത്തിന് ചെയ്ത സേവനങ്ങളും തന്റെ ആരാധനകളും മതിയായതാണെന്ന് കരുതി സൃഷ്ടിസേവനത്തിൽ നിന്ന് മുഖംതിരിക്കുകയാണെങ്കിൽ ഈ വ്യക്തി ഏതെങ്കിലും ഉയർന്ന സ്ഥാനത്ത് ശരിക്കും എത്തിയിട്ടുണ്ടെങ്കിൽ പോലും മുകളിൽ പറഞ്ഞ ചിന്ത കാരണം ഇദ്ദേഹത്തിൽ നിന്ന് ആ സ്ഥാനമെല്ലാം ഇല്ലാതെയായിത്തീരുന്നതാണ്. അതുകൊണ്ട് യഥാർഥ വിശ്വാസി ഇന്ന് ചെയ്യുന്ന സൽപ്രവർത്തനങ്ങളെക്കുറിച്ച് മാത്രമല്ല ചിന്തിക്കുക. തന്റെ പര്യവസാനം ഏതു രീതി

യിലായിരിക്കും എന്നുകൂടി ചിന്തിക്കുന്നതാണ്. പര്യവസാനം നന്നായിത്തീരുന്നതിന് അവൻ പ്രാർഥിച്ചുകൊണ്ടിരിക്കും.

നബി(സ)യെക്കാളും കൂടുതൽ വിശുദ്ധീകരിക്കുന്ന ശക്തി മറ്റാർക്കും ഈ ലോകത്ത് ഉണ്ടാകുന്നതല്ല. നബി(സ)യുടെ വഹ്‌യ് എഴുതുന്ന ആൾ തിരുനബി(സ)യുടെ സാമീപ്യം കരസ്ഥമാക്കിയ വ്യക്തിയായിരുന്നു. വഹ്‌യ് എഴുതാൻ തിരുനബി (സ)എപ്പോഴും അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. ഈ സ്ഥാനം വ്യക്തമാക്കുന്നത് തിരുനബി(സ)ക്ക് അദ്ദേഹത്തിൽ വിശ്വാസമുണ്ടായിരുന്നു എന്നാണ്. അബ്ദുല്ലാഹിബ്നു ഉബയ്യ് എന്ന വഹ്‌യ് എഴുതുന്ന വ്യക്തിയെക്കുറിച്ച് വലിയ ആദരവ് മറ്റുള്ളവരുടെ മനസ്സിലും തീർച്ചയായും ഉണ്ടായിരുന്നു. കാരണം ഇദ്ദേഹം തിരുനബി(സ)യുടെ വഹ്‌യ് എഴുതുന്ന ആളാണ്. എന്നാൽ ആ വ്യക്തിയുടെ പര്യവസാനം എന്തായി. അയാൾക്ക് മാർഗഭ്രംശം സംഭവിക്കുകയും തനിക്ക് ലഭിച്ച സ്ഥാനത്ത് നിന്ന് നിഷ്കാസിതനാവുകയും ചെയ്തു. ഇതേപോലെ മസീഹ് മൗഊദ്(അ)ന്റെ കാലത്ത് അദ്ദേഹത്തോടുള്ള സ്നേഹത്തിൽ വളരെയധികം മുൻകടന്നവരുണ്ടായിരുന്നു. എന്നാൽ അവരുടെ ദൗർഭാഗ്യം അവരെ വഴികേടിലാക്കിയപ്പോൾ അവർക്ക് മാർഗഭ്രംശം സംഭവിക്കുകയും വാഗ്ദത്ത മസീഹിന്റെ കൊടിയ ശത്രുക്കളിൽ ഉൾപ്പെടുകയും ചെയ്തു. ആ മഹാത്മാവിനെതിരിൽ തരം താണതും നീചവുമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരുമായി മാറി. നിത്യവും പുതിയ പുതിയ ആക്ഷേപങ്ങൾ അവർ ഉന്നയിച്ചു കൊണ്ടിരുന്നു. അതിനാൽ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന പര്യവസാനം നന്നാക്കുന്നതിനായി അനിവാര്യമാണ്. ഇതിനെക്കുറിച്ച് ചിന്തിക്കുകയും ഇത് ചൊല്ലുകയും ചെയ്യുക.

മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു."മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും സ്വിറാത്തൽ മുസ്തഖീമിൽ ചരിക്കുക എന്നതും അത് തേടലുമാണ്. അത് അവതരിച്ചിരിക്കുന്നത് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന വാക്കുകളിലാണ്. അല്ലാഹുവേ നീ ഞങ്ങൾക്ക് നേരായ മാർഗം കാട്ടിത്തരേണമേ. നിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗം. ഈ പ്രാർഥന എല്ലാ സമയത്തെ നമസ്ക്കാരത്തിലും എല്ലാ റകഅത്തിലും ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഇതിന്റെ അടിക്കടിയുള്ള ആവർത്തനം തന്നെ ഇതിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നതാണ്. നമ്മുടെ ജമാഅത്ത് ഓർമവെക്കുക. ഇത് നിസ്സാരമായ കാര്യമല്ല. തത്തയെപ്പോലെ ഈ വാക്കുകൾ നാവുകൊണ്ട് ഉരുവിടുക എന്നതല്ല യഥാർഥ ലക്ഷ്യം. ഇത് മനുഷ്യനെ പരിപൂർണ മനുഷ്യനാക്കാനുള്ള ഉത്തമ മരുന്നും ഒരിക്കലും പിഴച്ചു പോകാത്ത കുറിപ്പടിയുമാണ്. അതിനെ എപ്പോഴും കൺമുമ്പിൽ വെക്കേണ്ടതാണ്. എപ്പോഴും മന്ത്രം പോലെ ജപിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

ഈ ദുആ മുഖേന സൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ കഴിയുന്നതോടൊപ്പം മനുഷ്യന്റെ കഴിവുകളെ പരിപോഷിപ്പിക്കാനും സാധിക്കുന്നതാണ്. മസീഹ് മൗഊദ് (അ) പറയുന്നു. "ചുരുക്കത്തിൽ ഓരോ മനുഷ്യന്റെയും യഥാർഥ ലക്ഷ്യം അല്ലാഹു അനുഗ്രഹിച്ചവരിലുള്ള ശ്രേഷ്ഠതകളും സ്വിറാത്തൽ മുസ്തഖീം എന്നതിൽ അല്ലാഹു സൂചന നൽകിയ കഴിവുകളും കരസ്ഥമാക്കുക എന്നതാണ്. നമ്മുടെ ജമാഅത്തിലുള്ളവർ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് തിരുനബി(സ) ഉണ്ടാക്കിയതുപോലുള്ള ഒരു ജമാഅത്തിനെ വാർത്തെടുക്കുക എന്നതാണ്. ഈ അവസാന കാലത്ത് വിശുദ്ധ ഖുർആന്റെയും തിരുനബി(സ) യുടെയും സത്യത്തിന്റെയും മഹത്വത്തിന്റെയും സാക്ഷികളായി ഈ ജമാഅത്ത് മാറുന്നതിനായാണ്. ജമാഅത്തിൽ ഉൾപ്പെടാൻ കഴിയുക എന്നത് വലിയ സ്ഥാനമാണെങ്കിലും ഓരോ വ്യക്തിയിലും ഇത് വലിയ ഉത്തരവാദിത്വമാണ് അർപ്പിക്കുന്നത്. വിശുദ്ധ ഖുർആന്റെയും നബി(സ)യുടെയും സത്യത്തിന്റെയും മഹത്വത്തിന്റെയും സാക്ഷികളായി ഓരോ അഹ്മദിയും മാറേണ്ടതാണ്. ഓരോ അഹ്മദിയും വിശുദ്ധ ഖുർആന്റെയും തിരുനബി (സ)യുടേയും സത്യത്തിന്റെ സാക്ഷികളായിത്തീരുന്നത് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന ചെയ്തുകൊണ്ട് പുരോഗതിയുടെ പടവുകൾ കയറുമ്പോഴാണ്. അനുഗ്രഹിക്കപ്പെട്ടവരുടെ പദവി കരസ്ഥമാക്കിക്കൊണ്ടിരിക്കുമ്പോഴാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനത്തെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുമ്പോഴാണ്. തിരുനബി(സ)യുടെ മാതൃകയനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോഴാണ്. അതിനാൽ ഈ സ്ഥാനം കരസ്ഥമാക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. നാം ഇതിനായി പരിശ്രമിക്കുമ്പോൾ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്നത് ശരിക്കും ഗ്രഹിക്കുന്നവരായി നാം മാറുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനലക്ഷ്യം പൂർത്തിയാക്കുന്നവരായി നാം മാറുന്നതാണ്. അല്ലെങ്കിൽ മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ ഈ പ്രാർഥനയും തത്ത ഉരുവിടുന്നതു പോലെ വെറും ശബ്ദങ്ങളായി അവശേഷിക്കുന്നതാണ്.

ഹദ്റത്തമസീഹ് മൗഊദ് (അ)പറയുന്നു."അല്ലാഹുവുമായുള്ള ബന്ധത്തിൽ അല്പമെങ്കിലും മായം കലർത്തിയിട്ടുണ്ടെങ്കിൽ തിരിച്ചും അതേ പ്രതികരണം ഉണ്ടാകുന്നതാണ്. (അല്ലാഹു മായം ചേർക്കുമെന്നല്ല പറഞ്ഞത്. നിങ്ങൾ മായം ചേർത്തുകൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിച്ചാൽ നിങ്ങളുടെ പ്രവർത്തനത്തിന് പ്രതിഫലം ലഭിക്കില്ല. അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്.) എന്നാൽ അല്ലാഹുവുമായുള്ള ഇടപാട് ശരിയാക്കുകയും അല്ലാഹുവുമായുള്ള ബന്ധത്തിൽ ന്യൂനതകളൊന്നും ഇല്ലെന്നും കണ്ടാൽ അല്ലാഹു അവരോട് ഈ വ്യത്യാസം കൽപ്പിക്കുന്നതല്ല. മനുഷ്യന്റെ ഹൃദയം സ്വയം അവന് ഒരു കണ്ണാടിയാണ്. ഇതിൽ അവന് സർവതും ദർശിക്കാൻ സാധിക്കുന്നതാണ്. ദുഃഖത്തിൽ നിന്ന് രക്ഷ പ്രാപിക്കാനുള്ള യഥാർഥ വഴി ശരിയാം വണ്ണം തന്റെ തെറ്റുകുറ്റങ്ങൾ പൊറുത്തു തരാൻ വേണ്ടി അർഥിക്കുക എന്നതാണ്. ആത്മാർഥതയും കൂറും കാണിക്കുകയും ചെയ്യുക. നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ബൈഅത്തിന്റെ ഈ മാർഗത്തെ മറ്റെല്ലാ മാർഗത്തെക്കാളും മുൻഗണന നൽകുക. കാരണം ഇതിനെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതായിരിക്കും."എപ്പോഴും ആത്മ പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ലോകത്ത് കോടിക്കണക്കിന് മുസ്‌ലിംകളുണ്ട്. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന അവർ ചൊല്ലുന്നുണ്ട്. തത്ത ഉരുവിടുന്നതു പോലെ ഉരുവിടുന്നതുകൊണ്ട് നമസ്ക്കാരത്തിന് ശേഷം ഫിത്നയും ഫസാദും ചെയ്യുന്നതിലേക്കാണ് അവരുടെ ശ്രദ്ധ പോകുന്നത്. ജമാഅത്തിനെതിരിൽ അവരുടെ വായിൽ നിന്ന് അസഭ്യങ്ങൾ മാത്രമാണ് പുറപ്പെടുന്നത്. മസ്ജിദുകളിൽ നിന്നുകൊണ്ട് അസഭ്യം പുലമ്പുന്നു. അതുമല്ലെങ്കിൽ പരസ്പരമുള്ള ഫിത്നകളിൽ അവർ അകപ്പെട്ടിരിക്കുകയാണ്. അവരുടെ ഈ പ്രവർത്ത

നമാണോ ഇവർക്ക് പഠിപ്പിച്ചുകൊടുത്ത സ്വിറാത്തൽ മുസ്തഖീം എന്ന മാർഗം. അല്ലേയല്ല. നമ്മുടെ മുമ്പിലുള്ള സ്വിറാത്തെ മുസ്തഖീം എന്ന മാർഗം മൃഗ സ്വഭാവത്തിൽ നിന്ന് കരകയറ്റി മനുഷ്യനാക്കിത്തീർക്കുന്നതും വിദ്യാസമ്പന്നനായ മനുഷ്യനെ ദൈവിക മനുഷ്യനാക്കിത്തീർക്കുന്നതുമാണ്. ഈ മാതൃക നമ്മുടെ മുമ്പാകെ ഏതോ കഥയുടെ രൂപത്തിലല്ല ഉള്ളത്. നാം ഇവിടെ വന്ന് കുറച്ച് കഥ കേട്ട് എല്ലാം ആയി എന്ന അർഥത്തിലല്ല. ഈ മാതൃകകളെല്ലാം പ്രാവർത്തികമാക്കാൻ പ്രേരണ ലഭിക്കുന്നതിന് വേണ്ടിയാണ്. ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ഇക്കാലത്ത് നമ്മോട് ബൈഅത്ത് വാങ്ങിയിരിക്കുന്നത്. ഈ ഒരു വികാരത്തെ നിലനിറുത്തിക്കൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമേ ബൈഅത്തിന്റെ മാർഗത്തെ മുന്തിക്കാൻ കഴിയുകയുള്ളൂ. അതല്ലാതെ നാം കോടിക്കണക്കിന് തവണ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന ആവർത്തിച്ചു എന്നത്കൊണ്ട് അല്ലാഹു തൃപ്തനാകുകയില്ല. ഇതിനുവേണ്ടിയുള്ള പ്രവർത്തനവും അല്ലാഹുവിനോട് സ്വിറാത്തെ മുസ്തഖീമിൽ നിലനിർത്താനും അത് ലഭിക്കാനും ചെയ്യുന്ന ഹൃദയാന്തരാളങ്ങളിൽ നിന്ന് നിർഗമിക്കുന്ന പ്രാർഥനകളും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് കാരണമായിത്തീരുന്നതാണ്. അതല്ലാതെ മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. നിങ്ങളുടെ വാദത്തിനെതിരായിരിക്കും നിങ്ങളുടെ പ്രവർത്തനം. അതിനാൽ ഓരോ പ്രാർഥനയോടൊപ്പവും പരിശ്രമവും സദുദ്ദേശ്യവും നിർബന്ധമാണ്.

ഒരു മുഅ്മിന്റെ സ്ഥാനപദവിയെക്കുറിച്ച് മസീഹ് മൗഊദ് (അ) പറയുന്നു: ഒരാളുടെ പക്കൽ യഥാർഥ നന്മയുടെ ശേഖരം ഇല്ലെങ്കിൽ അവൻ മുഅ്മിനല്ല. അതുകൊണ്ടാണ് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന ദുആ സൂറാ ഫാതിഹായിൽ അല്ലാഹു പഠിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ കളവ്, വ്യഭിചാരം പോലുള്ള വലിയ വലിയ പാപങ്ങൾ ഉപേക്ഷിക്കുക എന്നത് മാത്രം നന്മയായി പരിഗണിക്കരുത്. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ എന്നതിൽ പറഞ്ഞ അനുഗ്രഹം പ്രത്യേക വസ്തുവാണെന്നും അത് കരസ്ഥമാക്കാത്തിടത്തോളം കാലം നന്മയുള്ളവനെന്നും സാത്വികനെന്നും പറയപ്പെടാൻ പറ്റില്ല എന്നും മനസ്സിലാക്കുക. നോക്കുക, എന്നെ നീ ദുർനടപ്പുകാരിലും തെമ്മാടികളിലും ഉൾപ്പെടുത്തരുതേ എന്ന ദുആയല്ല പഠിപ്പിച്ചത്. മറിച്ച് അനുഗ്രഹം ലഭിച്ചവരിൽ ഉൾപ്പെടുത്തേണമേ എന്ന് പറയാനാണ് പറഞ്ഞത്. അതുകൊണ്ട് ഒന്നുരണ്ട് നന്മകൾ ചെയ്താൽ പോരാ, യഥാർഥ വിശ്വാസിക്ക് നന്മകളുടെ ഒരു ശേഖരം തന്നെ അവനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. നന്മയുടെ ഈ ശേഖരം അല്ലാഹുവിന്റെയും സൃഷ്ടികളുടെയും കടപ്പാടുകൾ നിർവഹിക്കുന്നതിലൂടെയും വിശുദ്ധ ഖുർആന്റെ കല്പനകൾ നിറവേറ്റുന്നതിലൂടെയുമാണ് ലഭിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു."ഓർക്കുക. പരിശുദ്ധിയുടെയും നന്മയുടെയും അടിവേര് അല്ലാഹുവിലുള്ള വിശ്വാസമാണ്. അല്ലാഹുവിലുള്ള വിശ്വാസം ബലഹീനമാകുന്നതനുസരിച്ച് സദ്പ്രവർത്തനങ്ങളിലും ബലഹീനതയും അലസതയും ഉണ്ടാകുന്നതാണ്. വിശ്വാസം സുദൃഢമാകുകയും അല്ലാഹുവിനെ സർവഗുണങ്ങളാലും ദൃഢമായി വിശ്വസിക്കുകയും ചെയ്യുകയാണെങ്കിൽ അദ്ഭുതകരമായ മാറ്റം മനുഷ്യന്റെ പ്രവർത്തനത്തിൽ ദൃശ്യമാകാൻ കഴിയുന്നതാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നവന് തിന്മ ചെയ്യാൻ സാധിക്കുന്നതല്ല. കാരണം ഈ വിശ്വാസം അവന്റെ ദേഹേച്ഛകളായ ശക്തിയേയും തിന്മ ചെയ്യുന്ന അവയവങ്ങളുടെ ഞരമ്പുകളേയും മുറിച്ചുകളയുന്നു. നോക്കുക, ആരുടെയെങ്കിലും കണ്ണ് ചൂഴ്ന്നെടുത്താൽ അയാൾക്ക് ദുർനോട്ടം ചെയ്യാൻ സാധിക്കുമോ? കണ്ണുകൊണ്ടുള്ള തിന്മ അവനെങ്ങനെ ചെയ്യാൻ സാധിക്കും.? ഇതേപോലെ കൈ മുറിച്ചു കളഞ്ഞാൽ, ലൈംഗിക ശക്തി മുറിച്ചു കളഞ്ഞാൽ ഈ അവയവങ്ങളുമായി ബന്ധപ്പെട്ട തിന്മകൾ അവന് എങ്ങനെ ചെയ്യാൻ സാധിക്കും? ഇതേപോലെ ഒരു മനുഷ്യൻ **മുത്മഇന്ന** എന്ന അവസ്ഥ പ്രാപിച്ചുകഴിഞ്ഞാൽ **നഫ്സെ മുത്മഇന്ന** അവനെ അന്ധനാക്കുന്നതാണ്. അവന്റെ കണ്ണുകളിൽ പാപം ചെയ്യാനുള്ള ശക്തി അവശേഷിക്കുകയില്ല. അവന് കാഴ്ചയുണ്ടെങ്കിലും കാണുന്നില്ല. കാരണം കണ്ണുകൊണ്ടുള്ള തിന്മയുടെ ആ ശക്തി എടുത്തു മാറ്റപ്പെട്ടിരിക്കുകയാണ്. അവന് ചെവിയുണ്ടെങ്കിലും ബധിരനായിരിക്കും. തിന്മയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവന് കേൾക്കാൻ കഴിയില്ല. ഇതേപോലെ അവന്റെ ദേഹേച്ഛകളും വികാരങ്ങളും ആന്തരിക ശക്തികളും എല്ലാം മുറിച്ച് മാറ്റപ്പെടുന്നു. തിന്മ പ്രത്യക്ഷപ്പെടാൻ സാധ്യതയുണ്ടായിരുന്ന സർവ അവയവങ്ങൾക്കും ഒരു മരണം സംഭവിക്കുന്നു. അങ്ങനെ അവൻ ഒരു മയ്യത്തിനെപ്പോലെ ആയിത്തീരുന്നു. അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ചായിരിക്കും അവൻ പ്രവർത്തിക്കുക. അവനില്ലാതെ ഒരടിപോലും വെക്കാൻ അവന് സാധ്യമല്ല. അല്ലാഹുവിൽ യഥാർഥ വിശ്വാസമുണ്ടാകുമ്പോഴുള്ള അവസ്ഥയാണിത്. ഇതിന്റെ ഫലമായി പരിപൂർണ സംതൃപ്തി അവന് ലഭ്യമാകുന്നു. മനുഷ്യന്റെ യഥാർഥ ലക്ഷ്യം ഈ സ്ഥാനം കരസ്ഥമാക്കുക എന്നതായിരിക്കണം."

പറയുന്നു:"നമ്മുടെ ജമാഅത്തിന് ഇതിന്റെ ആവശ്യമാണുള്ളത്. പരിപൂർണ സംതൃപ്തി കൈവരിക്കാൻ പരിപൂർണ വിശ്വാസം അനിവാര്യമാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്തിന്റെ പ്രഥമമായ ഉത്തരവാദിത്വം, അല്ലാഹുവിൽ യഥാർഥ വിശ്വാസം അവർ കരസ്ഥമാക്കുക എന്നതാണ്. വിശ്വസിച്ചാൽ മാത്രം പോരാ. വിശ്വാസത്തിന്റെ ഈ നിലവാരം നാം കരസ്ഥമാക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ കാണാൻ ആഗ്രഹിക്കുന്ന ഉന്നതസ്ഥാനമാണിത്. നമുക്ക് നമ്മുടെ ജീവിതത്തിൽ പരിശുദ്ധമായ മാറ്റം വരുത്തിക്കൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവുമായുള്ള ബന്ധത്തിൽ മുന്നേറുന്നവരായി നാം മാറട്ടെ. അല്ലാഹു ഏതൊരു ഹിദായത്തിലാണോ നമ്മെ നിലനിറുത്തിയിരിക്കുന്നത് ഏതൊരു അനുഗ്രഹമാണോ അവൻ നമ്മോട് ചെയ്തിരിക്കുന്നത് ആ അനുഗ്രഹത്തിനും പാരിതോഷികത്തിനും നന്ദി പ്രകടിപ്പിക്കുന്നവരായി, അല്ലാഹുവിന്റെ കല്പനകളിൽ മുന്നേറുന്നവരായി നാം മാറട്ടെ. നമ്മുടെ മക്കളിൽ അഹ്മദിയ്യത്തിന്റെ അനുഗ്രഹത്തെ നിലനിർത്തുന്നതിനു വേണ്ടി നാം നമ്മുടെ പ്രയത്നത്തിലും ദുആയിലും ഒരിക്കലും അലസരാകാതിരിക്കട്ടെ. ഭൗതിക സുഖാഡംബരങ്ങളുള്ള ഈ നാടുകൾ നമ്മെ നമ്മുടെ ലക്ഷ്യത്തിൽ നിന്നും അകറ്റുന്നവരാക്കാതിരിക്കട്ടെ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

വി.വ. മൗലവി എം. നാസിർ അഹ്മദ്

# രക്ഷകൻ എത്തുമ്പോൾ

അവസാനകാലത്ത് ആവിർഭവിക്കുമെന്ന് മതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട രക്ഷകൻ ഓരോ മതങ്ങൾക്കുമായി വരുമോ? അതല്ല എല്ലാ മതങ്ങൾക്കുമായി ഒരാളായിരിക്കുമോ വരിക?

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)**

മൃഗങ്ങൾ, തങ്ങൾക്ക് ജീവിതം എന്തൊന്നാണോ വാഗ്ദാനം ചെയ്യുന്നത് തദനുസൃതമായി അവ ദൈനംദിന ജീവിതം നയിക്കുന്നു. അവ ഒരിക്കലും തന്നെ തങ്ങളുടെ ഭൂതകാലം തിരിഞ്ഞുനോക്കുകയോ ഭാവിയെക്കുറിച്ച് സ്വപ്നം കാണുകയോ ചെയ്യാറില്ല. മനുഷ്യൻ മൃഗലോകത്ത് നിന്ന് വേറിട്ടു നിൽക്കുന്നു. അവൻ തന്റെ വർത്തമാന കാലത്തെക്കുറിച്ച് വളരെ അപൂർവമായി മാത്രമേ തൃപ്തിപ്പെടുകയുള്ളൂ. ഒരു പക്ഷേ അവൻ ഭൂതകാല സ്മരണകളിൽ ആഴ്ന്നിറങ്ങുകയോ അല്ലെങ്കിൽ വരാനിരിക്കുന്ന നല്ല നാളുകളുടെ പ്രതീക്ഷയിൽ നിലനിൽക്കുകയോ ചെയ്യും. അത്തരം പ്രതീക്ഷകൾ പൊതുവെ അവന്റെ സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ ഭാവിയെ സംബന്ധിക്കുന്നതായിരിക്കും. നാമിപ്പോൾ മനുഷ്യന്റെ മതപരമായ പ്രതീക്ഷയിലേക്കാണ് കണ്ണയക്കുന്നത്.

എല്ലാ മുഖ്യ മതങ്ങളും മനുഷ്യരാശിയെ ഒരു ദൈവിക പതാകയുടെ കീഴിൽ അണിനിരത്തിക്കൊണ്ട് ഒരു പുതിയ യുഗത്തെ സംബന്ധിച്ച് പ്രതീക്ഷകൾ ഉദ്ഘോഷിക്കുന്നു. അവയെല്ലാം തന്നെ ഒരു ദിവ്യ പുരുഷനെ വാഗ്ദാനം ചെയ്യുന്നു. ഈ മതങ്ങളെല്ലാം തന്നെ ഒരിക്കൽ എത്തിച്ചേരാനും ഭരിക്കാനും ആജ്ഞ പുറപ്പെടുവിപ്പിക്കാനും ആഗ്രഹിക്കുന്ന വാഗ്ദത്ത ഭൂമിയാണിത്. ഇതാണ് സർവ മതങ്ങളുടേയും പ്രതീക്ഷകൾ സംഗമിക്കുന്ന ഉട്ടോപ്യ(സ്വപ്നഭൂമി). കഷ്ടമെന്നു പറയട്ടെ, ഇവിടെ തന്നെയാണ് അവർ വഴിപിരിയുന്നതും. അതുകൊണ്ട്തന്നെ അവരുടെ സാങ്കൽപിക സ്വപ്നങ്ങൾ മാത്രമാണ് പങ്ക്‌വെക്കപ്പെടുന്നത്. അവയുടെ യാഥാർഥ്യമല്ല. ഒരു ദിവ്യ പരിഷ്ക്കർത്താവ് മനുഷ്യ രാശിയുടെ രക്ഷക്കായി ആവിർഭവിക്കുമെന്ന് ഈ മതങ്ങളെല്ലാം തന്നെ ഏകകണ്ഠമായി വിശ്വസിക്കുന്നു. പക്ഷേ അദ്ദേഹത്തെ തിരിച്ചറിയുന്ന കാര്യത്തിലേക്ക് വരുമ്പോൾ അവർ പരസ്പരം വിയോജിക്കുന്നു. വരാനിരിക്കുന്ന ആ ദിവ്യാത്മാവ് ഭഗവാൻ കൃഷ്ണനോ? യേശുക്രിസ്തുവോ? സൊറോസ്റ്ററോ? ബുദ്ധനോ? കൺഫ്യൂഷ്യസോ? ലാവോത്സുവോ? എന്നതാണ് പ്രശ്നം. ഓരോരുത്തരും വിവിധ നാമങ്ങളിലും അഭിധാനങ്ങളിലും വ്യത്യസ്ത വ്യക്തികളെയാണ് പ്രതീക്ഷിക്കുന്നത്. അവരോരുത്തരും താന്താങ്ങളുടെ മതസമൂഹത്തിലാണ് വരികയെന്നും പ്രതീക്ഷിക്കുന്നു. ഇവിടെയാണ് ഒരു രക്ഷകന് വേണ്ടി തുറന്നിട്ട വാതായനങ്ങൾ വീണ്ടും അടയുന്നതായി നാം കാണുന്നത്. തങ്ങളുടെ മതം മാത്രമാണ് ശരി മറ്റുള്ളതെല്ലാം വ്യാജമാണ് എന്ന് കരുതുന്നവരാണ് മറ്റു മതങ്ങളുടെ വാതായനങ്ങൾ അടഞ്ഞതായി കാണുന്നത്. രക്ഷകന് വരാനായി തുറന്നിട്ടിരിക്കുന്ന ഒരേയൊരു വാതിൽ അവരുടെ വാതിൽ മാത്രമാണ്. പക്ഷേ, മറ്റുള്ളവരുടെ ദൃഷ്ടിയിൽ ആ വാതിലാകട്ടെ അടഞ്ഞതായാണ് കാണുന്നത്. വിശ്വവിമോചകനായ ഒരു രക്ഷകന്റെ ആഗമനം ഒത്തു ചേർന്ന് സംഘഗാനം പാടിയവരെല്ലാം അദ്ദേഹത്തെ സംബന്ധിച്ച തിരിച്ചറിവിലേക്ക് വരുമ്പോൾ വ്യത്യസ്തമായ വിഭാഗീയ ഗാനങ്ങൾ ആലപിക്കാൻ തുടങ്ങുന്നു. അവരുടെ സ്വപ്നങ്ങളിലുള്ള ആ വ്യക്തി തന്നെ അവതരിച്ച് ആ സ്വപ്നം യാഥാർഥ്യമാക്കണം. അല്ലെങ്കിൽ അവർ മറ്റൊന്നിലും തന്നെ വിശ്വസിക്കുകയില്ല. കഷ്ടം! ഒടുവിൽ പറഞ്ഞതാണ് അവർ സ്വയം തന്നെ അവർക്കായി തിരഞ്ഞെടുത്ത വിധി. ദൈവം തിരഞ്ഞെടുത്തയച്ച ഒരാളെ സംബന്ധിച്ച് ശ്രദ്ധിക്കാത്തവരുടെ ഇഷ്ടം ദൈവം എന്തിന് ശ്രദ്ധിക്കണം? അവർ അവരുടെ വന്യമായ അയുക്തിക പ്രതീക്ഷകളിൽനിന്ന് സ്വയം അവരുടെ രക്ഷകനെ സൃഷ്ടിക്കട്ടെ.

ആഗോള വ്യാപകമായ ഈ വിവാദം വീക്ഷിക്കുമ്പോൾ വളരെ സങ്കീർണമായ ഒന്നായാണ് കാണുന്നത്. വാദങ്ങളും പ്രതിവാദങ്ങളുമുയർത്തുന്ന പൊടിപടലങ്ങൾ അടങ്ങിയതിന്ശേഷം വിവിധ മതവക്താക്കൾ തമ്മിലുണ്ടാക്കുന്ന കരാർ കൂടുതൽ ശക്തമായരീതിയിൽ വിയോജിപ്പ് തുടരുക എന്നത് മാത്രമാണ്. വരാനിരിക്കുന്ന പരിഷ്ക്കർത്താവ് അവരുടെ വിശ്വാസത്തിൽ നിന്നുള്ളയാളും അവരുടെ മതമുദ്രയുള്ളയാളുമായിരിക്കണം. മറ്റാരെയും അവർ സ്വീകരിക്കാറില്ല. അത്തരം മതവക്താക്കളുടെ വാക്കുകൾ വ്യർഥമാണ്. അവരുടെ പ്രതീക്ഷകൾ നിഷ്ഫലവുമാണ്. അവരുടെ രക്ഷകൻ അവരുടെ സ്വപ്നങ്ങളിൽ മാത്രം വസിക്കുന്നയാളാണ്.

രക്ഷകൻ വന്നാൽ എല്ലാ മതസ്ഥരുടേയും പ്രതീക്ഷകളെ അദ്ദേഹം നിറവേറ്റുമോ? അതല്ല അവരിലൊരു കൂട്ടരുടെ മാത്രം പ്രതീക്ഷകളാണോ നിവർത്തിക്കുക? *അവൻ ഞങ്ങളുടേതാണ്, അവൻ ഞങ്ങളുടേതാണ്* എന്ന് പ്രതീക്ഷാപൂർവം അവരെല്ലാവരും ഒത്ത് ചേർന്ന് ആലപിക്കുമ്പോൾ വാസ്തവത്തിൽ വന്നയാൾ ആരുടെ കൂട്ടത്തിലാണ് പോകേണ്ടത്?. ആരുടെ അഭിലാഷങ്ങളാണ് അദ്ദേഹം സാക്ഷാത്ക്കരിക്കുക? അവസാനം ഉദ്ഭവിക്കുന്ന ചോദ്യമിതാണ്, വരാനിരിക്കുന്ന വാഗ്ദത്ത രക്ഷകൻ ഒരാളാണോ അതല്ല ഒരേസമയം നിരവധി പേർ വരുമോ? ദൈവത്തിന് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വൈരുദ്ധ്യമൊന്നുമില്ല. ആയതിനാൽ അവൻ ഒരു സന്ദേശവുമായി ഒരാളെ അയക്കും. അല്ലെങ്കിൽ ആരെയും അയക്കില്ല. രക്ഷകൻ വന്നാൽ, അത്തരമൊരു സന്ദർഭത്തിൽ രക്ഷകനെ സംബന്ധിച്ച് പരസ്പരം വിഭിന്നങ്ങളായ വീക്ഷണങ്ങൾ പുലർത്തി തമ്മിൽ തല്ലിക്കഴിയുന്ന വിവിധങ്ങളായ മതവിഭാഗങ്ങൾക്ക് എന്താണ് സംഭവിക്കുക. മതവിഭാഗങ്ങൾക്കിടയിലെ സമീപനങ്ങളിൽ അന്തർഭവിച്ചി

രിക്കുന്ന പരസ്പര വൈരുദ്ധ്യങ്ങൾ നമുക്ക് നോക്കാം.


വിവിധ മതവിഭാഗങ്ങൾ വിഭാവനം ചെയ്യുന്ന രീതിയിൽ അവരുടെ പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കപ്പെടുക അസാധ്യമായ കാര്യമാണ്. ഉദാഹരണത്തിന് ജൂതജനതയുടെ രക്ഷകനെക്കുറിച്ചുള്ള സങ്കൽപമെടുക്കുക. ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച് ദീർഘകാലം തീവ്രാഭിലാഷം വെച്ചു പുലർത്തിയവരായിരുന്നു അവർ. ആയിരക്കണക്കിന് വർഷങ്ങളായി വിലപിക്കുന്ന ഭിത്തിയിൽ തലയിട്ടടിച്ചു കൊണ്ട് ക്രിസ്തു വരുവാൻ അവർ വിലപിക്കുന്നു. ഇപ്പോഴും അത് തുടരുകയും ചെയ്യുന്നു. വാഗ്ദത്ത മിശിഹായായ യേശു വന്നതും പോയതും അവർ ഒരിക്കലും പൂർത്തീകരിക്കപ്പെട്ടതായി അംഗീകരിക്കുന്നില്ല. കാരണം അവർ



പ്രതീക്ഷിച്ച രീതിയിലും ശൈലിയിലുമല്ലായിരുന്നു അദ്ദേഹം വന്നത്. വരാനിരിക്കുന്ന ദിവ്യ പുരുഷന് വേണ്ടി തുറന്നിട്ടിരിക്കുന്നു എന്ന് കരുതുന്ന വാതിൽ പ്രായോഗികമായി അവർ അടച്ചു പൂട്ടി ബന്ധിച്ചിരിക്കുകയാണ്. വളരെയേറെ പ്രതീക്ഷാപൂർവം കാത്തിരിക്കുന്ന അതിഥി അദ്ദേഹത്തിന് മാർഗ തടസ്സമൊന്നുമില്ലെന്നിരിക്കെ വരാതിരിക്കുന്നു എന്നത് എത്രമാത്രം നിരാശാജനകമായിരിക്കും. വാസ്തവത്തിൽ ദൈവത്തിൽ നിന്ന് വരേണ്ട അതിഥിയെ കാത്തിരിക്കുന്നവർ തന്നെയാണ് ആ വരവിനെ തടസ്സപ്പെടുത്തുന്ന ദുഷ്ക്കരമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിന് ഉത്തരവാദികൾ. പക്ഷേ, തങ്ങൾ ചെയ്യുന്നതെന്താണ് എന്നതിനെപ്പറ്റി അവരിൽ പലരും ബോധവാൻമാരല്ല. അവരുടെ പ്രതീക്ഷകൾ നിറവേറ്റപ്പെടാൻ സാധ്യമല്ല എന്ന് അവർ മനസ്സിലാക്കപ്പെടുമ്പോൾ ചുരുങ്ങിയത് അവർക്ക് ഒരു തരത്തിലുള്ള സമാധാനത്തിൽ വിശ്രാന്തി കൊള്ളാവുന്നതാണ്. ആ സമാധാനം അവരുടെ നിരാശയെ തുടർന്നുണ്ടായ സമാധാനമായിരിക്കും. മാർഗതടസ്സങ്ങൾ എന്തൊക്കെയാണെന്ന് അവർ തിരിച്ചറിയുമെങ്കിൽ ആ തടസ്സങ്ങൾ അവരുടെ പ്രതീക്ഷകളെ കൈയൊഴിയാൻ സഹായിക്കുകയും പ്രത്യാശകളുടെ പ്രകാശ നാളത്തെ കെടുത്തിക്കളയുകയും ചെയ്യും. ചിലയാളുകൾ അവരുടെ നിലയെ സംബന്ധിച്ച് സ്വയം വിസ്മൃതരാവുകയാണെങ്കിൽ അവരുടെ പ്രതീക്ഷകൾ നിഷ്ഫലമാവുന്നതിന്റെ കുറ്റക്കാർ അവർ തന്നെയായിരിക്കും. യഹൂദ ജനതയുടെ ഉദാഹരണം നോക്കൂ. യേശുവിന്റെ വരവ് ഇപ്പോഴും കാത്തിരിക്കുന്ന അവർക്ക് ഇക്കാര്യം തീരെ മനസ്സിലാവുന്നില്ല. മസീഹിന്റെ വരവിനെ സംബന്ധിച്ച് അറിവുണ്ടെങ്കിലും ഈ ലളിതവും തീക്ഷ്ണവുമായ സത്യം അവർ ഗ്രഹിക്കുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ഒരിക്കലും വരാത്ത മസീഹിന്റെ വരവിന് വേണ്ടിയുള്ള നിലവിളി, വിലാപ മതിലിന്റെ കൽച്ചുമരുകളിലെ വിലാപവും കരച്ചിലുമല്ലാതെ മറ്റൊന്നുമല്ല. അവർക്ക് ഇനി യാരും തന്നെ ഒരിക്കലും വരാനില്ല.

ഒരേ സമയം വിവരത്തിന്റെയും വിവരക്കേടിന്റെയും ഈ അസ്വാരസ്യത്തിൽ കഴിയുന്നവർ അവർ മാത്രമല്ല. ഒരു ആത്യന്തിക വിമോചകനെ കാത്തിരിക്കുന്ന മറ്റെല്ലാ മതസ്ഥരുടെ അവസ്ഥയും അവരിൽ നിന്ന് വിഭിന്നമല്ല. അഭിനേതാക്കൾ തീർച്ചയായും വ്യത്യസ്തരാണ്. വിഭിന്നങ്ങളായ വേഷപ്പകർച്ചകളിൽ അവർ അഭിനയിക്കുന്ന രംഗങ്ങളും വ്യത്യസ്തമാണ്. പക്ഷേ, നാടകം ഒന്നുതന്നെയാണ്. ജൂതജനതയെ സഹായിക്കാനായി ഒരു ക്രിസ്തു വരേണ്ടതുണ്ട്. എന്നാൽ അദ്ദേഹം വന്നു. പക്ഷേ, വന്ന ക്രിസ്തു അവർ വരുമെന്ന് പ്രതീക്ഷിച്ചിരുന്ന ക്രിസ്തുവല്ലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ തിരിച്ചറിയുന്നതിൽ അവർ പരാജിതരായി. രാജകീയ സിംഹാസനത്തിൽ ആസനസ്ഥനായി ശിരസ്സിൽ ഒരു കിരീടവും ധരിച്ച് അദ്ദേഹം സമാഗതനാകുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്. അദ്ദേഹം യോദ്ധാവായ ഒരു മസീഹായിരിക്കുമെന്ന് അവർ കരുതി. റോമൻ സാമ്രാജ്യത്തിന്റെ സ്വേച്ഛാഭരണത്തിനെതിരെ വിജയകരമായി ഇസ്രായേൽ സൈന്യത്തെ നയിക്കുമെന്ന് അവർ വിശ്വസിച്ചു. മസീഹ് നിഷേധത്തിന്റെ രണ്ടായിരം വർഷം അവരിൽ കടന്നുപോയി. എങ്കിലും അവരുടെ പ്രതീക്ഷയിലുള്ള മസീഹ് ഇതുവരെ വന്നുചേർന്നിട്ടില്ല. ചരിത്രം ലോകത്തിന്റെ രാഷ്ട്രീയ ഭൂപടത്തെ മാറ്റി എഴുതിക്കഴിഞ്ഞു. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ എല്ലാ പ്രസക്തിയും നഷ്ടപ്പെടുകയും ചെയ്തു. റോമൻ സ്വേച്ഛാധിപത്യഭരണത്തിനു കീഴിലെ ജൂദിയായും പലസ്തീനും ഇന്നില്ല. അവിടെയായിരുന്നല്ലോ മോചിപ്പിക്കേണ്ട യഹൂദ ജനത കഴിഞ്ഞിരുന്നത്. യഥാർഥത്തിൽ ഒരു കാലത്ത് ലോകത്തിന്റെ പകുതി ഭാഗം ഭരിച്ചിരുന്ന റോമാ സാമ്രാജ്യം ലോക ഭൂപടത്തിൽ നിന്നുതന്നെ അപ്രത്യക്ഷമായി. എന്നിട്ടും നാമിപ്പോഴും മോചനത്തെപറ്റി കേൾക്കുന്നു. എന്നാൽ, ആ മോചനം ജൂതന്മാരിൽ നിന്നുള്ള മോചനമാണ്. ജൂതൻമാരുടെ മോചനമല്ല.

ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച് അവർക്കുണ്ടായിരുന്ന വിശ്വാസത്തിൽ യാതൊരു തെറ്റുമില്ലായിരുന്നു. മറ്റേതൊരു മനുഷ്യ ശിശുവിനേയും പോലെ മനുഷ്യ മാതാവിന് ക്രിസ്തു ജനിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. പക്ഷേ, സാക്ഷാത്ക്കരിക്കാൻ സാധ്യമല്ലാത്ത ചില പ്രകൃത്യാതീതമായ മുന്നുപാധികൾ അവർ തങ്ങളുടെ വിശ്വാസത്തോട് കൂട്ടിച്ചേർത്തു. മസീഹ് വരുന്നതിന് മുമ്പേ എലിയാ പ്രവാചകൻ(അ) ആകാശത്ത്നിന്ന് സ്ഥൂല ശരീരത്തോടെ ഇറങ്ങി വരണമെന്ന് അവർ വിശ്വസിച്ചു. ഈ വിശ്വാസമാണ് അവർ കാത്തുകൊണ്ടിരുന്ന മസീഹിന്റെ മാർഗത്തിൽ വ്യക്തമായ തടസ്സമുണ്ടാക്കിയത്. ജൂതജനതയുടെ ഈ നിലപാട് വാസ്തവത്തിൽ മസീഹിന്റെ ആഗമനത്തെ നിഷേധിക്കുന്നതിലേക്ക് അവരെ നയിച്ചു. ■



# സൃഷ്ടിയുടെ ഉദ്ദേശ്യം

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.

**മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശ്യത്തെപ്പറ്റി വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ലേഖകൻ വിശദീകരിക്കുന്നു.**

**സാ**ക്ഷാൽ ദൈവം ഈ ലോകത്തെയും സകല ചരാചരങ്ങളെയും സൃഷ്ടിച്ചതിന്റെ വാസ്തവമായ ഉദ്ദേശ്യമെന്തെന്ന് ആ സ്രഷ്ടാവ്തന്നെ വെളിപ്പെടുത്തിത്തന്നാലല്ലാതെ മനുഷ്യർക്ക് സ്വന്തമായി മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. ശാസ്ത്രവിജ്ഞാനത്തിൽ വളരെ അഭിവൃദ്ധി സിദ്ധിച്ചിരിക്കുന്ന ഇക്കാലത്തുകൂടി മനുഷ്യർക്ക് ഈ പ്രപഞ്ചത്തിന്റെ ഉദ്ഭവത്തെക്കുറിച്ചും ജഡവസ്തുക്കളുടെ ഗുണങ്ങളെക്കുറിച്ചും പൂർണമായ അറിവു ലഭിച്ചിട്ടില്ലാത്ത സ്ഥിതിക്ക് പ്രപഞ്ചത്തിന്റെ നിർമാണോദ്ദേശ്യമെന്തന്ന് സ്വന്തമായി നിർണയിക്കുവാൻ സാധിക്കുന്നത് എങ്ങനെ? ശാസ്ത്രജ്ഞന്മാർ ലോകത്തിന്റെ ഉദ്ഭവത്തെ സംബന്ധിച്ച പര്യവേക്ഷണത്തിൽ, അന്ധകാരത്തിൽ കിടക്കുന്ന സാധനങ്ങളെ തപ്പിപ്പിടിക്കുവാൻ ശ്രമിക്കുന്നമാതിരി പണിപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിക്ക് ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിയുദ്ദേശ്യമെന്തെന്ന് മനുഷ്യർക്ക് സ്വന്തമായി മനസ്സിലാക്കുവാൻ സാധിക്കുമെന്ന് വിചാരിക്കുന്നത് അബദ്ധമാണ്. നിരീശ്വരവാദികൾ പറയുന്നപ്രകാരം ഈ പ്രപഞ്ചം താനെ ഉണ്ടായതാണെന്നും ഇതിനെയെല്ലാം ക്രമത്തിൽ നടത്തിക്കൊണ്ടുപോകുന്ന ഒരു നിയാമകനും സൃഷ്ടികർത്താവും ഇല്ലെന്നും വിചാരിക്കുകയാണെങ്കിൽ ഈ പ്രപഞ്ചസൃഷ്ടിക്ക് ഒരുദ്ദേശ്യമുണ്ടായിരിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല. എന്തെന്നാൽ സൃഷ്ടികർത്താവില്ലെന്നു വരുമ്പോൾ ഈ പ്രപഞ്ചസകലവും യാദൃച്ഛികമായി ഉണ്ടായിട്ടുള്ളതും ഉദ്ദേശ്യരഹിതമായി നടന്നുകൊണ്ടിരിക്കുന്നതുമായ ഒരു വിളയാട്ട് മാത്രമേ ആയിരിക്കയുള്ളൂ. പ്രപഞ്ചം താനെ ഉണ്ടായതല്ലെന്നും അതിനെ സൃഷ്ടിച്ചു പരിപൂർണ വ്യവസ്ഥയോടുകൂടി നടത്തിക്കൊണ്ടു പോവുന്ന ഒരു കർത്താവും നിയാമകനും ഉണ്ടെന്നും വിശ്വസിക്കുകയാണെങ്കിൽ സൃഷ്ടിയുദ്ദേശ്യം എന്താണെന്നു ആ സ്രഷ്ടാവിൽനിന്നു തന്നെ അറിയേണ്ടിയിരിക്കുന്നു. നമ്മെ സൃഷ്ടിച്ചതിന് ഒരു പ്രത്യേക ഉദ്ദേശ്യമില്ലെന്നും ക്ഷണഭംഗുരമായ ഐഹികജീവിതത്തോടുകൂടി നാമില്ലാതായിത്തീരുന്നുവെന്നും വിചാരിക്കുകയാണെങ്കിൽ മനുഷ്യർക്ക് ഈ ലോകത്തിൽ മൃഗങ്ങളെക്കാളും ഉപരിയായ ഒരു സ്ഥാനമുണ്ടെന്നു പറയുന്നത് അബദ്ധമായിരിക്കും. തന്നെയുമല്ല അല്പകാലത്തെ സുഖമനുഭവിച്ചു ഒടുങ്ങിപ്പോകുന്ന വിഷയത്തിൽ മൃഗങ്ങൾക്ക് മനുഷ്യരേക്കാൾ മെച്ചം കൂടുമെന്നും പറയേണ്ടിവരുന്നതാണ്. ഇങ്ങനെ വിവേകബുദ്ധിയോടും ഔന്നത്യബോധത്തോടും സത്യാന്വേഷണതൃഷ്ണയോടും ലോകത്തെ സ്വാധീനത്തിൽ വരുത്തുവാനുള്ള സാമർത്ഥ്യ വിശേഷത്തോടും കൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ ജീവിതത്തിന് മൃഗങ്ങളുടെ ജീവിതത്തേക്കാൾ ഉന്നതമായിട്ടുള്ള യാതൊരുദ്ദേശ്യവും ഇല്ലെന്ന് വിചാരിക്കുന്നത് മനുഷ്യത്വത്തിന്റപേരിൽ ആരോപിക്കപ്പെടുന്ന ഭീമമായ ഒരു അപരാധമായിരിക്കും. അപ്പോൾ മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം ക്ഷണഭംഗുരമായ ഐഹിക സുഖസമ്പാദനം മാത്രമായിരിക്കുന്ന ഒരുദ്ദേശ്യമായിരിക്കേണ്ടതാണ്. അതു സ്വസ്രഷ്ടാവിനെ അറിയുകയും അനന്തമായ ആനന്ദത്തെ അനുഭവിക്കുകയും ചെയ്യുവാൻ പരിശ്രമിക്കുക എന്നതാകുന്നു. ഇസ്‌ലാം മതത്തിന്റെ മൂലാധാരമായ വിശുദ്ധഖുർആൻ എത്രയും ചുരുങ്ങിയ വാക്കുകളിൽ ഈ ഉദ്ദേശ്യത്തെ വെളിവാക്കിയിട്ടുണ്ട്.

ദൈവം പറയുന്നത് ജിന്നിനെയും ഇൻസിനെയും എന്റെ സേവനത്തിനായിട്ടല്ലാതെ ഞാനയച്ചിട്ടില്ല എന്നാണ് (വി.ഖുർആൻ 51 : 56).

ഈ വാക്യത്തിൽ നിന്ന് മനസ്സിലാകുന്നത് യജമാനന്റെ ഗുണവിശേഷങ്ങളെ മനസ്സിലാക്കി ആ ഗുണങ്ങളെ തങ്ങളിൽ പ്രതിഫലിപ്പിക്കാൻ ഉൽസാഹിച്ചുകൊണ്ടിരിക്കുക എന്നത് സേവകന്മാരുടെ ധർമമായിരിക്കുന്നതുപോലെ മനുഷ്യരുടെ ധർമം സ്രഷ്ടാവിന്റെ ഗുണമഹിമകളെ അറിഞ്ഞ് അവനെ ആരാധിക്കുകയും അവന്റെ ഗുണങ്ങളെ കഴിയുന്നതും തങ്ങളുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യേണ്ടതാണെന്നാകുന്നു. "നിങ്ങൾ ദൈവത്തിന്റെ ഗുണങ്ങളെ നിങ്ങളിൽ ഉണ്ടാക്കിത്തീർക്കുവിൻ'' എന്നു ഇസ്‌ലാംമത സ്ഥാപകരായ നബിതിരുമേനി (സ) ഉപദേശിച്ചതിന്റെ താൽപര്യവും മേൽ ഖുർആൻവാക്യം കൊണ്ടു മനസ്സിലാകുന്ന പ്രകാരം ധാർമിക ജീവിതം നയിക്കുകയും ദൈവേച്ഛകൾക്കു വഴിപ്പെട്ടു നടക്കുകയും ചെയ്യേണമെന്നതു തന്നെയാണ്. ചുരുക്കത്തിൽ മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യം സ്രഷ്ടാവിനെ അറിഞ്ഞു അവന്റെ സാമീപ്യത്തെയും അനുഗ്രഹത്തെയും സമ്പാദിക്കുന്നതി

നായിട്ട് അവനെ സേവിച്ചുകൊണ്ടിരിക്കുക എന്നുള്ളതാകുന്നു. ആ സർവവല്ലഭനെ അറിഞ്ഞ് അവന്റെ ഇഷ്ടം പ്രവർത്തിച്ച് അവന്റെ അനുഗ്രഹദാനങ്ങൾക്ക് പാത്രമായിത്തീരാനുള്ള കഴിവ് മനുഷ്യർക്ക് മാത്രമുള്ളതായതുകൊണ്ട് അവർ ദൈവത്തിന്റെ പ്രതിനിധികളെന്നു പറയപ്പെടുന്നു. ദൈവം ആദമിനെ തന്റെ രൂപത്തിൽ സൃഷ്ടിച്ചുവെന്ന് ക്രിസ്തീയ വേദപുസ്തകവും നബിതിരുമേനി (സ)യും പറഞ്ഞുകാണുന്നതിന്റെ ആന്തരാർഥവും ഇത് തന്നെയാണ്. ചുരുക്കിപ്പറയുന്നതാകയാൽ മനുഷ്യരെ ദൈവം സൃഷ്ടിച്ചത് മനുഷ്യർക്കായിട്ടും അത്രേ. സൃഷ്ടികളിൽ വെച്ച് ശ്രേഷ്ഠസ്ഥാനത്തെ അർഹിക്കുന്നതും വിശേഷബുദ്ധിയോടുകൂടിയതുമായ മനുഷ്യർക്കധീനമായി വർത്തിക്കുന്നതും അവരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ ഇതര വസ്തുക്കളുടെ സൃഷ്ടിയുദ്ദേശ്യം മനുഷ്യരുടെ സൃഷ്ടിയുദ്ദേശ്യത്തിന് കീഴിലായും അതിന് ഒരാസ്പദമായും മാത്രമെ ആയിരിക്കയുള്ളു. ഇതരവസ്തുക്കൾ മനുഷ്യർക്കായിട്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നവയാണെന്നത് അവയുടെ മേൽ അവർക്കുള്ള അധികാരശക്തി കൊണ്ടുതന്നെ മനസ്സിലാക്കിതരുന്നുണ്ട്. ഇക്കാര്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് ഇപ്രകാരമാണ്:

"അവൻ നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ള സകലതിനെയും സൃഷ്ടിച്ചിരിക്കുന്നു"(2:29) "ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിക്കുകയും മേഘത്തിൽ നിന്ന് വെള്ളമിറക്കുകയും അത്മൂലം നിങ്ങൾക്ക് ആഹാരത്തിനായിട്ട് ഫലവർഗങ്ങളെ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുള്ളവൻ അല്ലാഹുതന്നെയാണ്. അവന്റെ വിധിക്കൊത്തു സമുദ്രത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന കപ്പലുകളെ അവൻ നിങ്ങൾക്കായി ഒരിക്കിയിരിക്കുന്നു. നിങ്ങൾക്കുവേണ്ടി കൃത്യമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സൂര്യനേയും ചന്ദ്രനേയും അവൻ നിങ്ങൾക്കായി പ്രവർത്തിക്കുമാറാക്കുകയും നിങ്ങൾക്കു ദിനരാത്രങ്ങളെ കീഴ്പ്പെടുത്തിത്തരികയും നിങ്ങൾക്ക് ആവശ്യമായിട്ടുള്ളതെല്ലാം നൽകുകയും ചെയ്തിരിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണിക്കണക്കാക്കാമെന്നു വച്ചാൽ നിങ്ങൾക്ക് അവയെ തിട്ടപ്പെടുത്താൻ കഴിയുകയില്ല. " (14:32–34)

ഈ വാക്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഭൂമിയും അതിലുള്ള സകല വസ്തുക്കളും സൂര്യചന്ദ്രാദി ഗോളങ്ങളും മനുഷ്യരുടെ ക്ഷേമത്തിനും ഉൽക്കർഷത്തിനും വേണ്ടി പ്രവർത്തിക്കുന്നവയായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നാകുന്നു. ഭൂമി പലവിധ പരിവർത്തനദശയിൽ കൂടെ കടന്നു മനുഷ്യവാസയോഗ്യമായിത്തീർന്നപ്പോൾ മനുഷ്യസൃഷ്ടിയുണ്ടായി എന്ന് പരിണാമതത്ത്വശാസ്ത്രം പറയുന്നതും പ്രസ്തുത സംഗതിയെത്തന്നെയാണ് സാക്ഷീകരിക്കുന്നത്. പരിണാമതത്ത്വപ്രകാരമുള്ള ഈ പരിവർത്തനം മനുഷ്യോദ്ഭവത്തോടെ നിലച്ചു പോയതിൽ നിന്ന്, ഈ പരിവർത്തനത്തിന്റെയൊക്കെ ഉദ്ദിഷ്ടം മനുഷ്യന്റെ സൃഷ്ടിയാണെന്നും അതിന് വേണ്ടിയാണ് ഈ വസ്തുക്കളെയെല്ലാം പ്രവർത്തിക്കുന്നവയാക്കിയിരിക്കുന്നതെന്നും മനസ്സിലാകുന്നു. ഇങ്ങനെ തന്റെ യഥാർഥ ദാസരായിരിക്കുന്നതിന് വേണ്ടി ദൈവം മനുഷ്യരെ സൃഷ്ടിക്കുകയുംഅവരുടെ ആവശ്യാർഥം ഇതര സൃഷ്ടികളെ ഉദ്ഭവിപ്പിക്കുകയും ചെയ്തുവെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്.

സൃഷ്ടിക്കുകയെന്നത് ദൈവത്തിന്റെ ഗുണങ്ങളിൽ ഒന്നാണ്. ദൈവം സൃഷ്ടികർത്താവായിരുന്നില്ലെന്നു വരുകിൽ സർവജ്ഞൻ, സർവശക്തൻ, സർവാധികാരി എന്നിങ്ങനെയുള്ള അവന്റെ ദിവ്യഗുണങ്ങൾ പ്രത്യക്ഷമാകുമായിരുന്നില്ല. അതുകൊണ്ട് അവൻ പ്രപഞ്ചത്തെയും തന്നെ അറിയുവാൻ പ്രാപ്തിയുള്ള വിശിഷ്യ, തന്റെ ദിവ്യഗുണങ്ങളിൽ ചിലതിനെ ജീവിതത്തിൽ പ്രതിഫലിപ്പിച്ച് തന്റെ പ്രാതിനിധ്യം വഹിക്കുന്നതിന് കഴിവുള്ള മനുഷ്യരേയും സൃഷ്ടിച്ചു. "മറഞ്ഞ നിധിയായ ഞാൻ സ്വയം അറിയപ്പെടണമെന്ന് ഇച്ഛിച്ചപ്പോൾ ആദമിനെ സൃഷ്ടിച്ചു" എന്ന് അല്ലാഹു പറഞ്ഞതായി നബിതിരുമേനി (സ) അരുളിച്ചെയ്തുകൊണ്ട് സ്പഷ്ടമാക്കിത്തന്നിരിക്കുന്നത് ഈ സംഗതിയെ തന്നെയാണ്. അപ്പോൾ സൃഷ്ടിയുടെ ഉദ്ദേശ്യം ദൈവത്തിന്റെ ഗുണമഹിമകൾ വെളിപ്പെടുത്തുകയും അതുവഴി അവനെ അറിയുവാൻ സാധിക്കുമാറാക്കുകയും ചെയ്യുക എന്നതാണെന്ന് മനസ്സിലാകുന്നു.

Humanity First



Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

# പ്രവചനങ്ങളുടെ പൊരുൾ

പ്രവചനങ്ങൾ അക്ഷരാർഥത്തിൽ പുലരാറില്ല, അതിന്റെ വിവക്ഷയും വ്യാഖ്യാനവും ഭക്തരായ സത്യാന്വേഷികൾ എളുപ്പത്തിൽ തിരിച്ചറിയുന്നു.



മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

പ്രവചനങ്ങൾ ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെ വാക്കുകൾ കൊണ്ടുള്ള ഒരു രേഖാചിത്രം മാത്രമാകുന്നു.പ്രവചനങ്ങൾ മിക്കപ്പോഴും ആലങ്കാരികമായിരിക്കും. അല്ലാഹു തന്റെ ഇഷ്ട ദാസൻമാർക്ക് ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചും വരാൻ പോകുന്ന പ്രവാചകൻമാരെക്കുറിച്ചും സ്വപ്നത്തിലൂടെയും ജാഗ്രതാവസ്ഥയിലുള്ള ദർശനങ്ങളിലൂടെയും വെളിപാടുകളിലൂടെയും സുവിശേഷങ്ങൾ നൽകാറുണ്ട്.ഇതിന് പ്രവാചകവതാര കാലം മുതൽക്കെ ചരിത്ര പഴക്കവും ഉണ്ട്. ഇത്തരം ദർശനങ്ങളും സ്വപ്നങ്ങളും പ്രതീകാത്മകങ്ങളാണെന്നും അതുകൊണ്ട് അതെല്ലാം അക്ഷരാർഥത്തിലല്ല മറിച്ച് ആശയത്തിലാണ് പുലരേണ്ടതെന്നുള്ള കാര്യം സർവരാലും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാകുന്നു.ഗതകാല പ്രവാചകന്മാരുടെ പേരിൽ ഇന്ന് നിലകൊള്ളുന്ന മത ഗ്രന്ഥങ്ങളെയും തത്ത്വങ്ങളെയും നാം വിചിന്തനം ചെയ്യുമ്പോൾ ഭാവിയിൽ അവതരിക്കാൻ പോകുന്ന പ്രവാചകൻമാരെ സംബന്ധിച്ച് അതിൽ രേഖപ്പെട്ട് കിടക്കുന്ന ദീർഘദർശനങ്ങൾ എല്ലാം തന്നെ ആലങ്കാരിക ഭാഷയിലാണെന്ന കാര്യം പകൽ വെളിച്ചം പോലെ വ്യക്തമാണ്. പ്രവചനങ്ങൾ യഥാർഥത്തിൽ പുലരുമ്പോഴാണ് അതിൽ പ്രയുക്തമായിട്ടുള്ള പദങ്ങളുടെ ആന്തരീക വശം നമുക്ക് മനസ്സിലാവുന്നത്. പൂർവ മത ഗ്രന്ഥങ്ങളിൽ നബി (സ) യെ സംബന്ധിച്ച് രേഖപ്പെട്ട് കിടക്കുന്ന ദീർഘദർശനങ്ങൾ ഇതിന് ശക്തവും വ്യക്തവുമായ തെളിവാകുന്നു. മക്കയിൽ ആമിനയുടെയും അബ്ദുല്ലയുടെയും മകനായി ഒരു കുഞ്ഞ് പിറക്കുമെന്നും അവൻ ഭാവിയിൽ ഒരു പ്രവാചകനായിത്തീരുമെന്നും നേർക്ക്നേരെ ഖണ്ഡിതമായ ഭാഷയിൽ എവിടെയും പ്രവചനങ്ങൾ രേഖപ്പെട്ട് കാണുന്നില്ല. മറിച്ച് മുഹമ്മദ് നബി (സ)യ്ക്ക്ഉണ്ടായിരിക്കാവുന്ന ഗുണവിശേഷണങ്ങളും അടയാളങ്ങളും കൂടാതെ പ്രവർത്തന ശൈലിയെയും പറ്റി മാത്രമാണ് പ്രവചനങ്ങൾ കാണപ്പെടുന്നത്.

ഒരു പ്രവാചകന്റെ വാദത്തിന് ശേഷം പ്രവചിത ദീർഘ ദർശനങ്ങളിലെ അടയാളങ്ങൾ ഓരോന്നായി പുലരുമ്പോഴാണ് പ്രവാചകത്വവാദിയുടെ സത്യത രണ്ടും രണ്ടും നാലെന്ന രീതിയിൽ സുവ്യക്തമായി നമുക്ക് മനസ്സിലാകുന്നത്.കൂടാതെ അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന ദൈവീക സഹായം മുഖേനയും ഒരു പ്രവാചകന്റെ സത്യത നമുക്ക് അനായാസം തിരിച്ചറിയാൻ സാധിക്കുന്നു. എന്നാൽ മുഹമ്മദ് നബി(സ)യെ സംബന്ധി ച്ചുള്ള പ്രവചനങ്ങളുടെ പൊരുൾ മനസ്സിലാക്കിയ ഇന്നത്തെ മുസ്‌ലീങ്ങൾ മഹ്ദി ഇമാമിന്റെ കാര്യത്തിൽ ഇത്ര സങ്കുചിതത്വം വെച്ച് പുലർത്തുന്നത് ഏതടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. തിരുനബി(സ) യെ സംബന്ധിച്ചുള്ള പ്രവചനങ്ങളുടെ അതേ മാനദണ്ഡത്തിൽ തന്നെ മഹ്ദിയെയും മസീഹിനെയും സംബന്ധിച്ചുള്ള പ്രവചനങ്ങളും വിലയിരുത്തുന്നതിലാണ് യഥാർഥ സത്യവും നീതിയും നിലകൊള്ളുന്നത്. പ്രവചനങ്ങളെ യഥാവിധി മനസ്സിലാക്കാൻ സാധിക്കാതെ, അതെല്ലാം അക്ഷരാർഥത്തിൽ പുലരണമെന്ന് ശഠിക്കുക വഴി പ്രവാചകൻമാരെ അംഗീകരിക്കാനും തിരിച്ചറിയാനും ഭാഗ്യം കിട്ടാതെ ഭൂലോകത്ത് നിന്ന് മൺമറഞ്ഞ്പോയ സമുദായങ്ങളിൽ ഏറ്റവും ഭാരിച്ച അബദ്ധം പറ്റിയത് യഹൂദ സമുദായത്തിനാണ്.

**ചരിത്രം ആവർത്തിക്കപ്പെടുന്നു.**

വിശുദ്ധ ഖുർആൻ പറയുന്നു: നിങ്ങൾക്ക് അറിയില്ലെങ്കിൽ വേദജ്ഞാനമുള്ളവരോട് ചോദിച്ചു നോക്കുക (അന്നഹ്ൽ-44). ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ വിശ്വാസ പ്രമാണങ്ങളായ പഴയനിയമത്തെയും പുതിയ നിയമത്തെയും വിലയിരുത്തുന്നത് മുസ്‌ലിം സമുദായത്തിൽ ഇമാം മഹ്ദിയെയും ഈസാ നബിയെയും പറ്റി ഇന്ന് നിലനിൽക്കുന്ന വിശ്വാസത്തിന്റെ അടിസ്ഥാന ശില എത്രത്തോളം ശക്തമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സഹായമാകുന്നതാണ്. മൂസാ നബി (അ)ന് മുമ്പ് ഇസ്റായീലീ ഗോത്രത്തിന് വേണ്ടി അവതരിച്ച പ്രവാചകനായിരുന്നു ഇല്യാസ് എന്ന് നാമകരണം ചെയ്യപ്പെട്ട ഏലിയാ പ്രവാചകൻ.ഈ ഏലിയാ പ്രവാചകൻ മരിക്കാതെ ആകാശത്ത് ജീവിച്ചിരിക്കുകയാണെന്നും തങ്ങളുടെ സംസ്കരണത്തിനു വേണ്ടി മൂസാനബി (അ) ന്റെ പ്രവചനമനുസരിച്ച് മസീഹ് (മിശിഹ) വരുന്നതിന് മുമ്പായി ഏലിയാവ് വീണ്ടും ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്ന് യഹൂദികൾ വിശ്വസിച്ചിരുന്നു. എന്നാൽ ഇതിന് യാതൊരു തരത്തിലുള്ള പ്രബലമായ തെളിവും തൗറാത്തിൽ നിന്ന് കിട്ടുന്നില്ല.തൗറാത്ത് ഏലിയാവിന്റെ 'സ്വർഗാരോഹണ'ത്തെ കുറിച്ച് ഇപ്രകാരം പറയുന്നു.

യഹോവ, ഏലിയവെ ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിച്ചിരിക്കുമ്പോൾ ഏലിയാവ് എലീശയോടു കൂടെ ഗിൽഗാലിൽ നിന്ന് പുറപ്പെട്ടു... അവർ സംസാരിച്ചുകൊണ്ട് നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്ന് അവരെ തമ്മിൽ വേർതിരിച്ചു. അങ്ങനെ ഏലിയാവ് ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് കയറി. എലീശ അതു കണ്ടിട്ടു എന്റെ പിതാവേ, എന്റെ പിതാവേ യിസ്രായിലിന്റെ തേരും തേരാളിയും എന്നു നിലവിളിച്ചു. പിന്നെ അവനെ കണ്ടില്ല...; (രാജക്കൻമാർ രണ്ടാം പുസ്തകം-2:2,11,12)

ചുഴലിക്കാറ്റിന് ശേഷം അമ്പതോളം വരുന്ന ഏലിയാവിന്റെ അനുയായികൾ

മൂന്ന് ദിവസത്തോളം മലകളിലും താഴ്‌വരകളിലും അന്വേഷിച്ചിട്ട് അദ്ദേഹത്തെ കണ്ടെത്താനാകാത്തതു കൊണ്ടും മലാക്കി അദ്ധ്യായത്തിൽ, യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ ഞാൻ നിങ്ങൾക്ക് ഏലിയ പ്രവാചകനെ അയക്കും (മലാക്കി -4:5) എന്ന പ്രവചനം ഉള്ളതുകൊണ്ടും അദ്ദേഹം ജീവനോടെ, ജഡികശരീരത്തോടെ സ്വർഗത്തിലാണെന്നും ക്രിസ്തുവിനു മുമ്പായി ഭൂമിയിൽ അവതരിക്കുമെന്നും ഊഹിച്ചെടുത്ത അറിവല്ലാതെ തൗറാത്തിൽ സ്പഷ്ടമായ ഒരു തെളിവും യഹൂദികളുടെ പക്കലില്ല, മൂസാനബി (അ) (മോസസ്സ്)ഏലിയാവ് ജീവിച്ചിരിക്കുന്നുണ്ടെന്ന് എവിടെയും പറഞ്ഞിട്ടുമില്ല.എന്നാൽ പ്രവചന പ്രകാരം മസീഹ് (ക്രിസ്തു) വന്നുകൊണ്ട് യഥാർഥ അദ്ധ്യാപനങ്ങളിലേക്ക് യഹൂദികളെ ക്ഷണിച്ചപ്പോൾ ബഹുഭൂരിപക്ഷം യഹൂദികളും അദ്ദേഹത്തെ എതിർക്കുകയും തൗറാത്തിന്റെ അദ്ധ്യാപനം അനുസരിച്ച് ശപ്തനാക്കാൻ വേണ്ടി അദ്ദേഹത്തെ കുരിശിൽ കയറ്റി കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ യഹൂദികളിലെ ചില സത്യന്വേഷകർ ഏലിയാവ് വന്നതിനു ശേഷമേ മസീഹ് (മിശിഹ) വരികയുള്ളുവെന്ന തങ്ങളുടെ വിശ്വാസത്തിന്റെ പൊരുൾ മനസ്സിലാക്കാനായി ക്രിസ്തു (മിശിഹ) വിന്റെ മുമ്പാകെ ഈ സംശയം ഉന്നയിക്കുകയുണ്ടായി. അപ്പോൾ, ഏലിയാവിന്റെ പുനരാഗമനം മറ്റൊരു ദേഹത്തിൽ അതായത് യോഹന്നാനിൽ പൂർത്തിയായതായി യേശു അവർക്ക് പറഞ്ഞുകൊടുത്തു. (മത്തായി-11:11-14)

എന്നാൽ അവർക്ക് പറഞ്ഞു കൊടുത്ത പ്രവചനത്തിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിയാതെ പോയ യഹൂദികൾക്ക് ഇതുവരെ ആകാശത്ത് നിന്ന് ഏലിയാവോ മിശിഹയോ വന്നിട്ടില്ല. അല്ലാഹുവിൽ നിന്ന് അവതരിച്ച മിശിഹയെയും ഏലിയാവിന്റെ നാമത്തിൽ വന്ന യോഹന്നാനെയും തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല. എന്നാൽ യിസ്രായില്യരിൽ വന്ന ക്രിസ്തുവായ ഈസാനബി (അ)യും ഏലിയാവിന്റെ രൂപത്തിലും ഭാവത്തിലും വന്ന യഹ്‌യാ നബി(അ) യെയും വിശുദ്ധ ഖുർആൻ സത്യപ്രവാചകൻമാരായി മുദ്ര കുത്തിയതിനാൽ അക്കാര്യത്തിൽ മുസ്‌ലീങ്ങൾക്ക് രണ്ടഭിപ്രായമില്ല. പക്ഷേ പ്രവചനങ്ങൾ അതിന്റെ ബാഹ്യാർഥത്തിൽ പുലരണമെന്ന് ശഠിക്കുന്ന യഹൂദികളുടെ ചരിത്ര ദർപ്പണത്തിൽ മഹ്ദി ഇമാമിനെയും ഈസാ നബിയെയും കാത്തിരിക്കുന്ന മുസ്‌ലീങ്ങളുടെ ദൈന്യത നിറഞ്ഞ മുഖം വ്യക്തമായി നിഴലിച്ചു കാണുന്നുണ്ട്.

## ഈസാ നബി(അ)യ്ക്ക് വേണ്ടിയുള്ള കാത്തിരിപ്പ്


ഈസാ നബി(അ) ആകാശത്ത് ജഡികശരീരത്തോട്കൂടി ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം ഇന്നും മുസ്‌ലീങ്ങളിൽ രൂഢമൂലമാണ്.ഇന്ന് ഇസ്‌ലാമിലെ എല്ലാ അവാന്തര വിഭാഗങ്ങളും-അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തൊഴികെ-ഈ വിശ്വാസത്തിന്റെ തണലിൽ ആശ്വാസം കണ്ടെത്തുന്നവരാണ്. എന്നാൽ ഈ വിശ്വാസത്തിന്‌വിശുദ്ധ ഖുർആന്റെയോ തിരു ഹദീസുകളുടെയോ മറ്റ് ചരിത്ര യാഥാർഥ്യങ്ങളുടെയോ പിൻബലമില്ലെന്നുള്ളത് ആശ്ചര്യജനകമായ ഒരു സത്യമാകുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിതമായിട്ട് ഒരുനൂറ്റാണ്ടിൽ കൂടുതൽ കഴിഞ്ഞുകടന്നു. നാളിതുവരെ നടന്ന ഒരു ആശയ സംവാദത്തിലും മുഖാമുഖ ചർച്ചകളിലും ഈസാ നബി(അ) ആകാശത്ത് ജഡിക ശരീരത്തോട്കൂടി ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം സംശയലേശമന്യേ വ്യക്തമാക്കാൻ കഴിയുന്ന തരത്തിൽ ഖണ്ഢിതമായ ഒരു വചനം വിശുദ്ധ ഖുർആനിൽ നിന്നോ ഹദീസുകളിൽ നിന്നോ തെളിവായി നൽകാൻ ഈ വിശ്വാസ പ്രചാരകർക്ക് സാധിച്ചിട്ടില്ല. തെളിവുകൾക്ക് വേണ്ടി ഗ്രന്ഥങ്ങളായ ഗ്രന്ഥങ്ങളെല്ലാം പരതി പരതി മനസ്സും കണ്ണും കയ്യും ക്ഷയിച്ചു പരാജയത്തിന്റെ കയ്പ്നീര് കടിച്ചിറക്കുകയല്ലാതെ മറ്റൊരു ആശാവഹമായ സമാധാനവും ഇവർക്ക് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഏലിയാവിന്റെ കാര്യത്തിൽ യഹൂദികൾക്ക് പറ്റിയ അബദ്ധം തന്നെയാണ് മുസ്‌ലീങ്ങൾക്ക് പറ്റിയിരിക്കുന്നത്. വിശുദ്ധ ഖുർ ആനിലെയും ഹദീസുകളിലെയും ചില പദപ്രയോഗങ്ങളുടെ ഉള്ളടക്കം മനസ്സിലാക്കാൻ കഴിയാതെ വന്നപ്പോൾ അതിലടങ്ങിയിരിക്കുന്ന അർഥഗർഭമായ പ്രവചന യാഥാർഥ്യങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ വന്നതിന്റെ പരിണിത ഫലമാണ് ഇടക്കാലത്തു കടന്നു കൂടിയ ഈ വിശ്വാസം.

ഈസാ നബി(അ) മറ്റു പ്രവാചകൻമാരെപ്പോലെ തന്റെ ദൗത്യനിർവഹണത്തിന് ശേഷം മരിച്ചുപോയിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. അല്പം ബുദ്ധിയുള്ളവർക്കുപോലും അനായാസം മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ലളിതമായി, എന്നാൽ ശക്തവും സ്പഷ്ടവുമായ ഭാഷയിൽ വ്യത്യസ്ത രീതിയിൽ വിവിധ അദ്ധ്യായങ്ങളിലായി വിശുദ്ധ ഖുർആൻ നമുക്ക് ഇത് മനസ്സിലാക്കിതരുന്നുണ്ട്.ഈ തെളിവു കൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിരന്തരം എടുത്തുദ്ധരിക്കുന്നതുമാകുന്നു.എന്നാൽ യഹൂദികൾക്ക് പറ്റിയ ചരിത്രപരമായ അമളി ഇവിടെ മുസ്‌ലീങ്ങളും ആവർത്തിച്ചിരിക്കുകയാണ്. ഏലിയാവി (ഇല്ല്യാസി)ന്റെ മലാക്കി അദ്ധ്യായത്തിൽ വന്ന പുനരാഗമനത്തെ സംബന്ധിച്ച പ്രവചനം യോഹന്നാനിൽ (യഹ്‌യ്യാ) പൂർത്തിയായതായി യേശു (ഈസാ) യഹൂദികൾക്ക് പറഞ്ഞു കൊടുത്തതു പോലെ നിങ്ങളിൽ നിങ്ങളുടെ ഇമാമായിട്ട് ഇബ്നു മറിയം അവതരിക്കുമെന്ന ഹദീസിന്റെ (മുസ്‌ലിം, ബുഖാരി) യഥാർഥ പൊരുൾ ഈകാലഘട്ടത്തിൽ അല്ലാഹുവിനാൽ നിയോഗിതനായ ഹദ്റത്ത് ഇമാം മഹ്ദി (അ) മുസ്‌ലീങ്ങൾക്ക് പറഞ്ഞു കൊടുക്കുകയുണ്ടായി.

ഹദ്റത്ത് ഇമാം മഹ്ദി (അ) പറയുന്നു:ഈസാ നബി (അ)ജഡിക ശരീരത്തോട്കൂടി ആകാശത്തിലേക്ക് കരകയറിപ്പോയിരിക്കുന്നു എന്നതിന് തെളിവ് എവിടെയെന്ന് ചോദിച്ചാൽ ഒരു ഹദീസും ഒരു ആയത്തും കാണിക്കാൻ സാധ്യമല്ല. **നുസൂൽ** എന്ന വാക്കിന്റെ കൂടെ ആകാശം എന്ന പദം ചേർത്തു കൊണ്ട് ജനങ്ങളെ തെറ്റിധരിപ്പിക്കുകയാണ്. എന്നാൽ പ്രാമാണ്യയോഗ്യമായ ഒരു ഹദീസിലും ആകാശം എന്ന പദം ഇല്ലെന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്... ഇസ്‌ലാമിലെ എല്ലാ അവാന്തര വിഭാഗങ്ങളുടെയും സർവ ഹദീസ് ഗ്രന്ഥങ്ങളും പരിശോധിച്ചാലും ഈസാ നബി (അ) ജഡിക ശരീരത്തോട് കൂടി ആകാശത്തിലേക്ക് കരകയറിപ്പോയിരിക്കുന്നുവെന്നും ഏതെങ്കിലും കാലത്ത് ഭൂമിയിലേക്ക് തിരിച്ചുവരുമെന്ന ആശയം നൽകുന്ന സ്വഹീഹായ ഹദീസു പോകട്ടെ ഒരു നിർമിത ഹദീസുപോലും കാണുകയില്ല. അങ്ങനെയുള്ള ഒരു ഹദീസ് കൊണ്ടുവന്നാൽ ആ വ്യക്തിക്ക് 20,000/- രൂപ പിഴയായി നൽകുന്നതാണ്. പശ്ചാത്തപിക്കുന്നതും എന്റെ ഗ്രന്ഥങ്ങൾ മുഴുവൻ അഗ്നിക്കിരയാക്കുന്നതും

ലേഖനം

# റോസാബാൽ: നിഗൂഢ സത്യങ്ങൾ നിറഞ്ഞുനിൽക്കുന്ന കബറിടം



മഹാനായ ഇസ്രായീൽ മസീഹ് യേശു ക്രിസ്തു അന്ത്യവിശ്രമം കൊള്ളുന്ന കശ്മീരിലെ കല്ലറയെ സംബന്ധിച്ച നിഗൂഢസത്യങ്ങൾ ലോകവാർത്താമാധ്യമങ്ങളിൽ ഇടം പിടിക്കുകയാണ്

ആരിഫ് ഖാൻ

ക്രിസ്ത്യാനികളുടെയും മുസ്‌ലിംകളുടെയും പൊതുവെയുള്ള വിശ്വാസം യേശു ആകാശത്തേക്ക് ആരോഹിതനായെന്നും അദ്ദേഹത്തിന്റെ ശരീരം ഒരിക്കലും ഭൂമിയിൽ സംസ്കരിക്കപ്പെട്ടിട്ടില്ല എന്നുമാണ്. എങ്കിലും യൂസ്ആസഫ് എന്ന പേരിൽ അറിയപ്പെടുന്ന യേശുവിന്റെ കശ്മീരിലെ ശ്രീനഗറിലുള്ള കബർ ഈയിടെ വമ്പിച്ച മാധ്യമ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. യേശുവിന്റെ കബറിടത്തെ പറ്റിയുള്ള ചർച്ച വീണ്ടും ലോകവ്യാപകമായി സജീവമായി. ശ്രീനഗറിൽ കബറടക്കപ്പെട്ട പ്രവാചകൻ അഹ്‌ലു കിതാബിൽ (ക്രിസ്ത്യൻ, യഹൂദമതങ്ങൾ)പ്പെട്ട ഒരു പ്രവാചകന്റേതാണെന്നാണ് പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത്.

കശ്മീർ നിവാസികൾ ഈ കബറിടത്തെ 'റോസാബാൽ' (ബഹുമാനിതമായ കബറിടം) എന്നാണ് വിളിക്കുന്നത്. യൂസ്ആസഫ് എന്ന പ്രവാചകന്റേതാണ് ഈ കബർ എന്നും അവർ കരുതിവരുന്നു. 'യൂസ്' എന്നത് യേശു (ജീസസ്) എന്ന നാമത്തിനു തുല്യമാണ്. 'ആസഫ്' എന്നാൽ ഹീബ്രുവിൽ 'കൂട്ടിച്ചേർക്കുന്നവൻ' എന്നാണ് അർഥം. അതായത് നഷ്ടപ്പെട്ടുപോയ ഇസ്രയീൽ ഗോത്രങ്ങളെ ഒന്നിച്ചു ചേർത്തവൻ എന്ന അർഥത്തിലേക്കാണ് ഈ വചനം സൂചന നൽകുന്നത്. യൂസ്ആസഫ് എന്ന ഈ പ്രവാചകൻ രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് സിറിയയിൽ നിന്നാണ് കശ്മീരിൽ വന്നതെന്ന് വിശ്വസിക്കപ്പെടുന്നു.

ആരാണ് ഈ യൂസ്ആസഫ് എന്നത് വിവാദമായൊരു വിഷയമാണ്. യൂസ്ആസഫ് എന്നത് യേശു ഇന്ത്യയിൽ വെച്ച് സ്വീകരിച്ച ഒരു നാമമാണോ? ഈ ശിലാകുടീരം യേശുവിന്റേതാണോ? അതല്ല യേശുവുമായി ബന്ധമില്ലാത്ത യൂസ്ആസഫ് എന്ന് വിളിക്കപ്പെടുന്ന ഒരു മുസ്‌ലിം പുണ്യവാളന്റേതാണോ? വിവാദങ്ങൾ അനന്തമായി നീളുകയാണ്.

## ഈസ്റ്റർ നാളിലെ വിവാദം

ശ്രീനഗറിലുള്ള 'റോസാബാൽ' കബറിടത്തെ പറ്റിയുള്ള വാർത്തകൾ 2010 ഈസ്റ്റർ നാളിൽ അന്താരാഷ്ട്ര മുഖ്യധാരാ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ഈ ലേഖനങ്ങളിലെല്ലാം പറയുന്നത് കശ്മീരിലെ കബറിടം സന്ദർശിക്കാൻ ആളുകളുടെ എണ്ണം കൂടി കൂടി വരികയാണെന്നാണ്. ബി.ബി.സിയും[1] ദ ടൈംസ്-ബ്രിട്ടൻ,[2] ടൈംസ് ഓഫ് ഇന്ത്യ[3]യടക്കമുള്ള നിരവധി വാർത്താ മാധ്യമങ്ങൾ പറയുന്നത് രണ്ട് കാരണങ്ങൾ കൊണ്ടാണ് ഈ സന്ദർശക പ്രവാഹം ഉണ്ടായത് എന്നാണ്. ഒന്ന്, കശ്മീരിനെ പറ്റിയുള്ള 'ലോൺലി പ്ളാനറ്റ് ട്രാവൽ ഗൈഡ്'ന്റെ പുതിയ എഡിഷനിൽ 'റോസാബാൽ' യേശുവിന്റെ കബറിടമാണെന്ന പരാമർശമാണ് നിരവധി സന്ദർശകരെ ഇങ്ങോട്ട് വരാൻ പ്രേരിപ്പിച്ചത്. രണ്ടാമത്തെ കാരണം യേശുവിന്റെ ശ്രീനഗറിലെ കബറിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വൻപ്രചാരം

---

ഇതിനു പുറമെയായിരിക്കും. എങ്ങനെ വേണമെങ്കിലും തൃപ്തിപ്പെടാവുന്നതാണ് (കിത്താബുൽ ബരിയ്യ, അടിക്കുറിപ്പ്, പേജ്–225,226).

ഇമാം മഹ്ദിയുടെ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളുടെ ആദ്യാന്ത്യ ഭാഗങ്ങൾ വെട്ടിമാറ്റി തങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ ജനസമക്ഷത്തിൽ അവതരിപ്പിക്കുന്ന എതിരാളികൾ മേൽ സൂചിത വെല്ലുവിളി കാണാതെ പോയത് ആശ്ചര്യജനകം തന്നെ. പ്രത്യേകിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ എതിർക്കാനായി വിവിധ പേരുകളിൽ പല ഭാഗങ്ങളായി ഗ്രന്ഥ രചനകൾ നടത്തിക്കൊണ്ടിരിക്കുന്നവർക്ക് ഒരു പരിധി വരെ സാമ്പത്തിക പരാധീനതക്ക് പരിഹാരമാകാവുന്ന ഈ വെല്ലുവിളി കാണാതെ പോയതോ അതോ, മന:പ്പൂർവം കണ്ണടച്ച് അന്ധനായി അഭിനയിക്കുന്നതോ? അതുമല്ലെങ്കിൽ ഈസാ നബി(അ)യുടെ കാര്യത്തിൽ പരാജയം ഏറ്റുപറയുന്നതോ?

ഏതായാലും ഒരു കാര്യം വ്യക്തമാണ്,വിശുദ്ധ ഖുർആനിലും ഹദീസിലും രേഖപ്പെട്ടിട്ടില്ലാത്ത ഒരു പ്രവചനം അതിന് എത്ര ജനങ്ങളുടെ പിന്തുണയുണ്ടെങ്കിലും അത് പുലരാൻ പോകുന്നില്ല. യഹൂദികളുടെ ചരിത്രം അതാണ് നമ്മെ ബോധ്യപെടുത്തു ന്നത്. മുസ്‌ലീങ്ങൾ യഹൂദി നസാറാക്കളെ ചാണിനു ചാൺ പിൻപറ്റുന്നവരായി മാറും എന്ന ആദരവായ തിരുനബി (സ) യുടെ പ്രവചനം ഈ അർഥത്തിലും വളരെ വ്യക്തമായി പുലർന്നിരിക്കുകയാണ്.



കശ്മീരിലെ ശ്രീനഗറിൽ യേശുവിന്റെ കബർ സ്ഥിതിചെയ്യുന്ന സ്ഥലം

നേടിയ 'റോസാബാൽ ലൈൻ' എന്ന ആവേശകരമായ നോവലാണ്. ആ നോവൽ ഇന്ത്യയിൽ നിന്നുള്ള ധാരാളം സന്ദർശകരെ ഇവിടേക്ക് ആകർഷിക്കുന്നു.[4]

സ്വാഭാവികമായും ഇവിടെ ഒരു ചോദ്യം ഉയരുന്നു. എന്തുകൊണ്ടാണ് 'ലോൺലി പ്ളാനറ്റ് ഗൈഡ്' ഈ കബറിടത്തെ 'യേശുവിന്റെ കബറിടം' എന്നു വിശേഷിപ്പിച്ചത്?

### റോസാബാൽ: മൗലവി അബ്ദുല്ലാ സാഹിബിന്റെ റിപ്പോർട്ട്

അഹ്മദികളെ സംബന്ധിച്ചേടത്തോളം ഈ കബർ ചിരപരിചിതമാണെന്നത് ചില വായനക്കാർക്കെങ്കിലും പുതിയ അറിവായിരിക്കും. 1899–ൽ 'മസീഹ് ഹിന്ദുസ്ഥാൻമേം' എന്ന പുസ്തകത്തിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഈ കബറിടത്തെ പറ്റി നൽകിയ വിവരണം നോക്കുക.

..... ഞാൻ ഈ പുസ്തകത്തിൽ യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്ന് തെളിയിക്കാൻ ശ്രമിക്കുന്നതാണ്. അദ്ദേഹം ആകാശത്തേക്ക് ആരോഹിതനായിട്ടില്ല. അദ്ദേഹം ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് അവരോഹിതനാവുകയുമില്ല. അദ്ദേഹം 120–ാമത്തെ വയസ്സിൽ കശ്മീരിലെ ശ്രീനഗറിൽ വെച്ച് ദിവംഗതനാവുകയാണുണ്ടായത്. ആ നഗരത്തിലെ ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ കബറിടം കാണപ്പെടുന്നു. ഈ അന്വേഷണചരിത്രത്തെ ഞാൻ ഒരു അനുബന്ധമടക്കം പത്ത് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. അതിൽ ബൈബിളിൽ നിന്നുള്ള തെളിവുകൾ, വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നുമുള്ള തെളിവുകൾ, വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നുള്ള തെളിവുകൾ, ചരിത്രരേഖകളിൽ നിന്നുള്ള തെളിവുകൾ, തലമുറകളായിട്ടുള്ള വാമൊഴി പാരമ്പര്യത്തിൽ നിന്നുള്ള തെളിവുകൾ, മറ്റു സാഹചര്യതെളിവുകൾ, യുക്തിപരമായ തെളിവുകൾ, ദൈവത്തിൽ നിന്ന് എനിക്ക് ലഭിച്ച നവങ്ങളായ വെളിപാടുകളിൽ നിന്നുള്ള തെളിവുകൾ എന്നിവ ഉൾക്കൊള്ളുന്നു. (മസീഹ് ഹിന്ദുസ്ഥാൻ മേം)

അങ്ങനെ ഈ രാജ്യത്തിൽ വന്ന് താമസമാക്കിയ ഇവർ ഇതര രാജ്യക്കാരുമായി കലർന്ന് മിശ്രിതരായി പോയിരുന്നതിനാൽ ഈ 'കാണാതെ പോയ ആടുകളെ' തെരഞ്ഞുപിടിക്കേണ്ടത് ഈസാ മസീഹിന്റെ ഒഴിച്ചുകൂടാനാവാത്ത ധർമമാകുന്നു. അതിൻപ്രകാരം അദ്ദേഹം വാസ്തവത്തിൽ ഇന്ത്യയിൽ വരികയും പല താവളങ്ങളിലൂടെ സഞ്ചരിച്ച് ഒടുവിൽ കശ്മീരിൽ എത്തിച്ചേരുകയും അവിടെ ബുദ്ധമതം ആചരിച്ചുപോന്നവർക്കിടയിൽ തന്റെ ജനത്തെ കണ്ടെത്തുകയുമുണ്ടായി. ഒടുവിൽ യോനായെ അദ്ദേഹത്തിന്റെ ജനം സ്വീകരിച്ചിരുന്നതുപോലെ മിശിഹാ തന്റെ ജനങ്ങളാലും സ്വീകരിക്കപ്പെട്ടു. ഇതെല്ലാം ഇപ്രകാരം തന്നെ സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു. എന്തെന്നാൽ, താൻ ഇസ്രായീലി ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ അയക്കപ്പെട്ടിട്ടില്ല എന്ന് മശീഹാ സുവിശേഷത്തിൽ സുവ്യക്തം പറഞ്ഞിട്ടുള്ളതാണ്. (മസീഹ് ഹിന്ദുസ്ഥാൻ മേം)

കശ്മീരിൽ ശ്രീനഗർ എന്ന സ്ഥലത്ത് അടുത്ത് തന്നെ കണ്ടെത്തപ്പെട്ട ഈസാമസീഹിന്റെ ശിലാകുടീരം അദ്ദേഹം മൂർച്ഛിതാവസ്ഥയിൽ വെക്കപ്പെട്ടിരുന്ന ആ കല്ലറ പോലുള്ളതു തന്നെയാണ്. ഈ സംഗതി പ്രകൃത പുസ്തകത്തിൽ യഥാസന്ദർഭം തെളിയിക്കുന്നതായിരിക്കും (മസീഹ് ഹിന്ദുസ്ഥാൻ മേം)

ലക്ഷക്കണക്കായ ജനങ്ങൾ തങ്ങളുടെ സ്വന്തം കണ്ണ് കൊണ്ട് തന്നെ കശ്മീരിലെ ശ്രീനഗറിൽ സ്ഥിതി ചെയ്യുന്ന യേശുവിന്റെ കല്ലറ നോക്കിക്കണ്ടിരിക്കുന്നു. അദ്ദേഹം ഗോൽഗോഥായിൽ അതായത് 'ശ്രീ' എന്ന സ്ഥലത്ത് വെച്ച് ക്രൂശിക്കപ്പെട്ടത് പോലെ അദ്ദേഹത്തിന്റെ കബറും 'ശ്രീ' എന്ന സ്ഥലത്ത് അതായത് ശ്രീനഗറിൽ കണ്ടെത്തപ്പെട്ടിരിക്കുകയാണ്. രണ്ട് സ്ഥലങ്ങളുടെയും 'ശ്രീ' ശബ്ദം വളരെ സാദൃശ്യമുള്ളത്രെ. യേശുവിനെ ക്രൂശിച്ച സ്ഥലത്തിന് ഗിൽ ഗിത്ത് അഥവാ 'ശ്രീ' എന്നാണ് പേരായിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അർദ്ധത്തിൽ യേശുവിന്റെ കബർ കണ്ടുപിടിക്കപ്പെട്ട സ്ഥലത്തിനും ഗിൽഗിത്ത് അഥവാ ശ്രീ എന്നു തന്നെയാണ് പറയപ്പെടുന്നത്. കശ്മീരിലെ ഗിൽഗിത്ത് എന്നുവിളിക്കപ്പെടുന്ന സ്ഥലം 'ശ്രീ' എന്ന ശബ്ദത്തെ കുറിച്ചുള്ള സൂചന നൽകുന്നുണ്ട്. യേശുവിന്റെ കാലത്തായിരിക്കണം ഈ നഗരം പണിതിട്ടുണ്ടായിരുന്നത്. കുരിശുസംഭവത്തിന്റെ സ്മരണയെ നിലനിർത്തുന്ന ഒരു സ്ഥലമെന്നനിലയിൽ അതിന് ഗിൽഗിത്ത് അഥവാ 'ശ്രീ' എന്ന് നാമകരണം ചെയ്തിരുന്നതാവാം. 'ആരാധ്യമായ നഗരം' എന്നർഥമുള്ള 'ലാസ്സാ' നാമം പോലെ ഇതും ഒരു അബ്രാനിപദമാണ്. ഇതും യേശുവിന്റെ കാലത്ത് രൂപപ്പെട്ട ഒരു നഗരമായിരിക്കണം (മസീഹ് ഹിന്ദുസ്ഥാൻ മേം).

മൗലവി അബ്ദുല്ലാ സാഹിബിൽ നിന്ന് എഴുതപ്പെട്ട ഒരു കത്താണ് ചരിത്രപുരുഷനായ യേശുവുമായി ഈ കബറിനെ ബന്ധപ്പെടുത്തിയുള്ള ആദ്യത്തെ രേഖപ്പെടുത്തിയ ലിഖിതം. ഈ കബറിനെ പറ്റി മൗലവി അബ്ദുല്ലാ സാഹിബ് സ്വന്തം നിലയിൽ നടത്തിയ ഗവേഷണങ്ങൾക്ക് ശേഷം വിശദമായ ഒരു റിപ്പോർട്ട് ശ്രീനഗറിൽ നിന്ന് വാഗ്ദത്ത മസീഹിന് അയക്കുകയുണ്ടായി [5]

മൗലവി അബ്ദുല്ലാ സാഹിബ് ശ്രീന

ഗറിലെ കബറിനെക്കുറിച്ച് ചില വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

വിശ്വസ്തരായ ആളുകളിൽ നിന്നുള്ള തെളിവുകൾ പ്രകാരം ഈ കബറിന് 1900 വർഷം പഴക്കമുണ്ടെന്ന് തെളിയിക്കപ്പെട്ടതാണ്. മുസ്‌ലിംകൾ ഈ കബറിനോട് അത്യധികം ആദരം പുലർത്തുകയും ബഹുമാനിക്കുകയും ചെയ്യുന്നു.'

അദ്ദേഹം തുടരുന്നു: 'മറ്റൊരു രാജ്യത്ത് നിന്ന് പ്രേഷിത പ്രവർത്തനങ്ങൾക്കായി കശ്മീരിലെത്തിയ വന്ദ്യനായ ഒരു പ്രവാചകനാണ് ഈ കബറിൽ അടക്കപ്പെട്ടതെന്ന് പൊതുവെ കരുതുന്നു. നമ്മുടെ റസൂൽ തിരുമേനി (സ)ക്ക് 600 വർഷങ്ങൾക്ക് മുമ്പാണ് അദ്ദേഹം ഇവിടെ എത്തിയതെന്ന് അവർ പറയുന്നു.'

### കബർ: കശ്മീരികളുടെ സമകാലീന വീക്ഷണം

കബറിനെ പറ്റി ശ്രീനഗർ വാസികളായ ജനങ്ങളുടെ ഇപ്പോഴത്തെ വീക്ഷണം തികച്ചും വിഭിന്നമാണ്. ഈ കബർ യേശുവിന്റേതാണെന്ന എന്തെങ്കിലും പരാമർശത്തോട് വളരെ രൂക്ഷമായ ശത്രുതയോടെയും പരിഹാസത്തോടെയുമാണ് അവർ ഇപ്പോൾ പ്രതികരിക്കുന്നത്. ഈ കബറിനെ സംബന്ധിച്ച ഗവേഷണങ്ങൾക്കെതിരെ പ്രദേശവാസികളുടെ എതിർപ്പ് കടുത്തുവരികയാണ്. കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി പുരാവസ്തു ശാസ്ത്രജ്ഞനും ചരിത്രപ്രൊഫസറും സൂഫിസത്തിൽ പാരംഗതനുമായ ഡോ. ഹസനൈനിയെ പോലുള്ളവർക്ക് കബർ പരിപാലകരിൽ നിന്ന് ഭീഷണി നേരിടുകയാണ്. കബറിനെ പറ്റിയുള്ള ഗവേഷണം നടത്തിയതിന് ഡോ. ഹസനൈനിയുടെ കുടുംബത്തിനും ഭീഷണിയുണ്ട്. കശ്മീരികൾ അമേരിക്കൻ ഗവേഷകയും മുൻ പത്രപ്രവർത്തകയുമായ സൂസന്ന ഓർസനെ കബർ പരിശോധനയിൽ നിന്ന് തടയുകയുണ്ടായി. സമീപപ്രദേശത്തുള്ള മുസ്‌ലിംകൾ മുഴുവനും യേശുവിന് അഥവാ ഈസാ നബിക്ക് ഭൂമിയിൽ കബറിടമില്ലെന്നും അദ്ദേഹം ആകാശത്തേയ്ക്ക് ഉയർന്നുപോയെന്നും ദൃഢമായി വിശ്വസിക്കുന്നവരാണ്.

2008ൽ 'ജീസസ് ഇൻ ഇൻഡ്യ' എന്ന ഒരു ഡോക്യുമെന്ററി ഫിലിം സംവിധാനം ചെയ്തപ്പോൾ പോൾ ഡേവീസ് തന്റെ ഉദ്യമവുമായി റോസാബാലിൽ വരികയുണ്ടായി. ആ ഡോക്യുമെന്ററിയിൽ നമുക്ക് കാണാൻ കഴിഞ്ഞത് പ്രദേശവാസികളുടെ ഒരു ആൾക്കൂട്ടം പൊടുന്നനെ രൂപപ്പെടുകയും അക്രമാസക്തമായി ആ ഫിലിം നിർമാണം നിർത്തിവെക്കാനാവശ്യപ്പെടുന്നതുമാണ്.

നിഷേധാത്മകവും വിദ്രോഹപരവുമായ ഈ സമീപനത്തെ പറ്റി ബി.ബി.സി. 2010 ഏപ്രിൽ മാസത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഒരു പ്രദേശവാസി ഇപ്രകാരം പറഞ്ഞതായി ആ റിപ്പോർട്ടിൽ പറയുന്നു.

*'അത് ഈസാനബിയുടെ കബറാണെന്ന് കിറുക്കനായ ഒരു പ്രൊഫസർ പറഞ്ഞ വിവരം കച്ചവടക്കാരിൽ പരക്കുകയായിരുന്നു. അവർ വിചാരിച്ചു അത് അവരുടെ കച്ചവടത്തിന് ഗുണകരമാകുമെന്ന്. കശ്മീരിലെ ഈ കുഴപ്പം നിറഞ്ഞ കാലത്തും ടൂറിസ്റ്റുകൾ വരുമെന്ന് അവർ പ്രതീക്ഷിച്ചു.*

*ലോൺലി പ്ളാനറ്റിൽ കബറിനെ പറ്റി പ്രസിദ്ധീകരിച്ചപ്പോൾ ധാരാളം ആളുകൾ വരാനും തുടങ്ങി. ഒരു വിദേശിയും വന്നു... (അയാൾ ക്ഷമാപണ പൂർവം വിദേശിയായ എന്നെ നോക്കി) ആ വിദേശി കബറിന്റെ ഒരു കഷണം അടർത്തിയെടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി. അത് കൊണ്ടാണ് ഇപ്പോൾ കബർ അടച്ചിരിക്കുന്നത്.'*

ഇവിടെ പരാമർശിച്ച കിറുക്കനായ പ്രൊഫസർ പുരാവസ്തു ശാസ്ത്രജ്ഞനും മതപണ്ഡിതനുമായ ഡോ. ഫിദാ ഹസനൈൻ ആണ്. അദ്ദേഹം 1954 മുതൽ 1983ൽ റിട്ടയർ ചെയ്യുന്നത് വരെ ജമ്മുകശ്മീരിൽ സ്റ്റേറ്റ് ആർക്കൈവ്സിന്റെ ഡയറക്ടറായിരുന്നു. ഡോ. ഹസനൈൻ ഡിവിനിറ്റി സയൻസിൽ മാസ്റ്റർ ബിരുദവും ഇൻഡോളജിയിലും സൂഫിസത്തിലും ഡോക്റ്ററേറ്റും നേടിയ വ്യക്തിയാണ്. ആജീവനാന്ത പ്രവർത്തനങ്ങൾക്കായി ജമ്മുകശ്മീർ സർക്കാരിന്റെ പുരസ്കാരം നേടിയ ഡോ. ഹസനൈൻ യേശു കശ്മീരിൽ വെച്ച് മരണപ്പെട്ടു എന്ന് വിശ്വസിക്കുന്നു. അദ്ദേഹം ഇത് സംബന്ധമായി 1955 മുതൽ ഇപ്പോൾ വരെ ചില പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. കിറുക്കനെന്ന് വിശേഷിപ്പിക്കപ്പെട്ട ഈ മനുഷ്യൻ ഈ കബറിനെ പറ്റി ആധികാരികമായി പറയാൻ കഴിയുന്ന മഹാപണ്ഡിതനാണ്.

### കബറിന്റെ പരിപാലകർ

കശ്മീരിലെ കബറിടത്തെ പറ്റിയുള്ള ചില ഡോക്യുമെന്ററികളിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തി മുഹമ്മദ് അമീൻ റിങ്ങ്സ്വാൾ ആണ്. അദ്ദേഹം പ്രത്യക്ഷപ്പെടുമ്പോഴെല്ലാം കബറിടത്തിലുള്ള വ്യക്തി 'യൂസ്ആസഫ്' ആണെന്ന് ഉറപ്പിച്ചുപറയുന്നു. പക്ഷേ യൂസ്ആസഫിന് യേശുവുമായി അഥവാ ഈസാനബി (അ)യുമായി യാതൊരു ബന്ധവുമില്ലെന്ന് അദ്ദേഹം തുടർന്നു പറയുകയും ചെയ്യുന്നു.

ഏഷ്യൻ ടൈംസിലെ[8] ലേഖനത്തിൽ പ്രസ്തുത വ്യക്തി പറയുന്നത് യൂസ്ആസഫും സയ്യിദ് നസിറുദ്ദീനും ഇവിടെ അടക്കം ചെയ്യപ്പെട്ടിട്ടുണ്ട്; രണ്ടുപേരും മുസ്‌ലിംകളാണ് എന്നാണ്.

2007ൽ ബ്രിട്ടനിലെ ചാനൽ 4ൽ 'ദ ഹിഡൺ സ്റ്റോറി ഓഫ് ജീസസ്' എന്ന ക്രിസ്ത്യൻ സ്പെഷ്യൽ ഡോക്യുമെന്ററിയിൽ ഡോ. ഫിദാ ഹസനൈനുമായുള്ള അഭിമുഖത്തിന് ശേഷം മുഹമ്മദ് അമീൻ റിങ്ങ്സ്വാളുമായി ഒരു സംഭാഷണം കാണിക്കുകയുണ്ടായി. അതിൽ അദ്ദേഹം ഇപ്രകാരം പറയുന്നു.

*'ഇത് ഒരു മുസ്‌ലിം പ്രവാചകന്റെ കബറാണ്. എന്നാൽ യേശുവിനെ മറമാടിയത് ഇവിടെയല്ല. കാരണം യേശു ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്ന കാര്യം ഞങ്ങളുടെ വിശുദ്ധ ഗ്രന്ഥമായ ഖുർആനിൽ എഴുതപ്പെട്ടതാണ്. പക്ഷേ ഖാദിയാനികൾ അഥവാ മിർസായികൾ (അഹ്മദികളെ അവമതിച്ചുകൊണ്ടുള്ള ഒരു പ്രയോഗം) ഇത് ഈസാനബി(അ)യുടെ കബർ ആണെന്ന് പറയുന്നു. ഇത് തെറ്റാണ്. ലോകത്തുള്ള ഒരു മുസ്‌ലിമും ഈസാനബി(അ)യെ ഇവിടെ മറമാടി എന്നു പറയില്ല.*

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തോടുള്ള വ്യക്തമായ എതിർപ്പ് ഈ പ്രസ്താവനയിൽ കാണാം. ഖാദിയാനി, മിർസായി എന്നീ പദങ്ങളാണ് അവർ ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഈസാനബി (അ) യെകുറിച്ചുള്ള ഈ തിയറിയെ അനുകൂലിക്കുന്നവർ അഹ്മദികൾ മാത്രമാണ്. അഹ്മദിയ്യാ സമൂഹം നിലവിൽ വന്നതിന് ശേഷം അവരോട് തുടർന്നുവരുന്ന മുസ്‌ലിംകളുടെ എതിർപ്പാണ് റോസാബാലിനോടുള്ള കശ്മീർ നിവാസികളുടെ സമീപനത്തിൽ മാറ്റമുണ്ടാക്കിയത്. പ്രദേശവാസികളായ അനവധി പേർ ഈ കബർ യേശുവിന്റേതാണെന്ന് സാക്ഷ്യപ്പെടുത്തിയ പ്രസ്താവനകൾ ഞങ്ങൾ വായിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കബർ പരിപാലകർ അഹ്മദികൾ ഉയർത്തിപ്പിടിക്കുന്ന ഈ ചരിത്ര വസ്തുതയെ നിഷേധിക്കുകയാണ്.

### യൂസ്ആസഫ് യേശു ആണെന്നതിന് എന്താണ് തെളിവ്?

അനിഷേധ്യമായ ചില തെളിവുകളുടെ അടിസ്ഥാനത്തിൽ ശ്രീനഗറിലെ

കബറിടത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന വ്യക്തി യേശുവല്ല എന്ന് എങ്ങനെ വാദിക്കാൻ സാധിക്കും? യൂസ് ആസഫ് എന്ന വ്യക്തി യേശുവായിരുന്നു എന്നതിലേക്ക് നിരവധി തെളിവുകളുണ്ട്.

## കല്ലിൽ കൊത്തിയ കാൽപാദരൂപം

കല്ലിൽ കൊത്തിയെടുത്ത കാൽപാദങ്ങളുടെ രൂപം ഈ കബറിടത്തിലെ വളരെ ശ്രദ്ധേയമായ ഒരു അടയാളമാണ്. ഈയൊരു ചിഹ്നം കബറിൽ അന്ത്യവിശ്രമം കൊള്ളുന്ന ആളെ സംബന്ധിച്ച് വ്യക്തമായ സൂചന നൽകുന്നു. ലോൺലി പ്ളാനറ്റിലെ അവസാനത്തെ പേജുകളിൽ ഇത് സംബന്ധിച്ച വിവരങ്ങളുണ്ട്. അദ്ഭുതകരമായിട്ടുള്ള കാര്യം ഈ വിവരങ്ങളെല്ലാം നൂറ് വർഷം മുമ്പെഴുതിയ മൗലവി അബ്ദുല്ലാസാഹിബിന്റെ കത്തിലുള്ളതാണ് എന്നതാണ്. കത്തിലെ പരാമർശം ഇങ്ങനെയാണ്.

'അല്ലാഹുവിന്റെ ഈ പ്രവാചകന്റെ കബറിടത്തിന്റെ വലത് വശത്തെ മൂലയിൽ ഒരു കല്ലുണ്ട്. അതിൽ ഒരു മനുഷ്യന്റെ കാൽപാദങ്ങളുടെ അടയാളവുമുണ്ട്. ഒരു പ്രവാചകന്റെ കാൽപാദങ്ങളാണ് ഇതെന്ന് പറയപ്പെടുന്നു. ഈ രാജകുമാരനായ പ്രവാചകന്റെ കാൽപാദ മുദ്ര ഒരു അടയാളമാണ്.'

പല ഗവേഷകന്മാരും ഈ കാൽപാദങ്ങളും ഇരുപാദങ്ങളിലും ക്രൂശീകരണ വേളയിലുണ്ടായ പരിക്കും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കാൽപാദങ്ങളുടെ മുൻവശത്തെ മുറിപ്പാടുകളും മറ്റു പാടുകളും വളരെ ശ്രദ്ധേയമാണ്. ബി.ബി.സി 4 ഡോക്യുമെന്ററി കാൽപാദങ്ങളിലെ ഈ മുറിവുകളെ പറ്റി ഇപ്രകാരം പരാമർശിച്ചിരുന്നു.

'പെരുവിരലിന് പിറകിലുള്ള ഇരു കാൽപാദങ്ങളിലെ മുറിവടയാളങ്ങൾ രണ്ടും ഒരുപോലെയല്ല. ഇടത് കാൽപാദം വലത് കാൽപാദത്തിന്റെ മുകളിൽ കയറ്റിവെച്ച് ഒരൊറ്റ ആണി കുത്തിക്കയറ്റിയിട്ടായിരിക്കണം ക്രൂശിച്ചത്. [9]

ഈ കബർ ചിത്രീകരിച്ച ഡോക്യുമെന്ററികളിലും അതിനെ പറ്റി എഴുതപ്പെട്ട പുസ്തകങ്ങളിലും സുപ്രധാനമായ ഒരു തെളിവായി ഈ കാൽപാദങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഡോ. ഫിദ ഹസനൈൻ കല്ലിൽ കൊത്തിവെച്ച ഈ കാൽപാദങ്ങളെ പറ്റി തന്റെ വ്യക്തിപരമായ കണ്ടെത്തലുകൾ ഡിസ്കവറി ചാനലിൽ വിവരിച്ചിരുന്നു.

'ഞാൻ എന്റെ സഹായിയോട് അത് (കല്ലിൽ കണ്ടെത്തിയ കാൽപാദരൂപം)



കല്ലറക്കകത്തെ ആണിയടിച്ച അടയാളത്തോടുകൂടിയ കാല്പാദ മുദ്ര

വൃത്തിയാക്കാൻ ആവശ്യപ്പെട്ടു. അത് കറുത്ത ഒരു കല്ലായിരുന്നു. ചളി നിറഞ്ഞ ആ കല്ലിലെ മാലിന്യമെല്ലാം നീക്കി അദ്ദേഹം പറഞ്ഞു: 'ഇതൊരു കൊത്തുപണികളുള്ള കല്ലാണെന്ന് തോന്നുന്നു'. ഞങ്ങൾ അതിന്റെ ഉപരിതലം വൃത്തിയാക്കിയപ്പോൾ അതൊരു കാൽപാദരൂപമാണെന്ന് വ്യക്തമായും തെളിഞ്ഞു. അതിലേക്ക് നോക്കിയപ്പോൾ അതിൽ മുറിവേറ്റതിന്റെ പാടുകളുമുണ്ടായിരുന്നു.(10)

'പാദമുദ്രകളുടെ ശില്പവേലകൾ ചരിത്രസ്മാരകങ്ങളിൽ സാധാരണമാണ്. എന്നാൽ ഇത്തരത്തിൽ മുറിവേറ്റ അടയാളങ്ങളോടുകൂടിയ പാദമുദ്രകൾ ഞാനെവിടെയും കണ്ടിട്ടില്ല' എന്ന് ഡോ. ഹസനൈൻ പറഞ്ഞു.

'മുറിവേറ്റതിന്റെ ഈ അടയാളം കണ്ടപ്പോൾ ഞാൻ അദ്ഭുതപരതന്ത്രനായി. കുരിശിൽ ആണിയടിച്ച നിലയിൽ ക്രൂശിതനായി നില്ക്കുന്ന യേശുവിന്റെ രൂപമാണ് എനിക്കപ്പോൾ ഓർമ വന്നത്.'

ഈ അടയാളം കബറടക്കം ചെയ്യപ്പെട്ട വ്യക്തിയെ സംബന്ധിച്ച് വ്യക്തമായ സൂചനകൾ നൽകുന്നില്ലേ? ഈ വിസ്മയകരമായ കൊത്തുപണി കല്ലറ ഗവേഷണം നടത്തുന്ന ആളുകളെയെല്ലാം ആകർഷിച്ചിട്ടുണ്ട്. ഈ കൊത്തുപണി നടത്തിയ ശില്പി എന്ത് സൂചന നൽകാനാണ് ഉദ്ദേശിച്ചിട്ടുണ്ടാവുക. കല്ലിൽ കൊത്തിയ ഈ ശില്പം അവിടെ പ്രധാന സൂചകമായി സ്ഥാപിക്കാൻ എന്താണ് പ്രചോദനം?

## കബറിന്റെ ദിശ

മറ്റൊരു തെളിവ് കബറിന്റെ ദിശയാണ്. യൂസ്ആസഫിന്റെ ഈ കബർ കിഴക്ക് – പടിഞ്ഞാറായിട്ടാണ് കിടക്കുന്നത്. യഹൂദന്മാർ മരിച്ചവരെ സംസ്കരിച്ചിരുന്നത് ഈ ദിശയിലാണ്. മുസ്‌ലിംകൾ അവരുടെ ആചാരമനുസരിച്ച് മൃതദേഹം വലത് ഭാഗത്തേക്ക് ചരിച്ചു കിടത്തി മക്കത്തെ കിബ്‌ലയെ അഭിമുഖമാക്കിക്കൊണ്ടാണ് പരമ്പരാഗതമായി കബറടക്കം നടത്തിയിരുന്നത്. ആയതിനാൽ കബറടക്കിയ വ്യക്തി മുസ്‌ലിം അല്ല എന്നും ഇസ്രയീൽ ഗോത്രത്തിൽ പെട്ട ആളാണെന്നും വ്യക്തമായി.

കിഴക്ക് പടിഞ്ഞാറ് ദിശയിലാണ് യൂസ് ആസഫ് കബറടക്കം ചെയ്യപ്പെട്ടത് എന്നതിന് മറ്റൊരു സുപ്രധാനമായ തെളിവുണ്ട്. ഹിജ്റ മൂന്ന് നാല് നൂറ്റാണ്ടുകളിൽ ജീവിച്ച പൗരസ്ത്യ എഴുത്തുകാരനാണ് ശൈഖ് അൽ സയ്ദ് അസ്സാദിക്ക്. ചരിത്രകാരനുമായിരുന്ന അദ്ദേഹം ഹിജ്റ വർഷം (ക്രി. വ. 962) 381ലാണ് മരണമടഞ്ഞത്. അദ്ദേഹം 300 ഓളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രശസ്തമായത് 'ഇക്മാലുദ്ദീൻ' എന്ന ഗ്രന്ഥമാണ്. ക്രി.വ. 1782ലാണ് ആ ഗ്രന്ഥം ആദ്യമായി ഇറാനിൽ അച്ചടിക്കുന്നത്. ഈ പുസ്തകത്തിൽ യൂസ്ആസഫിന്റെ മരണരംഗം വിവരിക്കുന്നത് ഇപ്രകാരമാണ്.

'അദ്ദേഹത്തിന് വേണ്ടി ഒരു കബർ തയ്യാറാക്കാൻ ബദാദിനോട് നിർദേശിച്ചു പിന്നീട് അദ്ദേഹം തന്റെ കാലുകൾ പടിഞ്ഞാറു ഭാഗത്തേക്കും തല കിഴക്ക് ഭാഗത്തേക്കുമായി നിവർന്നു കിടന്ന് പരലോകം പൂകി. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. [11]

യൂസ്ആസഫ് ഒരു മുസ്‌ലിം പുണ്യവാളനാണെന്ന് ആരെങ്കിലും വാദിക്കുന്നുവെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിന്റെ കബർ യഹൂദമാതൃകയിൽ കിഴക്ക് പടിഞ്ഞാറ് ദിശയിൽ മറവ് ചെയ്തു?

## സഞ്ചാരിയായ പരദേശി

പ്രാദേശിക പാരമ്പര്യവും കശ്മീർ ചരിത്രവും യൂസ് ആസഫിനെ പറ്റി വിവരിക്കുന്നത് അദ്ദേഹം വിദേശത്ത് നിന്ന് വന്ന സഞ്ചാരിയാണെന്നാണ്. ഈ വസ്തുത കബർ യേശുവിന്റേതാണെന്ന സത്യത്തെ ഒരിക്കൽ കൂടി ബലപ്പെടുത്തുന്നു. കാരണം ഇസ്‌ലാമിക പാരമ്പര്യത്തിൽ യേശു ദീർഘസഞ്ചാരിയായ പ്രവാചകനായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. [12]

രസകരമായ കാര്യം വിദേശത്ത് നിന്ന് വന്നയാളാണ് യൂസ്ആസഫ്

എന്ന ഈ പാരമ്പര്യ വിശ്വാസം പ്രദേശവാസികൾക്കിടയിൽ മങ്ങലേൽക്കാതെ നിൽക്കുന്നു എന്നതാണ്. പോൾ ഡേവീസിന്റെ ഫിലിമിലുള്ള അഭിമുഖ സംഭാഷണത്തിൽ ഒരു പ്രദേശവാസി അഭിമാനത്തോടെ ഇപ്രകാരം പറയുന്നു.

**മുസ്‌ലിം പ്രദേശവാസി:** 'ഈ കബർ വളരെ പുരാതനമാണ്. എത്ര പഴക്കമുണ്ടെന്ന് ഞങ്ങൾക്ക് പറയാൻ സാധ്യമല്ല. ഞങ്ങളുടെ പൂർവികർ പറയാറുള്ളത് മുഴുലോകത്തും ഇത് പോലെയൊരു കബർ ഇല്ല എന്നാണ്. ഇത് ദൈവത്തിന്റെ ഒരു ദൂതനാകുന്നു. അദ്ദേഹം ഈജിപ്തിൽ നിന്നോ അത് പോലെയുള്ള സ്ഥലത്ത് നിന്നോ ആണ് വന്നത്. ഇവിടെയാണ് അദ്ദേഹം ആരാധനയിൽ മുഴുകി കഴിഞ്ഞത്. ഇവിടെയുള്ള മുസ്‌ലിംകളുടെ സ്നേഹവും ആതിഥ്യവും അദ്ദേഹത്തിന് ഇഷ്ടമായി. അദ്ദേഹം വന്ന സ്ഥലത്തേക്ക് തിരിച്ചു പോയിട്ടുണ്ടാകില്ല. കാരണം അദ്ദേഹം ഇവിടെ അത്യധികം ബഹുമാനിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഇവിടെ മരിക്കുകയും ഇവിടെ കബറടക്കപ്പെടുകയും ചെയ്തു. ഇതാണ് വസ്തുതകൾ.'

ഇവിടെയുള്ള മുസ്‌ലിംകളുടെ ആതിഥ്യമര്യാദ കാരണം അദ്ദേഹം ഇവിടെ താമസിച്ചുവെന്ന കാര്യം വസ്തുതകളുമായി ഒത്തുപോകുന്നില്ല. ഇവിടുത്തെ പുരാതനപാരമ്പര്യപ്രകാരം ഈ കബറിന് 2000 വർഷത്തെ പഴക്കമുണ്ട്. അത് ഇസ്‌ലാമിന്റെ ആവിർഭാവത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പാണ്. മേൽ ഉദ്ധരണി കബറിനെപ്പറ്റി ചില വിസ്മയകരമായ വസ്തുതകളിലേക്ക് വെളിച്ചം വീശുന്നു. ഈ പ്രസ്താവന യൂസ് ആസഫ് വിദേശത്തു നിന്ന് വന്നു എന്നു മാത്രമല്ല ഈജിപ്തിൽ നിന്നാണ് വന്നതെന്ന് വ്യക്തമായി സൂചിപ്പിക്കുകയും ചെയ്യുന്നു. ഈ കബറിന് യേശുവുമായി യാതൊരു ബന്ധവുമില്ല എന്ന് പ്രദേശവാസി പറയുമ്പോൾ തന്നെ യൂസ് ആസഫ് ഈജിപ്തിൽ നിന്നാണ് വന്നതെന്ന് പറയുന്നു. യേശു ഈജിപ്തിൽ വസിച്ചിരുന്നതായി ബൈബിൾ പുതിയ നിയമം വ്യക്തമായും പറയുന്നു[15] യൂസ് ആസഫിന്റെ പ്രവാചകത്വവും പ്രദേശവാസിയുടെ പ്രസ്താവനയിൽ നിന്ന് സ്ഥിരീകരിക്കപ്പെടുന്നു. യേശു പ്രവാചകനാണെന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

## സോളമൻ ക്ഷേത്രത്തിലെ ശിലാരേഖകൾ

യൂസ്ആസഫിനെ സംബന്ധിച്ച ഏറ്റവും വ്യക്തമായ രണ്ട് പരാമർശങ്ങൾ കശ്മീരിലെ സോളമൻ ക്ഷേത്രം



ഡോ. ഫിദാ ഹസനൈൻ

(Solomon Temple) എന്നറിയപ്പെടുന്ന ആരാധനാലയത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ ലിഖിതത്തിലെ ആദ്യത്തെ രണ്ട് വരി ഇപ്പോഴും നിലനില്ക്കുന്നു. അവസാനത്തെ രണ്ട് വരി വായിക്കാൻ കഴിയാത്ത വിധം മായ്ച്ച്കളഞ്ഞിരിക്കുന്നു. പക്ഷേ ആ നാലുവരികൾ ഖ്വാജാ ഹസൻ മാലിക്ക് തന്റെ 'താരിഖെ കശ്മീർ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

ബഹ്സ്തി സർഗാറിന്റെ ഒരു ഉപാസകനാണ് ഈ സ്തംഭം പണിത വാസ്തുശില്പി.

മുർജാന്റെ മകൻ ഖ്വാജാറുകാൻ ഈ സ്തംഭം പണിതു.

ഈ സന്ദർഭത്തിലാണ് വർഷം അമ്പത്തിനാലിൽ യൂസ് ആസഫ് അദ്ദേഹത്തിന്റെ പ്രവാചകത്വം പ്രഖ്യാപിച്ചത്.

അദ്ദേഹം യേശുവാണ്, ഇസ്രയീൽ സന്തതികൾക്ക് പ്രവാചകനായി വന്നയാളാണ്.

ഈ ലിഖിതം വളരെ വ്യക്തവും സമഗ്രവുമാണ്. പക്ഷേ ചില പ്രശ്നങ്ങൾ ഇത് സംബന്ധമായി അവശേഷിക്കുന്നു. ഈ ലിഖിതത്തിന് എത്ര പഴക്കമുണ്ട്? ആരാണ് ഇത് നീക്കം ചെയ്തത്? എന്തുകൊണ്ട് ഇത് നീക്കം ചെയ്തു? ഇവിടെ പ്രതിപാദിച്ച 54-ാം വർഷം എന്നത് ക്രിസ്തുവർഷം 54 ആണോ? അതല്ല ക്രിസ്തുവർഷം 673 ആയി കണക്കാക്കാവുന്ന ഹിജ്റ വർഷം 54 ആണോ?

54-ാം വർഷത്തെ സംബന്ധിച്ച് ഡോ. ഫിദാ ഹസനൈൻന്റെ അഭിപ്രായം അത് ലൗകികവർഷം എന്ന കാലഗണനയാണെന്നാണ്. കശ്മീരിൽ മാത്രം ഉപയോഗിച്ചിരുന്ന ഒരു പ്രത്യേക കാലഗണനയാണ് ലൗകിക വർഷം. ബി.സി. 3076ലായിരിക്കണം അത് ആരംഭിച്ചിരിക്കുക. അദ്ദേഹം എഴുതുന്നു:

'ആ കാലഘട്ടത്തിൽ ലൗകിക വർഷം കശ്മീരിൽ മാത്രം ഉപയോഗിച്ചുവരുന്ന ഒരു കാലഗണനാസമ്പ്രദായമായിരുന്നു. ഈ കാലഗണന ബി.സി. 3076ലാണ് ആരംഭിച്ചതെങ്കിൽ ഈ ലിഖിതത്തിൽ പരാമർശിച്ച വർഷം ബി.സി. 22ലോ അല്ലെങ്കിൽ എ.ഡി. 78ലോ ആയിരിക്കും (ലൗകികവർഷം 1 ബി.സി. 3076 ആണെങ്കിൽ ലൗകികവർഷം 3054 ബി.സി. 22 ആയിരിക്കും. ലൗകിക വർഷം 3154 എ.ഡി. 78ലും ആയിരിക്കും). ബി.സി. 22നു യേശു കശ്മീരിലെത്താൻ യാതൊരു സാധ്യതയുമില്ല. അതിനാൽ ലിഖിതത്തിൽ രേഖപ്പെടുത്തിയ വർഷത്തെ എ.ഡി. 78 ആയി ഗണിക്കുന്നു. [14]

ഈ തിയറിയോട് ആഭിമുഖ്യമുള്ളവർ ഈ വിവരണത്തോട് യോജിക്കുന്നു. വിമർശകർ കൂടുതൽ തെളിവുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

## പണ്ഡിതന്മാരും ഗവേഷകരും

കശ്മീരിലെ ഈ കബർ യേശുവിന്റേതാണ് എന്നതിനെ സംബന്ധിച്ച് ഇത്തരത്തിലുള്ള തെളിവുകൾ പല തരത്തിലുള്ള പണ്ഡിതന്മാരെയും ഗവേഷകന്മാരെയും ഇവിടേക്ക് ആകർഷിക്കുകയുണ്ടായി. ഈ തിയറിയെ സംബന്ധിച്ച് വിമർശനമുന്നയിക്കുന്ന കശ്മീരികളായ ആളുകൾ ഇത് അഹ്മദികൾ മാത്രം എഴുതിവിടുന്നതാണെന്നാണ് പറയാറ്. എന്നാൽ അഹ്മദിയ്യാ മുസ്‌ലിം സമൂഹവുമായി യാതൊരു വിധ ബന്ധവുമില്ലാത്ത നിരവധി



സൂസന്ന ഓൽഡ്ഡൺ

പണ്ഡിതന്മാരും ഗവേഷകന്മാരും ഈ വിഷയത്തെ സംബന്ധിച്ച് എഴുതി തുടങ്ങിയിരിക്കുന്നു. ഈ തിയറിയെ പിന്തുണക്കുന്നവർ എണ്ണത്തിൽ കുറവാണെങ്കിലും പലവിധ പശ്ചാത്തലത്തിൽ നിന്ന് വരുന്നവരാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധ മതവിശ്വാസത്തിൽപ്പെട്ട ഗവേഷകർ അക്കൂട്ടത്തിലുണ്ട്. അവരെല്ലാം തന്നെ എത്തിപ്പെടുന്ന നിഗമനം ഈ കബർ യേശുവിന്റേത് തന്നെയാണെന്നാണ്.

അമേരിക്കൻ ഗവേഷകയും ക്രിസ്തുമത വിശ്വാസിയുമായ സൂസന്ന ഓൽഡ്ഡൺ വളരെ വർഷങ്ങളോളം കബറിനെ കുറിച്ച് പഠിക്കുകയും ലേഖനമെ

ഴുതുകയും ചെയ്ത എഴുത്തുകാരിയാണ്. കബറിൽ നിന്ന് ഡി.എൻ.എ സാമ്പിളുകൾ ശേഖരിക്കാൻ അവർ ശ്രമം നടത്തുകയും പുതിയ ഗവേഷണങ്ങൾ അവിടെ നടത്തുകയുമുണ്ടായി. യേശുവാണ് അവിടെ മറമാടപ്പെട്ടിരിക്കുന്നതെന്ന കാര്യത്തിൽ അവർക്ക് യാതൊരു സംശയവുമില്ല.[15]

ഹോൾഗർ കെർസ്റ്റൺ യേശുവിന്റെ ഇന്ത്യയിലേക്കുള്ള സഞ്ചാരങ്ങളെക്കുറിച്ച് വിശദമായി എഴുതിയ ഒരു ജർമൻ പണ്ഡിതനാണ്. ഇപ്പോൾ ബുദ്ധമതം സ്വീകരിച്ച കെർസ്റ്റൺ റോസാബാലിലെ കബറിനെക്കുറിച്ചും എഴുതിയിട്ടുണ്ട്. [16] 1994 ലാണ് കെർസ്റ്റണറുടെ 'Jesus lived in India' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. യേശു ക്രൂശീകരണത്തെ അതിജീവിച്ച് കശ്മീരിലേക്ക് യാത്ര പോയി എന്ന വീക്ഷണം ഈ ഗവേഷകൻ അംഗീകരിക്കുന്നു. റോസാബാലിലെ കബർ യേശുവിന്റെതാണെന്നും യൂസ് ആസഫ് എന്ന വ്യക്തി യേശുവാണെന്നും അദ്ദേഹം സമർഥിക്കുന്നു.

ഈയിടെ ഇന്ത്യക്കാരിയായ ഒരു സിഖ് ഗവേഷക ഈ കബർ സന്ദർശിച്ചു. ഇത് സംബന്ധിച്ച് വിശദമായ ഒരു വിശകലനം നടത്തിക്കൊണ്ടെഴുതിയ ലേഖനം Review of Religion പ്രസിദ്ധീകരിച്ചിരുന്നു.

കശ്മീരിലെ റോസാബാലിലെ കബറിനെ സംബന്ധിച്ച് വ്യത്യസ്ത വീക്ഷണവും പശ്ചാത്തലവും വിശ്വാസവുമുള്ള ആളുകളുടെ ഗവേഷണങ്ങളെല്ലാം ഒരേ നിഗമനത്തിലാണ് എത്തിച്ചേർന്നത്. ഇവരാരും തന്നെ അഹ്മദി മുസ്‌ലിംകളല്ല. റോസാബാലിലെ കബർ യേശുവിന്റേതാണെന്ന വാദം അഹ്മദികളുടേത് മാത്രമാണെന്ന വാദത്തെ ശക്തമായി ഈ ഗവേഷകന്മാരുടെ സാന്നിധ്യം നിരാകരിക്കുന്നു.

**ഉപസംഹാരം**

മറ്റൊരു വിഷമകരമായ വസ്തുത ഈ കബറിന്റെ മുകളിലെ കെട്ടിടം നിരന്തരം മാറ്റിക്കൊണ്ടിരിക്കുകയും നവീകരിക്കുകയുമാണ് എന്നുള്ളതാണ്. പല നിർമാണങ്ങളും പുതുതായി നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ കബർ പരിപാലകർ കബറിന് ഗുരുതരമായ കേടുപാടുകൾ വരുത്തിവെക്കുന്നു. അവർ ഈ കബറുമായി ബന്ധപ്പെട്ട പുരാവസ്തുക്കൾ വിറ്റു കാശാക്കുകയും പലരുടെയും വീടുകളിലേക്ക് എടുത്തുകൊണ്ടുപോകുകയും ചെയ്യുന്നു.

'Jesus in India' എന്ന പോൾ ഡേവീസിന്റെ ഡോക്യുമെന്ററിയിൽ കബറിനടുത്ത് കല്ലിൽ കൊത്തിവച്ച കാൽപാദങ്ങളുടെ രൂപം മറച്ചുവെച്ചിരിക്കുന്നതായി കാണുന്നു. ഈ കാൽപാദങ്ങൾ യേശുവുമായും ക്രൂശീകരണവുമായും ബന്ധിപ്പിക്കുന്ന സുപ്രധാനമായ ഒരു പുരാവസ്തുവാണ്. ഇപ്പോഴത്തെ പരിപാലകർ കബറടക്കിയ ആളെ സംബന്ധിച്ച അടയാളങ്ങൾ പരമാവധി മായ്ച്ചുകളയാൻ ശ്രമിക്കുകയാണ്. എന്നാൽ ഈ കബറിനെ സംബന്ധിച്ച അനേകായിരം ഫോട്ടോകളും മറ്റു ഡോക്യുമെന്ററികളും ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കബറിടത്തിൽ നടക്കുന്ന നശീകരണപ്രവർത്തനങ്ങൾ ആശങ്കാജനകമാണ്.

ഈ കബറിന്റെ ഭാവി എന്തായി തീരും എന്നത് അപ്രവചനീയമാണ്. ഈ കബർ പരിപാലിക്കുന്നവരും പ്രാദേശിക നിവാസികളും ഈ കബറിന് യേശുവുമായി യാതൊരു ബന്ധവുമില്ലെന്ന് തറപ്പിച്ചു പറയുന്നു. അതുകൊണ്ട് ഈ കബർ പൂട്ടി ബന്ധാക്കണം എന്ന് അവർ ആവശ്യപ്പെടുന്നു. ഈ കബറിനെ സംബന്ധിച്ച് ഒരു പ്രസിദ്ധീകരണവും അവർ അനുവദിക്കുന്നില്ല. എങ്കിലും യേശുവുമായി ബന്ധപ്പെടുത്തി കബറിനെ പറ്റിയുള്ള പ്രസിദ്ധീകരണങ്ങളും ഡോക്യുമെന്ററികളും മുറക്ക് പ്രചരിക്കുന്നുമുണ്ട്. ദിവസം കഴിയുന്തോറും ലോകത്തിന് ഈ കബറിനെ സംബന്ധിച്ച താല്പര്യം വർദ്ധിച്ചുവരുന്നു. കൂടുതൽ ആളുകൾ ഇത് ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു. കബറിനെ പറ്റി യേശുവിന്റെതാണെന്നും അല്ലെന്നും വിശ്വസിക്കുന്ന ജനങ്ങൾ കബർ സന്ദർശിക്കാൻ പ്രവഹിക്കുകയാണ്.

ഈ പ്രശ്നത്തിന് കൂനിൽമേൽ കുരു എന്നത് പോലെയുള്ള കാര്യം കബർ സ്ഥിതിചെയ്യുന്ന സ്ഥലം ഭീകരവാദത്തിന്റെ താവളമാണ് എന്നതാണ്. ഇത് കൂടുതൽ ഗവേഷണപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു. ഈ കബറിനെ ചൂഴ്ന്നുനില്ക്കുന്ന നിഗൂഢസത്യം എന്നെങ്കിലും വെളിപ്പെടുമോ? ഈ കബറിൽ അന്ത്യവിശ്രമം കൊള്ളുന്ന വ്യക്തിയെ പറ്റിയുള്ള സത്യം വെളിപ്പെടുത്തുന്ന ഏതൊരു ശ്രമവും അത്യന്തം പ്രകോപനപരമാണ്. അത് കൊണ്ട് തന്നെ അത്തരം പ്രസ്താവനകൾ അങ്ങേയറ്റം നയസമീപനം ആവശ്യപ്പെടുന്നു.

## References and notes:


1.Tourists flock to 'Jesus's tomb' in Kashmir - BBC News - http:/news.bbc.co.uk/1.hi/programmes/from_our_own_correspondent/8587838.stm
2.The Times - He's not the Messiah, locals tell Lonely Planet 'Jesus tomb' tourists - http:/www.timesonline.co.uk/tol/news/world/asia/article70852907.ece
3.The Times of India - Tomb Raider: Jesus buried in Srinagar? http:/timesofindia.indiatimes.com/articlesshow/5906304.cms
4.The book appeared in India Today's Best-seller List three months in a row (March 2009).
5.Hadhrat Mirza Ghulam Ahamad, Masih Hindustein Mein (Jesus in India), 1908.
6.Jesus in India - Paul Daveds - Universal Studies - Sundance Channel, December 2008.
7.Ibid.
8.Asia Times - Holy Row in Kashmir over 'Jesus Tomb' - May 22nd 2010 - http:/www.atimes.com/atimes/South_Asia/LE22Df03.html
9.BBC 4 - Did Jesus Die? (2003) - Wild Planet Films.
10.Jesus in the Himalayas - documentary featuring anthropologist Jeff Salz shown on the Discovery Channel, first in 2001, and repeated periodically.
11.The author of Ikmal-ud-Din died in Khorasan in 962 AD.
12.Muslim savant.
13.Matthew 2:13 states that Joseph was instructed by an angel to take Jesus and Mary, and to flee to Egypt to avoid King Herod, the Great.
14.The Fifth Gospel - Dr Fida Hassnain.
15.Rozabal - The Tomb of Jesus - latest book published by Suzanne Olsson and Dr. Fida Hassnain.
16.Jesus Lived in India - written by Holger Kersten in 1994.
17.Humanity's Messiah - Mantoshe Singh Devji - reviewed in June 2010 The Review of Religious Edition.


**യേശുവിനെപറ്റി നെഹ്റു**

'മദ്ധ്യേഷ്യയിലെല്ലായിടത്തും ലഡാക്കിലും തിബത്തിലും അവയ്ക്ക് വടക്കുള്ള പ്രദേശങ്ങളിൽ പോലും യേശു അഥവാ ഈസ സഞ്ചരിച്ചിരുന്നുവെന്ന് ബലമായ വിശ്വാസം നിലനിന്നുവരുന്നു. അദ്ദേഹം ഇന്ത്യയും സന്ദർശിക്കുകയുണ്ടായെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ അദ്ദേഹം അങ്ങനെ ചെയ്തിരിക്കാമെന്നതിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല'.

ജവഹർലാൽ നെഹ്റു– വിശ്വചരിത്രാവലോകം



# പുറപ്പാടിന്റെ കാലനിർണയം

ഫരീദ

ഇസ്രായേലികളുടെ ഈജിപ്തിലെ ഫറോവമാരുടെ കീഴിലുള്ള അടിമത്തവും അവിടെ നിന്ന് ഫലസ്തീനിലേക്കുള്ള മോചനവും വിവരിക്കുന്ന ബൈബിൾ അദ്ധ്യായമാണ് 'പുറപ്പാട്'. ഈജിപ്തിന്റെ അക്കാദമിക്ക് ചരിത്രത്തിൽ ഇതുസംബന്ധിച്ച് രേഖകളില്ല. അത് കണ്ടെത്താനുള്ള ചരിത്രഗവേഷണശ്രമങ്ങളെപ്പറ്റി

**ബൈ**ബിൾ പഴയ നിയമത്തിലെ 'പുറപ്പാട്' (Exodus) പുസ്തകത്തിലെ വിവരണങ്ങൾ യഹൂദ ചരിത്രത്തിലെ മുഖ്യ സംഭവങ്ങളാണ്. ഫറോവയുടെ കീഴിലെ ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്ന് യഹൂദരുടെ മോചനവും അതുപോലെ സീനാ പർവതത്തിൽ വെച്ച് മോസസിനുണ്ടായ വെളിപാടുകളുമടങ്ങിയതാണ് പുറപ്പാട് പുസ്തകം. ഇസ്രയേൽ സമുദായം ഒരു ജനതയായി രൂപപ്പെട്ടതും ദൈവവുമായുള്ള അവരുടെ സമാഗമങ്ങളും ഇതിൽ വിവരിച്ചിരിക്കുന്നു.

ഇസ്രയേല്യരുടെ ഈജിപ്ഷ്യൻ അടിമത്തത്തിന്റെ പരിപ്രേക്ഷ്യത്തിലാണ് 'പുറപ്പാട്' അദ്ധ്യായം ആരംഭിക്കുന്നത്. ജോസഫിന് 350 വർഷങ്ങൾക്ക് ശേഷം ഇസ്രയേല്യർ ഈജിപ്തിൽ അടിമകളായി മാറുകയാണുണ്ടായത്.

ഈ സന്ദർഭത്തിലാണ് ലേവ്യഗോത്രത്തിൽപ്പെട്ട യഹൂദ ദമ്പതികൾക്ക് മോസസ് എന്ന കുഞ്ഞ് ജനിക്കുന്നത്. അപ്പോൾ ജനിക്കുന്ന എല്ലാ ആൺകുഞ്ഞുങ്ങളേയും കൊന്നുകളയണമെന്ന ആജ്ഞ ഫറോവ പുറപ്പെടുവിച്ചിരുന്നു. ഇത് കാരണം മോസസിന്റെ മാതാവ് അവനെ ഒരു കൂടയിൽ കിടത്തി സുരക്ഷിതമായി നദിയിലൊഴുക്കുകയുണ്ടായി. നദിയിൽ വെച്ച് ഫറോവയുടെ പുത്രി മോസസിനെ കണ്ടെടുക്കുകയും കൊട്ടാരത്തിൽ കൊണ്ടുവരികയും ചെയ്തു. പ്രായപൂർത്തിയെത്തിയതിന് ശേഷം മോസസ് മിദിയൻ ദേശത്തേക്ക് പാലായനം ചെയ്യുകയും അവിടെ ജെത്രോ എന്ന ആളുടെ മകളെ വിവാഹം ചെയ്യുകയും ചെയ്തു. മിദിയനിലെ വാസക്കാലത്തിനിടയിൽ അദ്ദേഹം സീനാപർവതത്തിൽ വെച്ച് തിളങ്ങുന്ന ഒരു വൃക്ഷം കാണുകയുണ്ടായി. അവിടെ വെച്ച് അദ്ദേഹത്തിന് ജനതയെ മോചിപ്പിക്കാനുള്ള ദിവ്യദൗത്യം നൽകപ്പെട്ടു. അതിനുശേഷമാണ് ഫറോവയും മോസസുമായുള്ള അഭിമുഖം ആരംഭിക്കുന്നത്. മോസസ് തന്റെ ജനതയുടെ അടിമത്തത്തിൽനിന്നുള്ള മോചനം ഫറോവയോട് ആവശ്യപ്പെടുകയുണ്ടായി. പക്ഷേ ഫറോവ കൂടുതൽ കഠിന ഹൃദയനായി മാറുകയായിരുന്നു. അതോടൊപ്പം ഫറോവയ്ക്ക് ഇടക്കിടെ സാംക്രമിക രോഗങ്ങൾ പിടിപെട്ട്കൊണ്ടിരുന്നു. അവസാനം മോസസ് ഇസ്രയേലികളെ ഫറോവയുടെ അടിമത്തത്തിൽനിന്ന് രക്ഷിക്കുകയുണ്ടായി. ഫറോവയുടെ സൈന്യം മോസസിനെ പിന്തുടർന്നു. പക്ഷേ ദൈവം ഇസ്രയേലികൾക്ക് രക്ഷപ്പെടാൻ കടൽ വിഭജിച്ചുകൊണ്ട് ഒരു രക്ഷാപാതയൊരുക്കുകയാണുണ്ടായത്.

ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്ന് ഫലസ്തീനിലേക്കുള്ള പാലായനം പുറപ്പാട് പുസ്തകത്തിൽ ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. കൂടാതെ ഇസ്രയേല്യർക്ക് സീനാ പർവതത്തിൽ വെച്ച് നൽകപ്പെട്ട നിയമങ്ങളും നടപടികളെ പറ്റിയും വർണിച്ചിരിക്കുന്നു. പുറപ്പാട് പുസ്തകം യഹൂദ ചരിത്രത്തിലെ നിർണായക സംഭവങ്ങൾ വിവരിച്ച പുസ്തകമാണെന്നതിൽ തർക്കമില്ല.

### പുറപ്പാടിന്റെ കാല നിർണയം

യഹൂദികളുടെ ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ കാലം നിർണയം ചെയ്യാൻ ധാരാളം ശ്രമങ്ങളുണ്ടായിട്ടുണ്ട്. കാലനിർണയത്തിന്റെ ഒന്നാമത്തെ പ്രമാണം ബൈബിൾ തന്നെയാണ് I രാജ 6:1 പുറപ്പാടിന് ശേഷം 480 വർഷങ്ങൾക്ക് ശേഷമാണ് സോളമന്റെ ആരാധനാലയം പണികഴിപ്പിച്ചത് എന്നാണ് ബൈബിൾ പരാമർശം (ബൈബിളിന്റെ LXX ാം പതിപ്പിൽ 440 വർഷങ്ങൾക്ക് ശേഷം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്). ചില ചരിത്രകാരന്മാർ 12 തലമുറകൾക്ക് ശേഷം എന്ന കണക്കനുസരിച്ച് ഓരോ തലമുറക്കും 40 വീതം വർഷം വെച്ച് 480 വർഷമാണ് ഏകദേശം കാലനിർണയം

നടത്തിയിട്ടുള്ളത്. സോളമന്റെ ആരാധനാലയം പണിതത് ക്രിസ്തുവിന് 970 വർഷം മുമ്പാണ്. ഇതിൽനിന്ന് പുറപ്പാട് ക്രിസ്തുവിന് 1450 വർഷങ്ങൾക്ക് മുമ്പാണ് എന്ന് മനസ്സിലാകുന്നു. ആ സമയത്ത് തുത്മോസസ് (Tuthmosis) ഫറോവയുടെ ഭരണകാലമാണ്. മറ്റൊരു ഗണനപ്രകാരം ഇസ്രയേലികളെ നിർബന്ധിച്ചു കൊണ്ട് പൈരംസീസ് എന്ന പട്ടണം നിർമിച്ചതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. പുറപ്പാടിന്റെ കാലത്തെ ഫറോവയെപറ്റിയുള്ള അന്വേഷണം പരമ്പരാഗതമായി ചെന്നെത്തുന്നത് പത്തൊമ്പതാം രാജവംശത്തിലെ രംസീസ് രണ്ടാമനിലാണ്. പതിനെട്ടാം രാജവംശത്തേക്കാൾ കൂടുതൽ പത്തൊമ്പതാം രാജവംശത്തിന്റെ കാലത്താണ് 'പുറപ്പാട്' സംഭവിച്ചതെന്ന് കരുതുവാനുള്ള മുഖ്യകാരണം പത്തൊമ്പതാം രാജവംശത്തിന്റെ കാലത്താണ് അപ്പർ ഈജിപ്തിലേക്ക് (Upper Egypth)[1] ഫറോവമാർ തലസ്ഥാനം മാറ്റിയത് എന്നതിനാലാണ്. ഈ അപ്പർ ഈജിപ്തിൽ വെച്ചായിരുന്നു പുറപ്പാട് സംഭവിച്ചത്.

### അഗ്നിപർവതവും കാലനിർണയവും

പുറപ്പാടിന്റെ കാലനിർണയത്തിന് വേറൊരു രീതി ചരിത്രത്തിൽ അറിയപ്പെട്ട മറ്റു സംഭവങ്ങളുമായി പുറപ്പാടിനെ ബന്ധിപ്പിക്കുക എന്നതാണ്. ഇയാൻ വിൽസണും (Ian wilson) ചാൾസ് പെല്ലിഗ്രിനോ (Charls Pelligrino) യും മുന്നോട്ടുവെച്ച 'അഗ്നിപർവത പുറപ്പാട് സിദ്ധാന്ത'മാണത് (Volcano Exodus theroy)[2]. അത് തേരാപർവതത്തിലുണ്ടായ അഗ്നിപർവത സ്ഫോടനമാണെന്ന് അവർ വാദിക്കുന്നു. ഇവർ രണ്ടുപേരും ഈ പ്രകൃതി ദുരന്തം നടന്നത് അംഗീകരിക്കുകയും രണ്ടുപേരും ഒരേ ഫറോവയുടെ (തുത്മോസിസ് III) കാലത്താണ് പുറപ്പാട് സംഭവിച്ചതെന്ന് വാദിക്കുകയും ചെയ്യുന്നു. പക്ഷേ അവർ രണ്ടുപേരും തുത്മോസിസ് III-ാമന് വിവിധ കാലങ്ങളാണ് നിർണയിക്കുന്നത്.


ഇയാൻ വിൽസൺ

അഗ്നിപർവത സിദ്ധാന്തത്തിനെതിരെയുള്ള മറ്റൊരു വിയോജിപ്പ് അവർ രണ്ടുപേരും പുറപ്പാടിന്റെ രീതി വിശദീകരിച്ചതിൽ നിന്ന് ഉദ്ഭവിക്കുന്നതാണ്. ഫറോവയുടെ തടയലും ബൈബിൾ വിവരിക്കുന്ന മറ്റ് സംഭവ പരമ്പരകളും അഗ്നിപർവത സ്ഫോടനം നടന്ന ആ നിമിഷത്തിൽ സംഭവിക്കാൻ സാധ്യതയില്ല. വിൽസണും പെല്ലിഗ്രിനോവും പറയുന്നത് യഹൂദികൾ അവരുടെ കഥ പൊടിപ്പും തൊങ്ങലും വെച്ച് സ്ഥൂലീകരിച്ചത് കൊണ്ടാണ് ഇത്തരം സംഭവ പരമ്പരകളുടെ വർണന ബൈബിളിൽ വരാൻ കാരണമെന്നാണ്. വാസ്തവത്തിൽ ഒരു പ്രത്യേക സമയത്തുള്ള യഹൂദികളുടെ സാധാരണ രക്ഷപ്പെടൽ മാത്രമാണ് പുറപ്പാട്. അതിൽ കൂടുതലായി ഒന്നുമില്ല. ഈജിപ്തുകാർ ഈയവസരത്തിൽ അവരുടെതായ പ്രശ്നങ്ങളുമായി കെട്ടിമറിയുകയായിരുന്നു. അതുകൊണ്ട് ഇസ്രയേലികളുടെ രക്ഷപ്പെടൽ തടയാനുമായില്ല എന്നാണ് അവരുടെ പക്ഷം.

ഈ സിദ്ധാന്തത്തിന്റെ മറ്റൊരു അപാകത അഗ്നിസ്തംഭത്തെപ്പറ്റിയുള്ള ബൈബിൾ പരാമർശമാണ്. ഇത് പോലെയുള്ള ഒരഗ്നിപർവത സ്ഫോടനവും അഗ്നിസ്തംഭവും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചാൾസ് ബൈക്ക് എന്ന ഇംഗ്ലീഷ് പണ്ഡിതനാണ് കാണുന്നത്. ഇദ്ദേഹമാണ് ആദ്യമായി പുറപ്പാടിനെ അഗ്നിപർവത സ്ഫോടനവുമായി ബന്ധിപ്പിച്ചത്. ഈ വാദം യാതൊരു എതിർപ്പും കൂടാതെ അംഗീകരിക്കുകയാണുണ്ടായത്. ഏതായാലും തേരയിലെ അഗ്നിപർവത സ്ഫോടനത്തിന്റെ കാലനിർണയം അനിഷേധ്യമായി തെളിയിക്കപ്പെട്ടാൽ മാത്രമേ അഗ്നിപർവത സിദ്ധാന്തത്തിന്റെ ചിത്രം പൂർത്തിയാവൂ.

ജോസഫ്(യൂസഫ്)[3] ഈജിപ്തിൽ അധികാരത്തിൽ വന്നത് ഈജിപ്ത് വിദേശ ഭരണത്തിന്നു കീഴിൽ (ഹിക്സോകൾ) ഉള്ളപ്പോൾ ആയിരുന്നു. നാല് നൂറ്റാണ്ടുകൾക്ക് ശേഷം 19-ാം രാജവംശത്തിന്റെ കാലത്താണ് ഇസ്രയേലികൾ അടിമത്തത്തിലാവുന്നതും തുടർന്ന് പുറപ്പാട് സംഭവിക്കുന്നതും.

പുറപ്പാടിൽ വിവരിച്ച പ്രകൃതി സംഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ചില ചരിത്രകാരൻമാർ കാലനിർണയം നടത്തുന്നത്. അതിൽ ബർണർ കെല്ലറും ഉൾപ്പെടുന്നു. പ്ലേഗും അതുപോലെ മരുഭൂമിയിൽ ഇസ്രയേലികൾക്ക് ലഭിച്ച മന്ന, സൽവ പ്രകൃതി പ്രതിഭാസങ്ങളെ പറ്റിയുള്ള ഗവേഷണങ്ങളും ഇതിലുൾപ്പെടുന്നു. ഈജിപ്തുകാർക്ക് സംഭവിച്ച ദേശീയദുരന്തത്തിന്റെ പാരിസ്ഥിതികവും ജൈവശാസ്ത്രപരവുമായ നാനാവശത്തെ സംബന്ധിച്ചുള്ള ചർച്ചയാണ് കാലനിർണയത്തിന് ഈ ശാസ്ത്രജ്ഞർ ആധാരമാക്കുന്നത്.

'Ages in Chaos' എന്ന പുസ്തകത്തിൽ ഇമ്മാനുവൽ വെലികോവ്സ്കി ഉന്നയിച്ച 'ദുരന്തസിദ്ധാന്തം' നമുക്കൊന്ന് പരിശോധിക്കാം. ഈജിപ്ഷ്യൻ ചരിത്രത്തിൽ പൊതുവായി സ്വീകരിച്ചിരുന്ന കാലഗണനയെ വെല്ലുവിളിച്ചുകൊണ്ടാണ് വെലികോവ്സ്കി ഞെട്ടിപ്പിക്കുന്ന ഈ സിദ്ധാന്തം മുന്നോട്ട് വെച്ചത്. അദ്ദേഹത്തിന്റെ സിദ്ധാന്തം വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടില്ല. എങ്കിലും ഈജിപ്ഷ്യൻ ചരിത്രത്തിലെ കാലഗണനാക്രമത്തിലെ ചില തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ വെലികോവിസ്കിക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പഠനങ്ങൾ രണ്ട് വിധ



ത്തിൽ പ്രയോജനകരമാണ്. ആദ്യമായി അദ്ദേഹം ഈ രംഗത്തുള്ള എല്ലാ പ്രധാനപ്പെട്ട ചരിത്ര വിവരങ്ങളും ശേഖരിച്ചിരിക്കുന്നു. രണ്ടാമതായി പൊതുവെ അംഗീകരിക്കപ്പെട്ട ഈജിപ്ഷ്യൻ കാലഗണനയെ വെല്ലുവിളിച്ച എല്ലാ പണ്ഡിതന്മാരുടെയും പഠനങ്ങളെ ക്രോഡീകരിച്ചിരിക്കുന്നു. ക്രിസ്തുവിന് മുമ്പ് മൂന്നാം നൂറ്റാണ്ടിലെ ഈജിപ്ത്യൻ പുരോഹിതൻ മനിത്തോവിന്റെ വിവരണങ്ങളെ അടിസ്ഥാനമാക്കിയാണ് ഈജിപ്ഷ്യൻ കാലഗണനാക്രമം രൂപപ്പെടുത്തിയത്. ഈജിപ്ഷ്യൻ കാലഗണനാക്രമത്തെ വെല്ലുവിളിച്ച ഏറ്റവും പുതിയ പുസ്തകം ഡേവിഡ് റോളിന്റെ A Test of Time എന്ന പുസ്തകമാണ്. വെലികോവ്സ്കിയുടെ പഠനങ്ങളെപ്പറ്റി റോൾ തന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ വാദമുഖങ്ങൾ കൊണ്ട് സാധൂകരിക്കാൻ സാധിക്കുന്നതല്ല എന്ന് റോൾ വിലയിരുത്തുന്നു. ഈജിപ്ഷ്യൻ ചരിത്രത്തെപ്പറ്റി രണ്ടുപേരുടെയും പഠനങ്ങളും സമീപനങ്ങളും വ്യത്യസ്തമാണ്. പുറപ്പാടിന്റെ കാല നിർണയവും വ്യത്യസ്തമാണ്.

## വെലികോവിസ്കിയുടെ വിലയിരുത്തൽ

വെലികോവിസ്കി പുറപ്പാടിനെ സംബന്ധിച്ച് ചില മുഖ്യമായ ആശയങ്ങൾ നല്കി ശരിയായ കാലനിർണയം നടത്താൻ ശ്രമിച്ചിരിക്കുന്നു. പ്രധാനമായും ഹിക്സോകളുടെ പങ്ക് എന്താണെന്നാണ് അദ്ദേഹം പരിശോധിക്കുന്നത്. നൈൽനദിയിൽ ഇപ്പോഴും ഇടക്കിടെ കാലാവസ്ഥാമാറ്റം കൊണ്ട് സംഭവിക്കുന്ന വെള്ളപ്പൊക്കത്തിന്റെ ഫലമായിട്ടാണ് പുറപ്പാട് സംഭവിച്ചതെന്ന സിദ്ധാന്തം വെലികോവ്സ്കി പാടെ നിരാകരിക്കുന്നുണ്ട്. അത് അവർക്ക് ഒരു നിത്യസംഭവമായിരിക്കുന്നുവെന്നും ഈജിപ്തുകാരിൽ ഈ സംഭവം ആകമാനം ബാധിച്ചു എന്നത് ശരിയല്ല എന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. നാടോടികളായ ബദുക്കൾ ദിനേനയെന്നോണം ഈജിപ്തിന്റെ അതിർത്തികളിലൂടെ സഞ്ചരിക്കാറുണ്ട്. അതുകൊണ്ട് ഈ സംഭവത്തിൽ യാതൊരു പ്രാധാന്യവും കാണേണ്ടതില്ല എന്നും അദ്ദേഹം പറയുന്നു.


വെലികോവിസ്കി

പുറപ്പാട് സംഭവിച്ചത് ഈജിപ്തിനെ ആകമാനം ബാധിച്ച ദേശീയ ദുരന്തത്തിന്റെ കാലത്താണ് എന്ന സിദ്ധാന്തമാണ് വെലികോവ്സ്കി മുന്നോട്ട് വെക്കുന്നത്. ഇതിനായി അദ്ദേഹം ചാൾസ് ബെക്കിന്റെ സീനാ പർവത സിദ്ധാന്തവും അതുപോലെ ദെബോറെയുടെ ഗീതകങ്ങളും ആധാരമാക്കുകയും അഗ്നിപർവത സിദ്ധാന്തം ഒന്നു വിപുലീകരിക്കുകയും ചെയ്യുന്നു. ഈജിപ്തിന്റെ ചരിത്രത്തിലെവിടെയെങ്കിലും ഈ അഗ്നി പർവത സ്ഫോടനത്തെപ്പറ്റി വിവരിക്കുന്നുവെങ്കിൽ പുറപ്പാടിന്റെ സമയം നമുക്ക് കൃത്യമായി ലഭിക്കുമെന്ന് അദ്ദേഹം പറയുന്നു.

ഈജിപ്തിലെ പ്രകൃതി ദുരന്തങ്ങൾ രേഖപ്പെടുത്തിയ ഇപൂവറിന്റെ വിലാപങ്ങൾ എന്ന (Laments of Ipuwer) പുസ്തകത്തിൽ നിന്ന് ഇതിലേക്കുള്ള തെളിവുകൾ അദ്ദേഹം നിരത്തുന്നു. ആ പുസ്തകത്തിൽ ഈജിപ്ത് എങ്ങനെയാണ് ദുരന്തങ്ങളുടെ നടുക്കയത്തിൽ പ്പെടുന്നതെന്ന് വിവരിക്കുന്നു. സാമൂഹ്യ വ്യവസ്ഥ അരാജകത്വത്തിലേക്ക് നീങ്ങി, എവിടെയും കലാപങ്ങൾ, പ്രതിരോധിക്കാൻ കഴിയാത്ത ജനത്തിനു നേരെ പടയോട്ടക്കാരുടെ അക്രമണങ്ങൾ മുതലായവയായിരുന്നു ആ ദുരന്തങ്ങൾ – പുറപ്പാടിൽ വിവരിച്ച പ്ലേഗും ഇപൂവറിന്റെ പുസ്തകത്തിലെ വിവരണങ്ങളുമായി വെലികോവ്സ്കി താരതമ്യം ചെയ്യുന്നു. ഈ വിലാപഗീതത്തിന് പണ്ഡിതന്മാർ വിവിധ കാലങ്ങളാണ് നിർണയിച്ചിട്ടുള്ളത്. പക്ഷേ പൊതുവെ മധ്യരാജവംശത്തിന്റെ പതനത്തിന് ശേഷമുള്ള രണ്ടാം മധ്യഘട്ടമാണ് എല്ലാവരും അംഗീകരിച്ചിട്ടുള്ളത്. ആ അവസരത്തിലാണ് ഈജിപ്ത് ഹിക്സോകൾ ആക്രമിച്ച് കീഴ്പ്പെടുത്തുന്നത്.

വെലികോവ്സ്കിയുടെ സിദ്ധാന്ത പ്രകാരം ഹിക്സോകൾ ഈജിപ്ത് കീഴടക്കുന്നത് ഇസ്രയേലികൾ ഈജിപ്ത് വിട്ടതിന് ശേഷമാണ്. ബൈബിളിൽ അവരെ അമേലേർ (Amelekiter) എന്നാണ് വിശേഷിപ്പിച്ചത്. ഇസ്രയേലികൾ ഈജിപ്തിൽ നിന്ന് ഫലസ്തീനിലേക്ക് വന്നതിന് ശേഷമാണ് ഹിക്സോകൾ ഈജിപ്തിലേക്ക് ആക്രമിച്ചുകയറിയത്. അമേലേർ ക്രൂരരും അപരിഷ്കൃതരുമായിട്ടാണ് ബൈബിളിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. അവർ അറബി വംശജരായിരിക്കുമെന്നാണ് വെലികോവ്സ്കി കരുതുന്നത്. ബൈബിൾ ഈജിപ്തിന്മേലുള്ള ശിക്ഷയായി അതായത് 'തിന്മയുടെ മാലാഖമാർ' (സങ്കീർത്തനം 78:49) ആയി വിശേഷിപ്പിച്ചത് അവരെയാണെന്നാണ് വെലികോവ്സ്കി പറയുന്നത്. തിന്മയുടെ മാലാഖമാർക്കുള്ള ഹീബ്രു നാമം 'മാലാക്കിറോഹിം' (Malak hiroim)എന്നാണ്. ഹിക്സോ വർഗത്തിൽപ്പെട്ട ഷെപ്പേർഡ് രാജാവിനെ ഹീബ്രുവിൽ 'മിൽക്കി റോഹിം' എന്നാണ് വിശേഷിപ്പിക്കുക. 'അലിഫ്' എന്ന ഒരക്ഷരത്തിന്റെ വ്യത്യാസം കണക്കിലെടുത്താൽ ഷെപ്പേർഡ് രാജാവിന്റെ 'ആക്രമണം' തിന്മയുടെ മാലാഖമാരുടെ പ്ലേഗാണെന്ന് കാണാം.

വെലികോവ്സ്കിയുടെ സിദ്ധാന്തം ഫറോവമാർക്കും പുറപ്പാട് സംഭവങ്ങൾക്കും വളരെ കുറഞ്ഞ പ്രാധാന്യമേനൽകുന്നുള്ളു. ന്യായാധിപന്മാർ, ദിനവൃത്താന്തങ്ങൾ, രാജാക്കന്മാർ എന്നീ അദ്ധ്യായങ്ങളിലെ കഥകളാണ് അദ്ദേഹം കൂടുതൽ വിശകലനത്തിന് വിധേയമാക്കുന്നത്. 'ന്യായാധിപന്മാർ' എന്ന ബൈബിൾ അദ്ധ്യായത്തിൽ ഈജിപ്തിലെ ഫറോവാ ഭരണത്തെപ്പറ്റി പരാമർശമില്ല. അഹ്മോസ് (Ahmose) ഡേവിഡിന്റെ (ദാവൂദ് നബി (അ)) സമകാലികനാണ്. ശൗൽ അവാറിസ് ഉപരോധിച്ച് ഹിക്സോകളെ പുറത്താക്കാൻ അഹ്മോസുകളെ സഹായിച്ച ആളായിട്ടാണ് കണക്കാക്കുന്നത്. മറ്റൊരു കാര്യം ശീബാ രാജ്ഞിയെ ഈജിപ്തിലെ ഹെപ്ഷീഷട്ട് (Hapshepsut) രാജ്ഞിയുമായാണ് വെലികോവ്സ്കി താരതമ്യം ചെയ്യുന്നത്. ഫലസ്തീനിലെ സോളമന്റെ ആരാധനാലയം ആക്രമിച്ചത് ശീബാരാജ്ഞിയുടെ (ഹെപ്ഷീഷട്ടിന്റെ) വളർത്തു പുത്രനായ തുത്മോസിസ് III ആണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കൊള്ള ചെയ്ത ക്ഷേത്രവസ്തുക്കൾ കൊണ്ടാണ് കർണക്കിലെ (Karnak) ശേഷനിക്ക് ക്ഷേത്രത്തിന്റെ മതിലുകൾ അലങ്കരിച്ചത്. ബൈബിളിലെ ദിനവൃത്താന്തങ്ങൾ, രാജാക്കന്മാർ എന്നീ അദ്ധ്യായങ്ങളിലെ വിവരണങ്ങളിൽ നിന്ന് ഇരുഭാഗത്തുനിന്നുമുള്ള സമൃദ്ധിയുടെ കാലഘട്ടങ്ങളെപ്പറ്റിയുള്ള വിവരണങ്ങളെ ഈജിപ്തിലെ ടെൽ അൽ അമർന (Tell el Amarna) യിൽ നിന്ന് കണ്ടെടുത്ത എഴുത്തുകളുമായി താരതമ്യം ചെയ്താണ് ഈ കാലനിർണയം നടത്തിയിരിക്കുന്നത്. കനാനികളും ഫിനീഷ്യരുമായ അമെൽടോപ്പ് III അമെൽടോപ് IV എന്നീ രാജാക്കന്മാരുടെ ഭരണകാലത്തെ അസ്ഥിരമായ കാലഘട്ടത്തെ വിവരിക്കുന്നതാണ് പ്രസ്തുത പുരാതന എഴുത്തുകൾ. അതിൽ പറയപ്പെട്ട ഹാബിറു ഡേവിഡിന്റെ കാലത്തെ ഹീബ്രു ജന

മാണെന്ന് അദ്ദേഹം പറയുന്നു.

### ഡേവിഡ് റോളിന്റെ വീക്ഷണം

ഡേവിഡ് റോൾ എന്ന ചരിത്രകാരന്റെ ഈജിപ്ഷ്യൻ കാലനിർണയം പൊതുവെ സ്വീകരിക്കപ്പെട്ട ഈജിപ്ഷ്യൻ കാലാനുക്രമം തന്നെയാണ്. എങ്കിലും അതിലെ ചില അപാകതകൾ അദ്ദേഹം ചൂണ്ടിക്കാട്ടുന്നു . ജ്യോതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നവീന കാലരാജ്യം (18-ാം രാജവംശം ബി.സി 1570 മുതൽ) വാസ്തവത്തിൽ ബി.സി. 1194 മുതലാണ് ആരംഭിക്കുന്നത് അങ്ങനെ കാലം പുനർനിർണയം ചെയ്യുന്നതുകൊണ്ട് ഈജിപ്തിലെ 18-ാം രാജവംശത്തെ ഫലസ്തീനിലെ ഡേവിഡ് രാജാവിന്റെ (ദാവൂദ് നബി) കാലവുമായി സമകാലികമാക്കാനാണ് റോൾ ഉദ്ദേശിക്കുന്നത്. അതായത് 18-ാം രാജവംശത്തിലെ അഖിനേതൻ (Akinaton), തുതങ്കമൻ (Tutankamun) എന്നീ രാജാക്കൻമാർ ഡേവിഡിന്റെ സമകാലികന്മാരായിരുന്നു എന്നാണ് അദ്ദേഹം സമർഥിക്കുന്നത്.

ഇസ്രായേലികളുടെ ഫലസ്തീൻ യാത്ര 12-ാം രാജവംശം മുതൽ ആരംഭിക്കുകയും 13-ാം രാജവംശം വരെ നീണ്ടു നിൽക്കുകയും ചെയ്തു എന്നാണ് റോൾ വിശ്വസിക്കുന്നത്. ബൈബിളിലെ ജോസഫിന്റെ (യൂസുഫ് നബി) കഥ മധ്യകാല രാജ്യത്തിലെ ശക്തനായ അമിനിം ഹെട്ട് മൂന്നാമൻ (Amenem het III) എന്ന രാജാവിന്റെ സ്ഥാനത്താണ് ഡേവിഡ് റോൾ സ്ഥാപിക്കുന്നത്. നൈൽനദിയിലെ ജലവിതാനം ഏറ്റവും കൂടിയ കാലഘട്ടമിതാണെന്നും തുടർന്ന് ക്ഷാമകാലം വന്നുവെന്നും അദ്ദേഹം പറയുന്നു. അമിനിം ഹെട്ടിന്റെ മുൻഗാമി സിയോസ്ട്രിസ് മൂന്നാമനാണ് (Seostirs III) ജോസഫിന്റെ ചരിത്രം യോജിക്കുന്ന ഏറ്റവും നല്ല സ്ഥാനാർഥിയെന്നാണ് മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായം. ഈ രാജാവിന്റെ കാലത്ത് ഈജിപ്ത് ഭരണക്രമം ഏകീകരിക്കപ്പെടുകയും ക്ഷാമകാലത്ത് നല്ല ഭരണം കാഴ്ചവെക്കുകയും ചെയ്തു എന്ന് ഈ വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

പുരാവസ്തു വിജ്ഞാനത്തിന്റെ തെളിവുകൾ റോളിനെ പിന്തുണക്കുന്നത് മൂലം അദ്ദേഹം ഭാഗ്യവാനാണെന്ന് പറയാം. കിഴക്കൻ നൈൽഡൽറ്റയിലെ തെൽ എഡ് ഡാബയിലെ (Tell ed Daba) ഖനനങ്ങളാണ് അദ്ദേഹത്തിന് തെളിവുകൾ നൽകിയത്. 1979 ൽ മാൻഫ്രഡ് ബൈടക്കിന്റെ (Manfred Bietak) നേതൃത്വത്തിൽ നടന്ന ഈ ഖനന ഗവേഷണങ്ങൾ പൗരാണിക ഈജിപ്ഷ്യൻ ചരിത്രഗവേഷണ രംഗത്ത് വിപ്ലവകരമായ ചലനങ്ങൾ സൃഷ്ടിച്ചു. തെൽ എഡ് ഡാബയിലെ ഖനനങ്ങൾ 13-ാം രാജവംശത്തിലെയും (അവാറിസ്) 19-ാം രാജവംശത്തിലെയും (പിറമീസ്) ജനപഥങ്ങൾ കണ്ടെത്തുകയുണ്ടായി. അമിനിമെറ്റ് മൂന്നാമൻ ഫറോവയുടെ വസീറായിരുന്നു ജോസഫ് എന്നാണ് റോൾ വിശ്വസിക്കുന്നത്. ജോസഫ് 13-ാം രാജവംശത്തിലെ ആദ്യ ഭരണാധികാരിയുടെ കാലംവരെ ഭരിച്ചു എന്നും അദ്ദേഹം പറയുന്നു. അവസാരിസിലെ ജോസഫ് ഭരണം നടത്തിയ കൊട്ടാരവും അദ്ദേഹം കണ്ടെത്തി. പുറപ്പാടുകാലത്തെ ഫറോവ 13-ാം രാജവംശത്തിലെ 36-ാമത്തെ രാജാവ് ദുദിമോസ (Dudimose) ആണെന്നാണ് റോൾ തിരിച്ചറിയുന്നത്. മനീത്തോയുടെ വിവരണത്തിൽ ദൈവം ദുദിമോസിന്റെ ഭരണകാലത്ത് ഈജിപ്തിനെ പ്രഹരിക്കുന്നതായി വിവരിക്കുന്നു. തെൽ എഡ് ഡാബയിൽ കണ്ടെത്തിയ മൃതദേഹങ്ങൾ സംസ്കരിച്ച കുഴികൾ പ്ലേഗ് രോഗം വന്ന് മരിച്ചവരെ മറമാടിയതാണെന്ന് റോൾ പറയുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇസ്രയേല്യർ ഈജിപ്ത് വിടുകയും വടക്കൻ അറേബ്യയിലെ അമാലോക്യരുടെ (Amelekites) അടുക്കലേക്ക് പോവുകയും ചെയ്തു. അമാലോക്യരാണ് പിന്നീട് അവാസറിൽ കുടിയേറിയത്. പുരാവസ്തുരേഖകൾ ഈജിപ്തുകാരല്ലാത്ത ഏഷ്യൻ നിവാസികൾ ഈജിപ്തിൽ വസിച്ചതായി പറയുന്നു.

ജോഷ്വാ[4] കനാൻദേശം (ഫലസ്തീൻ) കീഴടക്കിയത് മധ്യവെങ്കലയുഗത്തിലെ (Middle Bronze age) ജെറിക്കോ, ഹസാർ എന്നീ കോട്ട മതിലുകളുള്ള പട്ടണങ്ങൾ നശിപ്പിച്ചു കൊണ്ടാണ്. എന്നാൽ പാരമ്പര്യ കാലഗണന പ്രകാരം ഇസ്രായേല്യർ വരുമ്പോൾ ആ പട്ടണങ്ങൾ അവിടെയില്ലായിരുന്നു.

റോളിന്റെ അഭിപ്രായത്തിൽ ഡേവിഡ് രാജാവും ശൗലും ഈജിപ്തിലെ 18-ാം രാജവംശത്തിന്റെ സമകാലികരാണ്. ബൈബിളിലെ ശമുവേൽ രണ്ടാം പുസ്തകത്തിൽ പരാമർശിച്ച രാഷ്ട്രീയ സംഭവങ്ങൾ എൽ അമർന(el Amarna)യിലെ എഴുത്തുകളുമായി യോജിക്കുന്നതുമാണ്. അതുകൂടാതെ സോളമന്റെ മരണത്തിന് അഞ്ച് വർഷങ്ങൾക്ക് ശേഷം അദ്ദേഹം നിർമിച്ച ആരാധനാലയം കൊള്ള ചെയ്ത് കൊണ്ടുപോയത് ശീശക് ഫറോവയാണ്. പിന്നീട് ആ ക്ഷേത്രവസ്തുക്കൾ കൊണ്ട് കർണക്കിലെ തന്റെ വിജയസ്തംഭത്തിൻമേൽ പതിക്കുകയുണ്ടായി. ഈ ഫറോവ തുത് മോസിസ് രണ്ടാമനല്ല; മറിച്ച് രംസിസ് രണ്ടാമനാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

ബൈബിളിലെ പുറപ്പാടിന്റെ പരിപ്രേക്ഷ്യത്തിൽ യഥാർഥ രാഷ്ട്രീയ സാഹചര്യം നാം പഠിക്കുമ്പോൾ വളരെ കുറഞ്ഞ വിവരങ്ങൾ മാത്രമേ നമുക്ക് അതിൽ നിന്ന് ലഭിക്കുന്നുള്ളൂ. പ്രത്യേകിച്ച് ഫറോവമാരുടെ ഭരണത്തെ സംബന്ധിച്ചും ഈജിപ്ത് വിട്ടതിന് ശേഷമുള്ള ഇസ്രയേൽ അവസ്ഥയെ സംബന്ധിച്ചും ധാരാളം വിവരണങ്ങൾ ബൈബിൾ നൽകുന്നു. ഈ സാഹചര്യത്തിൽ ബൈബിൾ പഴയ നിയമത്തിന്റെ കേന്ദ്ര വിഷയമെന്ന് കരുതുന്ന 'ഇസ്രയേലികളുടെ ഈജിപ്തിൽ നിന്നുള്ള ഒഴിഞ്ഞുപോക്ക്' ചരിത്രപരമായി അവ്യക്തവും നിസ്സാരവിഷയവുമാണ്. ഡേവിഡ് റോൾ ഈ അവസ്ഥയിൽ ആശങ്കാകുലനാണ്. പുരാവസ്തു ഗവേഷകർ തെറ്റായ സ്ഥലങ്ങളിൽ ഖനനം നടത്തുന്നതുകൊണ്ടാണ് ബൈബിളിൽ വിവരിച്ച ഫറോവാ ഭരണത്തിലെ മഹത്വങ്ങളും സമ്പത്തും കണ്ടെത്താൻ കഴിയാത്തതെന്ന് റോൾ ഉൽക്കണ്ഠപ്പെടുന്നു. ഫലസ്തീനിൽ നേരിയ തോതിൽ വ്യാപിച്ചിരുന്ന ഇരുമ്പുയുഗം ( Iron age BC - 1000 - 900) അന്വേഷിക്കുന്നതിന് പകരം ഗവേഷകൻമാർ വെങ്കലയുഗത്തിൽ (BC 1350 - 1250) ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

### ഉപസംഹാരം

വെലികോവ്സ്കിയും ഡേവിഡ്റോളും രണ്ടുപേരും 'തിന്മയുടെ മാലാഖമാർ' (Evil angels) എന്ന ബൈബിളിലെ പ്രയോഗം പുരാതന അറബ് വംശജരും പടയോട്ടക്കാരുമായിരുന്ന ഹിക്സോകളാണെന്ന് പറയുന്നു. അവരുടെ വീക്ഷണത്തിൽ ഈജിപ്തിനെ അക്രമിച്ചു കീഴ്പ്പെടുത്തിയ വിദേശീയരെ പുറത്താക്കാൻ അഹ്മോസ് രാജാവിനെ (നവീന ഫറോവ രാജവംശത്തിലെ ഒന്നാമത്തെ രാജാവ്) ഇസ്രായേല്യർ സഹായിച്ചു എന്നാണ് പറയുന്നത്. വിദേശികളെ പുറത്താക്കാൻ തങ്ങളെ അടിമകളാക്കിവെച്ച തദ്ദേശീയരായ ഈജിപ്തിലെ ഫറോവമാരെ ഇസ്രായേലിൽ സഹായിക്കുക എന്നത് വളരെ വിചിത്രമായ ഒരു വാദ



മോസസിന്റെ കാലത്തെ ഫറോവ രംസിസ് രണ്ടാമൻ

മാണ്. വിദേശീയരാകട്ടെ (ഹിക്സോകൾ) ഈജിപ്തിനെ ശിക്ഷിക്കാൻ വേണ്ടി ദൈവമയച്ച തിന്മയുടെ മാലാഖമാരും. ജോസഫസ്, ആഫ്രിക്കാനൂസ് എന്നീ പുരാതന ചരിത്രകാരന്മാർ ഹിക്സോകളെ ഈജിപ്തിൽ നിന്ന് പുറത്താക്കിയത് പുറപ്പാടിൽ വിവരിച്ചിരിക്കേണ്ടതായിരുന്നു എന്ന അഭിപ്രായക്കാരാണ്. എന്നാൽ ഹിക്സോകളെ ക്രൂരരും കാടൻമാരുമായിട്ടാണ് പ്രസ്തുത ചരിത്രകാരന്മാർ ചിത്രീകരിച്ചിരിക്കുന്നത്.

പുറപ്പാടിനെപ്പറ്റിയുള്ള പല സിദ്ധാന്തങ്ങളിലും പുറപ്പാടിന്റെ കാലത്തെ ഈജിപ്ഷ്യൻ ഭരണം വളരെ കഠിനവും ഇസ്രായേലികളെ ഈജിപ്ത് വിടാൻ അനുവദിക്കാത്തതുമാണെന്ന് തെളിയുന്നുണ്ട്. പുറപ്പാട് സംഭവിച്ചത് ഈജിപ്ത് ഭരണം ദുർബലമായ ദേശീയ ദുരന്തത്തിന്റെ കാലഘട്ടത്തിലായിരുന്നില്ല. ഇതുകൊണ്ടാണ് ചരിത്രകാരന്മാർ പുറപ്പാട് കാലത്തെ അഭ്യന്തര കലാപത്തിന്റെയും പ്രകൃതി ഭരണത്തിന്റെയും കാലവുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നത്. ഇത് വിശുദ്ധ മതഗ്രന്ഥങ്ങളിലെ വിവരണങ്ങളുടെ സൂചനകളെ പരാജയപ്പെടുത്തുന്നതാണ്. മതഗ്രന്ഥങ്ങൾ ഫറോവമാരെ അതിശക്തരും അജയ്യരുമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

ഇപൂവരുടെ വിലാപ ഗീതങ്ങളും പുറപ്പാട് പുസ്തകത്തിലെ ചില വിവരണങ്ങളും തമ്മിൽ ധാരാളം സാമ്യതകളുണ്ട്. ഇപൂവരുടെ ഈ ഗീതങ്ങൾ ബൈബിൾ വിവരണത്തേക്കാൾ പഴയതാണെന്ന് പറയുന്നു. ബൈബിളിലെ വിവരണങ്ങൾ നോക്കി ഇപൂവർ തന്റെ വിലാപ ഗീതങ്ങൾ ആവിഷ്കരിച്ചതാണെന്ന് വരാനും സാധ്യതയില്ലേ?

ഈജിപ്തിലെ കർണക് ക്ഷേത്രതിൽ അലങ്കരിച്ചത് സോളമന്റെ ആരാധനാലയത്തിൽ നിന്ന് അദ്ദേഹത്തിന്റെ മരണത്തിന് അഞ്ചു വർഷങ്ങൾക്ക് ശേഷം കവർന്നെടുത്ത വസ്തുക്കൾ കൊണ്ടാണെന്ന് ബൈബിൾ രേഖപ്പെടുത്തുന്നു. ഇതിനെ സംബന്ധിച്ച് ആദ്യമായുണ്ടായ രേഖ ബൈബിളോ അതല്ല ഇജിപ്ഷ്യൻ പുരാലിഖിതങ്ങളോ എന്ന പ്രശ്നവും അവ്യക്തമായി അവശേഷിക്കുന്നു.

ആശയകുഴപ്പമുണ്ടാക്കുന്ന കടങ്കഥകൾ പോലെയുള്ള അനേകം ചരിത്ര പ്രശ്നങ്ങളിൽ നിന്ന് വളരെ ചുരുങ്ങിയ ചരിത്രങ്ങൾ മാത്രമാണ് നമ്മുടെ കൈകളിൽ ലഭിച്ചത്. പുറപ്പാട് വിവരണം തൃപ്തികരമായ രീതിയിൽ പറഞ്ഞുതരുന്ന ഒരു ചരിത്രസിദ്ധാന്തവും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ഇതുവരെ മിഴിവുറ്റ വ്യക്തമായ ഒരു ചിത്രം അത് സംബന്ധിച്ചു ലഭിച്ചിട്ടുമില്ല. ഓരോ ഈജിപ്ഷ്യൻ ചരിത്രവിവരണങ്ങളും നമ്മിൽ ചരിത്രവൈദഗ്ധ്യത്തിന്റെ തെറ്റായ ബോധം ജനിപ്പിക്കുകയാണ്. പ്രത്യേകിച്ച് റോൾ തന്റെ വാദങ്ങൾ വളരെ കാതലോടെ മയപ്പെടുത്തി ആകർഷകമാക്കിയാണ് അവതരിപ്പിക്കുന്നത്. ചരിത്രകാരന്മാർ ചരിത്രം പറയുന്നതിൽ എത്ര സ്വാതന്ത്ര്യമെടുത്തിയിട്ടുണ്ടെന്ന് നാം അറിയുന്നില്ല. കാരണം നമുക്ക് ചില മേഖലകളിലുള്ള പ്രത്യേക വിവരങ്ങൾ മാത്രമേ അവരിൽനിന്ന് ലഭിക്കുന്നുള്ളൂ.

ഈജിപ്ഷ്യൻ ചരിത്രത്തിലെ കാലാനുക്രമ (Chronology)ത്തിലേക്ക് പുതിയ കണ്ടുപിടിത്തങ്ങളും സങ്കേതങ്ങളും വെളിച്ചം വീശിയേക്കാം. പക്ഷേ ഇത് സംബന്ധിച്ചുള്ള വിധിതീർപ്പ് സാധ്യമായ എല്ലാ സാങ്കേതിക ജ്ഞാനവും ശരിയായ അക്കാദമിക്ക് സമീപനവുമുപയോഗിച്ചാണ് നിർവഹിക്കേണ്ടത്.

ഈജിപ്ഷ്യൻ വിജ്ഞാനീയം (Egyptiology) ഇപ്പോഴും അത്യധികം കൗതുകമുണർത്തുന്നതാണ്. അത് തുടർന്നുകൊണ്ടയിരിക്കും. ഈജിപ്ഷ്യൻ ചരിത്രത്തിൽ നമുക്ക് താൽപര്യമുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. അതായത് രംസീസ് രണ്ടാമന്റെ മക്കളുടെ ശവകുടീരങ്ങൾ കണ്ടെത്തൽ, അവാറിസ് നഗരത്തിന്റെ ഗവേഷണങ്ങൾ, രംസീസിന്റെ കാലത്തെ പത്തൊമ്പതാം രാജവംശം മുതലായവയാണ് ആ വിഷയങ്ങൾ. നമ്മുടെ ഗവേഷണങ്ങളുടെ കേന്ദ്രം ജോസഫ്(അ), മോസസ്(അ), ഡേവിഡ്(അ), സോളമൻ (അ) എന്നീ വ്യക്തികളുടെ വ്യക്തമായ ചരിത്രവിവരണങ്ങളായിരിക്കണം. തീർച്ചയായും വിശുദ്ധഖുർആന് ഈ വിഷയത്തിലേക്ക് ഏറ്റവും വിലപ്പെട്ട പല വിവരങ്ങളും തരാൻ സാധിക്കും.

ബൈബിളിലും വിശുദ്ധ ഖുർആനിലും വിവരിച്ച നിഗൂഢതകൾ അനാവരണം ചെയ്യുന്ന ചരിത്രകാരന്മാർക്ക് അതിലെ കാലനിർണയം, സംഭവ പരമ്പരകളുടെ വിവരണങ്ങൾ, ഫറോവമാരുടെ വ്യതിരിക്തത എന്നിവയെ സംബന്ധിച്ച് ഓരോരുത്തർക്കും വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. 13, 18, 19 എന്നീ രാജവംശങ്ങളിലെ തുത്മോസിസ്, ദുദിമോസ്, രംസീസ് എന്നീ ഫറോവമാരുടെ കാലത്തോ മറ്റേതെങ്കിലും കാലത്തോ ആയിരിക്കാം പുറപ്പാട് സംഭവിച്ചത്. പുറപ്പാട് ചരിത്രകാരന്മാരെല്ലാം തന്നെ ഊരാക്കുടുക്കുകളിൽ അകപ്പെട്ടിട്ടുണ്ടെന്നാണ് നമ്മുടെ വിനീതമായ അഭിപ്രായം. ഈ അവസ്ഥ കണക്കിലെടുത്ത് ഭാവിയിൽ ഒരു വ്യക്തമായ ചിത്രം ലഭിക്കുമെന്ന് കരുതി അവധാനപൂർവം നമുക്ക് കാത്തിരിക്കാം.

വിവർത്തനം: ഏ.എം.

---

1. നൈൽ നദിയുടെ ഉദ്ഭവസ്ഥാനം ഉൾക്കൊള്ളുന്ന ഈജിപ്തിന്റെ തെക്കൻ പ്രദേശങ്ങൾ ഉപരി ഈജിപ്തും (Upper Egypth) നദീതട പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വടക്കൻപ്രദേശങ്ങൾ നിമ്ന (Loverv Egypth) ഈജിപ്തുമാണ് (വി.വ).

2. ബൈബിളിൽ പുറപ്പാടിന്റെ സമയത്ത് മോസസ് ചെങ്കടൽ മുറിച്ചുകടക്കുമ്പോൾ 'പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും അവരുടെ മുമ്പിൽ വിട്ടുമാറാതെ നിന്നു (പുറപ്പാട് 13:22) എന്ന് കാണാം. ഇത് കുറച്ചകലെ ഉണ്ടായ അഗ്നിപർവതസ്ഫോടനമാണെന്നാണ് (Volcano) ചില പണ്ഡിതന്മാർ പറയുന്നത്. (വി.വ)

3. അവാരിസ്, പുറമീസ് എന്നീ പുരാതന ഈജിപ്ഷ്യൻ നഗരങ്ങൾ ജോസഫ് (യൂസുഫ് നബി)ന്റെ കാലത്ത്, ഫറോവമാർ നിർമിച്ചതാണെന്ന് ചരിത്രകാരന്മാർ പറയുന്നു. ആ നഗരത്തിൽ കണ്ട വമ്പിച്ച ഭക്ഷ്യധാന്യ ഗുദാമുകൾ ഈജിപ്തിലെ ക്ഷാമകാലത്തെ തരണം ചെയ്യാൻ ജോസഫ് നിർമിച്ചതാണെന്ന് അഭിപ്രായമുണ്ട്. (വി.വ)

4. ബൈബിളിൽ മോസസിന്റെ നേതൃത്വത്തിൽ ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്ന് ഇസ്രേയേലികൾ മോചിതരായെങ്കിലും നാല്പതു വർഷത്തെ മരുഭൂവാസത്തിനുശേഷം മോസസിന്റെ സേവകനായ ജോഷ്വായുടെ കാലത്താണ് കാനാസിൽ (ഫലസ്തീനിൽ) പ്രവേശിക്കുന്നത്. (വി.വ)

Reference
1.'The Exodus enigma' Wilson (Weiden feld Nicolson 1985)
2.' Return to Sodam and Gomorrah', C. Pellegrino (The Softback Preview - 1995)
3.'Ages in choas' I. Vellkovsky (Abacus edition) 1973
4.' A test of time' D. Rohi = 1995
5.' Understanding the Bible' S. Harris (Mayfield Publishing Company 1985)
6. Avairs and Piramese Archaeological Exploration in the Eastern Nile' M Biefak (British Acadamy 19810
7.The Bible as History Revised, W Keller (Hodder and Stoughton - 1980)



# സാർ ചക്രവർത്തിയുടെ അന്ത്യം

എൻ. അബ്ദുർ റഹീം

'മുസ്മഹിൽ ഹോജായേൻഗേ ഉസ് ഖൌഫ്സെ
സബ് ജിന്നോഇൻസ് സാർ ഭീ ഹോഗാ തൊ ഹോഗാ
ഉസ് ഘഡീ ബാഹാലെ സാർ

(ആ ഭയം നിമിത്തം ആ വേളയിൽ ജിന്നും ഇൻസും–ഉന്നതൻമാരും എളിയവരുമെല്ലാം–കിടിലം കൊള്ളുന്നതായിരിക്കും. സാർ ചക്രവർത്തിയായാലെന്ത്, അദ്ദേഹവും ആ സമയത്ത് അത്യന്തം ദാരുണനിലയിലായിരിക്കും.)

**ഇ**രുപതാം നൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയ സംഭവങ്ങളിൽ അതിപ്രധാനമായിട്ടുള്ളതാണ് റഷ്യയിലെ വിപ്ലവവും വിപ്ലവത്തോടനുബന്ധിച്ച് നടന്ന സാർ ചക്രവർത്തിയുടെയും കുടുംബത്തിന്റെയും ദാരുണമായ കൂട്ടക്കൊലയും. 1917–ലെ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് സാർ നിക്കോളസ് രണ്ടാമനെയും കുടുംബത്തെയും കൊല്ലുവാൻ ലെനിൻ കൽപിക്കുകയായിരുന്നു. നിരായുധരായ ചക്രവർത്തി സാർ നിക്കോളാസ് രണ്ടാമന്റെയും സാറിന അലക്സാൻഡ്രയുടെയും കൺമുന്നിൽവെച്ച് അവരുടെ പൊന്നോമന മക്കളെ റെഡ് ഗാർഡുകൾ പൈശാചികമായ തരത്തിൽ ഭേദ്യം ചെയ്തശേഷം വെടിവെച്ചുകൊന്നുവെന്നാണ് ചരിത്രം. കമ്യൂണിസ്റ്റ് പൈശാചികത്വത്തിന്റെ അതിബീഭത്സമായ ദുർമുഖം ലോകത്തിന് കാട്ടിക്കൊടുത്ത പ്രസ്തുത സംഭവം മനുഷ്യത്വമുള്ളവരെയെല്ലാം ഞെട്ടിക്കുന്ന ഒന്നാകയാൽ കമ്മ്യൂണിസ്റ്റുകൾ ഇത് പിന്നീട് നിഷേധിക്കുകയും ചക്രവർത്തിയും കുടുംബവും കൂട്ട ആത്മഹത്യ ചെയ്യുകയാണുണ്ടായതെന്ന് പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

റഷ്യൻ വിപ്ലവവേളയിൽ ചക്രവർത്തിയായിരുന്ന സാർ നിക്കോളസിന്റെ അന്ത്യത്തെക്കുറിച്ച് വാഗ്ദത്ത മസീഹി(അ)നുണ്ടായ വെളിപാടും സാറിന്റെ ദാരുണമായ അന്ത്യവും

ഇരുപതാം നൂറ്റാണ്ടിൽ നടന്ന ഈ ഏറ്റവും ബീഭത്സമായ കൂട്ടക്കൊല നടക്കുന്നതിന് പന്ത്രണ്ടുകൊല്ലം മുമ്പ് സാർ ചക്രവർത്തിക്ക് അനുഭവപ്പെടാനിരുന്ന ഈ അതിദാരുണമായ ശാരീരിക മാനസീകപീഡനങ്ങളെപ്പറ്റി വാദ്ഗത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) സർവജ്ഞനായ അല്ലാഹു അറിയിച്ചുകൊടുത്തതനുസരിച്ച് പ്രവചനം ചെയ്യുകയായിരുന്നു. ലോകത്ത് നടക്കാനിരിക്കുന്ന ലോകമഹായുദ്ധങ്ങളെ കുറിച്ചുള്ള പ്രവചനങ്ങളുടെ കൂട്ടത്തിലാണ് ഇതും അറിയിച്ചത്.

സാറിനും കുടുംബത്തിനും ഉണ്ടായ ദുരന്തത്തിന് ലോകം മുഴുവനും സാക്ഷ്യംനിന്നു. സാറിനെയും കുടുംബത്തെയും ഹീനമായി അപമാനിച്ച ശേഷമാണ് അവരെ വധിച്ചത്. പ്രവചനം പുറപ്പെടുവിക്കുന്ന കാലത്ത് ലോകത്ത് ജീവിച്ചിരുന്ന ചക്രവർത്തിമാരിലും ഭരണകർത്താക്കളിലും വച്ച് ഏറ്റവും പ്രതാപവാനും സുഖസന്തുഷ്ടനുമായിരുന്നു സാർ ചക്രവർത്തി. 'കാണപ്പെട്ട ദൈവം' എന്ന നിലയിൽ ജനം അദ്ദേഹത്തെ പൂജിച്ചിരുന്നു. ലോകത്തിൽ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗത്തിന്റെ അതിശക്തനായ അധിപതിയായിരുന്ന അദ്ദേഹത്തിന്റെ അധികാരത്തിനും ആസ്തിയ്ക്കും പരിധിയില്ലായിരുന്നു. ഇങ്ങനെ പ്രതാപത്തിന്റെയും സന്തുഷ്ടിയുടെയും ജീവൽപ്രതീകമായി വിരാജിച്ച സാർ ചക്രവർത്തിയെപറ്റിയാണ് അദ്ദേഹം പ്രതാപത്തിന്റെ കൊടുമുടിയിൽ കഴിയുന്ന അവസരത്തിൽ, ഏറ്റവും പിന്നണിയിൽ കിടന്ന പരാധീനയായ ഇന്ത്യാരാജ്യത്തിലെ ഏറ്റവും പിന്നോക്കത്തിലായിരുന്ന പ്രവിശ്യയിലെ ഒരു വ്യക്തി അതെ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഈ പ്രവചനം പ്രസിദ്ധംചെയ്തതെന്ന വസ്തുത വിസ്മയജനകമാണ്. പ്രവചനത്തിൽ

പറഞ്ഞ പ്രകാരംതന്നെ സാർ ചക്രവർത്തിക്ക് ലോകരാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും ഹീനവും പൈശാചികവുമായ ഒരു കൂട്ടക്കൊലയുടെ ദാരുണാനുഭവങ്ങൾ (ഹാലെ സാർ) തന്നെയുണ്ടായി എന്നത് അതിലും വിസ്മയകരം തന്നെ!

സാർ ചക്രവർത്തിക്ക് 50 വയസ്സായിരുന്നപ്പോഴാണ് റഷ്യയിൽ ഒക്ടോബർ വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. 1917–ൽ വിപ്ലവകാരികൾ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കൊയാലോ കൊട്ടാരത്തിൽ വിപ്ലവകാരികൾ അദ്ദേഹത്തെ തടങ്കലിൽ വെച്ചു. പിന്നീട് ടോബോൾസ്കിൽ കൊണ്ടുപോയി തുറുങ്കിലിട്ടു. അതിനുശേഷമാണ് എക്കാട്ടറിൻബർഗിൽ വെച്ച് വെടിവെച്ചുകൊന്നത്. ആ വധസംഭവത്തിലെ ഓരോ രംഗവും കിടിലംകൊള്ളിക്കുന്നതായിരുന്നു.

വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ സാർ ചക്രവർത്തി തലസ്ഥാനത്ത് ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു യുദ്ധനിര പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ വിപ്ലവത്തിന്റെ യാതൊരു സൂചനയും ഉണ്ടായിരുന്നില്ല. ഒരു ഗവർണറുടെ നടപടിയിൽ പ്രതിഷേധിച്ച് സാധാരണഗതിയിലുള്ള ചെറിയൊരു കലാപം ഉണ്ടായപ്പോൾ ശക്തിയായ തിരിച്ചടി നൽകണമെന്ന് സാർ കല്പന പുറപ്പെടുവിച്ചു. അതിനുശേഷം തലസ്ഥാനത്തേയ്ക്ക് മടങ്ങി. കലാപം ശക്തിപ്പെട്ടതായും തലസ്ഥാനത്തേയ്ക്ക് മടങ്ങുന്നത് ആപൽകരമാണെന്നും ചക്രവർത്തിക്ക് വിവരം ലഭിച്ചു. അദ്ദേഹം തലസ്ഥാനത്തെ സമീപിച്ചപ്പോൾ വിപ്ലവകാരികൾ സെക്രട്ടറിയേറ്റ് പിടിച്ചടക്കിയതായും ജനകീയസർക്കാർ രൂപീകരിച്ചതായും അറിവ് നൽകപ്പെട്ടു. 1917 മാർച്ച് 12–നു സാർ–എല്ലാവരെയും ഭരിക്കുന്ന ആരാലും ഭരിക്കപ്പെടാത്തവൻ എന്നാണ് സാർ (Czar) എന്ന പദത്തിന്റെ അർത്ഥം – ലോകത്ത്വെച്ച് ഏറ്റവും അധൃഷ്യനും അധികാരശക്തിയുള്ളവനുമായ സാർചക്രവർത്തി കേവലം ഒരു പ്രജയായി മാറി. താനും കുടുംബവും റഷ്യൻ സിംഹാസനം ഇനി ഒരിക്കലും അവകാശപ്പെടുകയില്ലെന്ന ഒരു പ്രഖ്യാപനത്തിൽ അദ്ദേഹത്തിന് ഒപ്പുവെക്കേണ്ടിവന്നു. ഇതോടെ വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനത്തിന്റെ ഒരു വശം പൂർത്തിയായി. താനും സാറിനയും മക്കളും ഇതോടെ സാധാരണ പൗരൻമാരായി ജീവിക്കാൻ അനുവദിക്കപ്പെടുമെന്ന് സാർ നിക്കോളാസ് രണ്ടാമൻ എന്തായാലും കരുതിയിരുന്നു. മാർച്ച് 21–ന് അദ്ദേഹം തടവുകാരനാക്കപ്പെട്ടനിലയിൽ സ്കോസിലോ (Skosilo) എന്നിടത്തേയ്ക്ക് നീക്കപ്പെടുകയാണുണ്ടായത്. മാർച്ച് 22–ന് തന്നെ അമേരിക്ക പുതിയ വിപ്ലവഗവൺമെന്റിനെ അംഗീകരിച്ചതോടെ സാറിന്റെ അവസാനത്തെ പ്രത്യാശയും നഷ്ടപ്പെട്ടു. രണ്ടുദിവസം കഴിഞ്ഞ് ഇംഗ്ലണ്ടും ഫ്രാൻസും ഇറ്റലിയും പുതിയ ഗവൺമെന്റിന് അംഗീകാരം നല്കി. ഈ സഖ്യരാഷ്ട്രങ്ങൾ നേരിയ പ്രതിഷേധംപോലും പുറപ്പെടുവിച്ചില്ലെന്ന ആധി നിക്കോളാസിനെ പിടികൂടിയിരുന്നു. അത് അദ്ദേഹത്തെ ആകപ്പാടെ ഉലച്ചുകളഞ്ഞു. ഇപ്പോഴും ഭരണത്തിന്റെ സൂത്രധാരത്വം ഒരു രാജകുടുംബാംഗമായ ദിൽവാവൊ (Dilvavo)വിന്റെ കയ്യിലായിരുന്നുവെങ്കിലും അതു കെരൻസ്കിയുടെ കൈകളിലേക്ക് മാറി. അപ്പോഴും നിക്കോളാസിന്റെ നില സഹനീയതയുടെ സീമ കടന്നിരുന്നില്ല. നവംബർ 7–ന് ബോൾഷവിക്ക് വിപ്ലവകാരികൾ കെരസ്കി ഗവൺമെന്റിനെ അധികാരത്തിൽനിന്ന് നീക്കി. സാർ നിക്കോളാസിനെ ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് സ്ഥലംമാറ്റം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ, എക്കാട്ടറിൻബർഗിൽ പാർപ്പിച്ചു. ഇവിടെ സൈബീരിയയിൽ തടവിൽ പാർപ്പിക്കപ്പെട്ടവരോട് നടത്തപ്പെട്ട എല്ലാ ക്രൂരതകളുടെയും രുചി അദ്ദേഹത്തെ അനുഭവിപ്പിക്കുകയായിരുന്നു. കിഴക്ക് യുറാൾ പർവതത്തിനടുത്ത് മോസ്കോവിൽനിന്നും 1400 നാഴികയകലെ ഒരു നഗരത്തിൽ അദ്ദേഹത്തെ താമസിപ്പിച്ചു. രാഷ്ട്രീയ തടവുകാർക്ക് സൈബീരിയായിൽ സാർ ചക്രവർത്തി നൽകിയ കടുത്ത പീഢനങ്ങളെ അനുസ്മരിപ്പിക്കുന്ന ചുറ്റുപാടിൽ അദ്ദേഹം കഴിയേണ്ടിവന്നു.

കഴിഞ്ഞില്ല, അദ്ദേഹത്തിന്റെ റേഷൻ വെട്ടിക്കുറച്ചു. സാധാരണനിലയിലുള്ള ആശ്വാസനടപടികളും പിൻവലിച്ചു. അസുഖമുള്ള ഒരു കുട്ടിയെ അദ്ദേഹത്തിന്റെ കൺമുന്നിൽവെച്ച് ക്രൂരമായി റെഡ്ഗാർഡുകൾ മർദിച്ചു. പെൺമക്കൾ അപമാനിക്കപ്പെടുന്നത് നോക്കിക്കാണാൻ സാറിന അലക്സാൻഡ്രേ നിർബന്ധിക്കപ്പെട്ടു. മുഖം തിരിച്ചപ്പോൾ ഈ പൈശാചികകൃത്യം


സാർ നിക്കോളാസ് ചക്രവർത്തിയും കുടുംബവും

നോക്കികൊണ്ടിരിക്കാൻ പട്ടാളക്കാർ ബലം പ്രയോഗിച്ചുവത്രെ. ജീവിച്ചിരിക്കുന്ന ഒരു മനുഷ്യജീവിക്ക് അനുഭവിക്കാവുന്നതിലുമേറെ നോവുകളും മനോവേദനകളും കടിച്ചിറക്കിക്കൊണ്ട് സാർ ചക്രവർത്തി അന്ത്യം വരിച്ചു. 1918 ജൂലായ് 16–ന് കുടുബാംഗങ്ങളോടൊപ്പം സാറിനെ വെടിവെച്ചുകൊല്ലുകയാണ് ചെയ്തത്. "സാർ ചക്രവർത്തിതന്നെയായാലും ആ നാളുകളിൽ പരമദയനീയമായ ദുരന്തത്തിലായിരിക്കും" എന്നുള്ള വാഗ്ദത്തമസീഹി(അ)ന്റെ പ്രവചനം അക്ഷരംപ്രതി പൂർത്തിയായി.

പ്രവചനം പ്രസിദ്ധം ചെയ്തപ്പോൾ സാർ ചക്രവർത്തിയെക്കുറിച്ചുള്ള ആ പരാമർശം അങ്ങേയറ്റം അസംബന്ധമായി ചിത്രീകരിക്കപ്പെടുകയും പ്രവചനം ചെയ്തയാൾ മാനസികരോഗിയായി വിവരിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ വാഗ്ദത്ത മസീഹ് (അ) ഇതാവർത്തിച്ചുപറയുകയും ഈ പ്രവചനം തന്റെ സത്യത്തിലേയ്ക്കുള്ള ഉജ്ജ്വലമായ ഒരു അടയാളമായിരിക്കുമെന്നു ഉറപ്പിച്ച് പറയുകയുമുണ്ടായി. 12 കൊല്ലത്തിന് ശേഷം 1917–ൽ വാഗ്ദത്ത മസീഹി(അ)ന്റെ അഭാവത്തിൽ അത്യദ്ഭുതകരവും അത്യുജ്ജ്വലവുമായ രൂപത്തിൽ പ്രവചനം പുലർന്നു. ആ ദുരന്തത്തെ മറച്ചുവെക്കാനുള്ള ശ്രമങ്ങളൊന്നും ഫലിച്ചില്ല. അതിന്റെ വിശദവിവരങ്ങൾ ഇനിയും പുറത്തുവന്നുകൊണ്ടിരിക്കാം. ഇതോടെ റഷ്യയിൽ സാറിന്റെ പദവിയും (Czardom) എന്നന്നേയ്ക്കുമായി അവസാനിക്കുകയും സോവിയറ്റ് യൂണിയൻ പിറവിയെടുക്കുകയും ചെയ്തു. സാറിന്റെ നാശത്തോടെ ഈ ലോകത്ത് സോഷ്യലിസ്റ്റ് യുഗം പിറന്നു.

*('ഹദ്റത്ത് അഹ്മദ്' എന്ന ഗ്രന്ഥത്തിൽ നിന്ന്)*

ലേഖനം



സന്മാർഗത്തിലുള്ള ഖിലാഫത്തുണ്ടായിരിക്കെ അതിനുപുറമെയുള്ള മുജദ്ദിദിന്റെ ആവശ്യമില്ലെന്ന് വിശുദ്ധ ഖുർആനും ഹദീസും സൂചിപ്പിക്കുന്നു



# നുബുവ്വത്തും ഖിലാഫത്തും

മുഹമ്മദ് ഫാറൂഖ്

**"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ള വരെ ഖലീഫമാരാക്കിയതുപോലെ, തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി താൻ തൃപ്തിപ്പെട്ട ദീനിനെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (വി.ഖു: 24:56)**

"ഖിലാഫത്ത് പിന്തുടർന്ന് വന്നിട്ടില്ലാത്ത ഒരു നുബുവ്വത്തും ഉണ്ടായിരിക്കില്ല" (കൻസുൽ ഉമ്മാൽ)

ഇസ്തിഖ്‌ലാഫിന്റെ ആയത്തെന്ന് അറിയപ്പെടുന്ന മുകളിൽ കൊടുത്ത വിശുദ്ധ ഖുർആൻ വചനത്തിൽ, സൽക്കർമകാരികളായ മുസ്‌ലിംകൾക്ക് അല്ലാഹു ഖിലാഫത്ത് വാഗ്ദാനം ചെയ്തിരിക്കുന്നു. പ്രസ്തുത ഖിലാഫത്ത് മുഖേന ദീനിന്റെ സംരക്ഷണവും വിശ്വാസികൾക്ക് രക്ഷയും സമാധാനവും ഉറപ്പ് വരുത്തുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

ഖലീഫമാർ രണ്ട് തരത്തിലുണ്ട്. ഒന്ന്, അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്ന നബിമാരായ ഖലീഫമാർ. അവരെ ഖലീഫത്തുല്ലാഹ് (അല്ലാഹുവിന്റെ ഖലീഫമാർ) എന്നു പറയുന്നു. രണ്ട്, നബിമാരുടെ വിയോഗാനന്തരം തുടർന്നുവരുന്ന വിശ്വാസികളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഖലീഫമാർ. അവരെ ഖലീഫത്തുർറസൂൽ (റസൂലിന്റെ ഖലീഫമാർ) എന്നും പറയുന്നു. അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്ന നബിമാരായ ഖലീഫമാർ, നബിതിരുമേനി(സ)യുടെ സമുദായത്തിൽ ഉടനെ ഉണ്ടാകുന്നതല്ലെന്നും എന്നാൽ രണ്ടാമത് പറഞ്ഞ രൂപത്തിലുള്ള ഖലീഫമാർ ഉണ്ടാകുന്നതാണെന്നും നബിതിരുമേനി(സ) പ്രവചിച്ചിട്ടുണ്ട്. അവിടുന്നു അരുൾ ചെയ്യുന്നു: "കാനത്ത് ബനൂഇസ്രായീല, തസൂസുഹുമുൽ അമ്പിയാഉ, കുല്ലമാഹലക്ക നബിയ്യുൻ ഖലഫഹുനബിയ്യുൻ വ അന്നഹു ലാനബിയ്യ ബഅ്ദീ വസയകൂനു ഖുലഫാഉ" അതായത് ഇസ്രായീൽ സമുദായത്തെ നബിമാരായ ഖലീഫമാരായിരുന്നു ഭരിച്ചുകൊണ്ടിരുന്നത്. ഒരു നബിവഫാത്താകുമ്പോൾ തൽസ്ഥാനത്ത് മറ്റൊരു നബി ഖലീഫയായി വരുമായിരുന്നു. എന്നാൽ എനിക്ക് ശേഷം ഉടനെ നബിയില്ല; ഖലീഫമാരുണ്ടാകും" (ബുഖാരി കിത്താബുൽഅമ്പിയാഅ്)

നബി തിരുമേനി(സ)യുടെ വഫാത്തിന് ശേഷം തുടർന്ന് വരുന്ന ഖിലാഫത്തിനെക്കുറിച്ചും അതിന്റെ ചില പരിണാമരൂപങ്ങളെക്കുറിച്ചും വിവരിച്ചുകൊണ്ട് അവിടുന്ന് ഇപ്രകാരം അരുൾ ചെയ്തു. *"അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും. പിന്നെ അവൻ അതിനെ ഉയർത്തും.* അനന്തരം അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം നിങ്ങളിൽ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലനിൽക്കും. പിന്നെ അല്ലാഹു അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം മർദകരൂപത്തിലുള്ള ഭരണം നിലനിൽക്കും. പിന്നെ അവൻ അതിനെ എടുത്തുകളയും. തുടർന്ന് അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നിഷ്ഠൂരൻമാരായ രാജാക്കൻമാരുണ്ടാകും. പിന്നെ അവൻ അതിനെ എടുത്ത് കളയും. പിന്നീട് വീണ്ടും നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടായിരിക്കും. പിന്നെ നബിതിരുമേനി (സ) മൗനമവലംബിച്ചു." (മിശ്ക്കാത്ത്)

ഇസ്തിഖ്‌ലാഫിന്റെ ആയത്തിൽ മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ഖിലാഫത്ത് *"ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത്"* അതായത് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്താണെന്നും അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്ന നുബുവ്വത്താകുന്ന ഖിലാഫത്തല്ലെന്നും കാലവും തെളിയിച്ചിരിക്കുകയാണ്. ഹദ്റത്ത് മൂസാ (അ)ക്ക്ശേഷം ഇസ്രായീൽ സമുദായത്തിൽ തുടർച്ചയായി പതിനാല് നൂറ്റാണ്ടുകൾ വരെ നബിമാർ വന്നുകൊണ്ടിരുന്നതായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. എന്നാൽ ഇസ്‌ലാമിൽ പതിമൂന്നു നൂറ്റാണ്ടുകൾ വരെ ഒരു നബിയും ഖലീഫയായി വന്നിട്ടില്ല. മറിച്ച്, നബിതിരുമേനി(സ)യിൽ നിന്ന് നേരിട്ട് ദീൻ പഠിച്ച മഹാന്മാരായ സഹാബാക്കൾ നബിതിരുമേനി(സ) വഫാത്തായപ്പോൾ ആദ്യം ചെയ്തത് ഒരു ഖലീഫയെ തിരഞ്ഞെടുക്കുകയായിരുന്നു. അല്ലാഹു നേരിട്ട് ഒരു നബിയെ ഖലീഫയായി തിരഞ്ഞെടുക്കുന്നതാണെന്ന വിശ്വാസം അവരിൽ ആർക്കും ഉണ്ടായിരുന്നില്ല.

*"അൽഖിലാഫത്തു സലാസൂനസനത്തൻ"* ഖിലാഫത്ത് മുപ്പത് കൊല്ലമായിരിക്കുമെന്ന മറ്റൊരു പ്രവചനമനുസരിച്ച് ആദ്യഘട്ടത്തിൽ ഖിലാഫത്തെ റാശിദ നിലനിന്നത് മുപ്പത് കൊല്ലമായിരുന്നു. പിന്നീട് മുലൂക്കിയത്ത് അഥവാ രാജാധിപത്യമായിരുന്നു നിലനിന്നത്. ഹദ്റത്ത് മുആവിയ(റ) മുതൽ തുടർന്നുവന്ന മുസ്‌ലിം രാജാക്കന്മാരും സ്വയം ഖലീഫമാരായി വിശേഷിപ്പിച്ചിരുന്നുവെങ്കിലും നബി തിരുമേനി(സ) അവർക്ക് വേണ്ടി ഖലീഫ എന്ന വാക്ക് തന്നെ ഉപയോഗിക്കുകയുണ്ടായില്ല. അതിനാൽ അവർ ഖുലഫായെ റാശിദിങ്ങളായി പരിഗണിക്കപ്പെടുന്നുമില്ല. എന്നാൽ ഇതേ കാലഘട്ടത്തിൽ സമാന്തരമായി ആത്മീയ ഖലീഫമാരുടെ രൂപത്തിൽ മുജദ്ദിദുമാരുടെ ഒരു പരമ്പരയും നിലനിന്നിരുന്നു. പ്രസ്തുത മുജദ്ദിദുമാരുടെ പരമ്പരയിൽ പതിനാലാം നൂറ്റാണ്ടിൽ

വന്ന ആളായിരുന്നു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ). അദ്ദേഹത്തെക്കുറിച്ച് നബിതിരുമേനി(സ) പറഞ്ഞത് *"ലൈസബൈനീ വ ബൈനഹു നബിയ്യുൻ"* എനിക്കും അദ്ദേഹത്തിനും ഇടയിൽ ഒരു നബിയുമില്ല എന്നാണ്. അദ്ദേഹം നബിതിരുമേനി(സ)യുടെ 'ബുറൂസ്' പരിപൂർണ പ്രതിരൂപവുമാകുന്നു. സൂറ: ജുമുആയിൽ പ്രവചിക്കപ്പെട്ട നബിതിരുമേനി(സ)യുടെ രണ്ടാം വരവ് അദ്ദേഹത്തിൽ കൂടി പൂർത്തീകരിക്കപ്പെടുകയും ചെയ്തു. നബി തിരുമേനി(സ) അരുൾ ചെയ്യുന്നു. ''ഞാൻ ആദ്യത്തിലും മസീഹിബ്നുമർയം അവസാനത്തിലുമുള്ള ഒരു സമുദായം എങ്ങനെ നശിക്കും?" (ഇബ്നുമാജ). വീണ്ടും പറയുന്നു: "ഈ സമുദായത്തിൽ ഉത്തമമായത് അതിന്റെ ആദ്യത്തിലുള്ളതും അവസാനത്തിലുള്ളതുമാകുന്നു; ആദ്യത്തേതിൽ അല്ലാഹുവിന്റെ റസൂലും അവസാനത്തേതിൽ ഈസബ്നുമർയമും ആണ്" (കൻസുൽ ഉമ്മാൽ). വീണ്ടും പറയുന്നു: "എന്റെ സമുദായത്തിനുള്ള ഉദാഹരണം മഴയുടെ ഉദാഹരണം പോലെയാണ്. അതിന്റെ ആദ്യഭാഗമോ അതല്ല അവസാനഭാഗമോ ഉത്തമമായിട്ടുള്ളതെന്ന് പറയാവതല്ല''(തിർമിദി). ചുരുക്കത്തിൽ ഇസ്‌ലാമിന്റെ സുവർണ കാലമെന്നു പറയുന്നത് ആദ്യത്തിൽ നബിതിരുമേനി (സ)യുടെയും അവസാനത്തേത് നബിതിരുമേനി (സ)യുടെ പൂർണ പ്രതിബിംബമായി വന്ന ഹദ്റത്ത് അഹ്മദ് (അ)ന്റെ കാലഘട്ടവുമാകുന്നു. അവസാനം വീണ്ടും നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ കൂടി പുനഃസ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇസ്രായീൽ ജനതയിൽ അവസാനം വന്ന പ്രവാചകൻ ഹദ്റത്ത് ഈസാനബി(അ) ആയിരുന്നു. അദ്ദേഹത്തിനുശേഷം ഒരു നബിയും വന്നിട്ടില്ല. ശരിയായ രൂപത്തിലാണെങ്കിലും അല്ലെങ്കിലും അദ്ദേഹത്തിന്റെ പിന്തുടർച്ചയിൽ ഖിലാഫത്ത് ഇന്നും നിലനിൽക്കുന്നു. ഇൻശാ അല്ലാഹ് ഇസ്‌ലാമിൽ അവസാനകാലത്ത് വന്ന മസീഹിന്റെ ഖിലാഫത്തും ലോകാവസാനം വരെ നിലനിൽക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്തിഖ്ലാഫിന്റെ ആയത്തിന് നൽകിയ വിശദീകരണത്തിൽ പറയുന്നു. ''ഖലീഫ എന്നാൽ പ്രതിനിധി എന്നാണ് അർഥം. റസൂലിന്റെ പൂർണതകൾ പ്രതിച്ഛായ രൂപത്തിൽ തന്നിൽ പ്രതിഫലിപ്പിക്കുന്ന ഒരാൾക്ക് മാത്രമെ, യഥാർഥ അർഥത്തിൽ ഖലീഫയാകാൻ കഴിയുകയുള്ളു. അതുകൊണ്ടാണ് നബിതിരുമേനി(സ) അക്രമകാരികളായ രാജാക്കന്മാർക്ക് വേണ്ടി ഖലീഫ എന്ന വാക്ക് ഉപയോഗിക്കാൻ ഇഷ്ടപ്പെടാതിരുന്നത്. കാരണം ഖലീഫ യഥാർഥത്തിൽ റസൂലിന്റെ പ്രതിരൂപമായിരിക്കണം. നിത്യത ഒരാൾക്ക് വേണ്ടിയും നൽകപ്പെട്ടിട്ടില്ല. എന്നാൽ നുബുവ്വത്തിന്റെ അനുഗ്രഹങ്ങൾ ഒരിക്കലും ഒരു കാലത്തും നഷ്ടമായിപ്പോകരുത് എന്നാണ് അല്ലാഹു ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്‌വേണ്ടി മനുഷ്യരിൽ വെച്ച് ഉന്നത സ്ഥാനീയരും അതിശ്രേഷ്ഠരുമായ പ്രവാചകന്മാരുടെ സാന്നിദ്ധ്യം പ്രതിരൂപാത്മകമായി ലോകാവസാനം വരെ നിലനിർത്തിപ്പോരുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അല്ലാഹു ഖിലാഫത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നത്" (ശഹാദത്തുൽ ഖുർആൻ റൂഹാനി ഖസാഇൻ പേജ് 353)

ഖിലാഫത്തായിരിക്കും സ്ഥായിയായ വ്യവസ്ഥ എന്നതിന്ന് താഴെ പറയുന്ന പ്രബലമായ ഹദീ സും തെളിവാകുന്നു. നബിതിരുമേനി(സ) അരുൾ ചെയ്തു: "അലൈക്കും ബിസുന്നത്തീ, വബിസുന്നത്തി ഖുലഫാ ഉർറാശിദീനൽമഹ്ദിയ്യീൻ." നിങ്ങൾ എന്റെയും സന്മാർഗികളായ ഖലീഫമാരുടെയും നടപടിക്രമങ്ങളെ അനുസരിക്കേണ്ടതാണ്. (തിർമിദി – ഇബ്നുമാജ)

വിശുദ്ധ ഖുർആനിൽ ദീനിന്റെ തജ്ദീദ് ഖിലാഫത്തുമായിട്ടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്. മുജദ്ദിദുമാരുടെ കാര്യം പറഞ്ഞിട്ടില്ല. ഖിലാഫത്ത് മുഖേന ദീനിന്റെ തജ്ദീദ് ശരിയായ രീതിയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ പിന്നെ മറ്റു നിലക്കുള്ള മുജദ്ദിദുമാരുടെ പ്രശ്നം തന്നെ വരുന്നില്ല. ഖിലാഫത്തിന്റെ അഭാവത്തിലുള്ള താൽക്കാലിക പരിഹാരം മാത്രമായിരുന്നു മുജദ്ദിദുമാർ. ഏതുപോലെ എന്നാൽ വെള്ളം കിട്ടാത്ത അവസരത്തിൽ വുസുവിന് പകരമായി തയമ്മും ചെയ്തു നമസ്കരിക്കാവുന്നതാണ്;എന്നാൽ, വെള്ളവും ഉണ്ട്, മറ്റ് പ്രതിബന്ധങ്ങളൊന്നുമില്ല അങ്ങനെയുള്ള അവസരത്തിലും ഒരാൾ തയമ്മും തന്നെ ചെയ്തു നമസ്കരിക്കുന്നതായാൽ അത്തരം നമസ്കാരം അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യയോഗ്യമായിരിക്കുകയില്ല. വാഗ്ദത്ത മഹ്ദി മസീഹിനെക്കുറിച്ചുള്ള പ്രവചനങ്ങളിൽ ഒന്ന് അദ്ദേഹം നീതിമാനായ വിധികർത്താവായിരിക്കുമെന്നാണ്. ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ തീരുമാനം കൂടി പരിശോധിക്കാം. അദ്ദേഹം പറയുന്നു: "നമ്മുടെ ഈ ഏഴാം സഹസ്രാബ്ദം ഹിദായത്തിന്റേതാകുന്നു. ഇത് അവസാന സഹസ്രാബ്ദമാകയാൽ അവസാനകാലത്തിന്റെ ഇമാം വെളിപ്പെടേണ്ടതും ഇതിന്റെ ആരംഭത്തിൽ തന്നെയായിരുന്നു. ഇനി പ്രതിച്ഛായ രൂപത്തിലല്ലാതെ, ഒരു ഇമാമും മസീഹുമില്ല. കാരണം ഈ സഹസ്രാബ്ദത്തോടെ ഇനി ലോകത്തിന്റെ അന്ത്യമാകുന്നു. ഇത് എല്ലാ പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിൽ നിന്ന് മസീഹായി വന്ന ഈ ഇമാം നൂറ്റാണ്ടിലെയും മുജദ്ദിദാകുന്നു, അവസാന സഹസ്രാബ്ദത്തിലെയും മുജദ്ദിദാകുന്നു" (ലക്ചർ സിയാൽ ക്കോട്ട് പേജ് 6)

രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: *"ഖലീഫ മുജദ്ദിദിനെക്കാൾ വലുതാണ്. അദ്ദേഹത്തിന്റെ ജോലി തന്നെ ശരീഅത്തിന്റെ കല്പനകൾ നടപ്പാക്കുകയും ദീനിനെ നിലനിർത്തിപ്പോരുകയും ചെയ്യുക എന്നതാണ്. പിന്നെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എങ്ങനെയാണ് മുജദ്ദിദ് വരുന്നത്?"* (അൽഫസൽ ഖാദിയാൻ ഏപ്രിൽ 7, 1947) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ മിർസാ നാസിർ അഹ്മദ് (റഹ്) പറയുന്നു: ഖുർആനിൽ എവിടെയും മുജദ്ദിദ് എന്ന വാക്കില്ല. യഥാർഥത്തിൽ മുജദ്ദിദിന്റെ ഹദീസിന്റെ വ്യാഖ്യാനം ഇസ്തിഖ്ലാഫിന്റെ ആയത്തിൽ അന്തർലീനമാണ്. അതിൽ ദീനിന്റെ തജ്ദീദ് ഖിലാഫത്തുമായിട്ടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്" (അൽഫസൽ–നവമ്പർ7, 1977)

ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണെന്ന് വിശുദ്ധ ഖുർആൻ പറയുമ്പോൾ സഭ കൂടി തിരഞ്ഞെടുക്കുന്ന ആൾ എങ്ങനെയാണ് അല്ലാഹുവിന്റെ ഖലീഫയാകുന്നത് എന്ന സംശയത്തിനുള്ള നിവാരണവും വിശുദ്ധ ഖുർആനിലുണ്ട്. അല്ലാഹുവിന്റെ പള്ളികളിൽ വെച്ച് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും അതുവഴി അവയുടെ നാശത്തിനായി ശ്രമിക്കുകയും ചെയ്യുന്നവനെക്കാൾ വലിയ അക്രമി മറ്റാരുണ്ട്? (വി.ഖു 3:115). ഇവിടെ മനുഷ്യനിർമിതങ്ങളായ പള്ളികൾ അല്ലാഹുവിന്റെ പള്ളികളാണെന്ന് പറഞ്ഞിരിക്കുന്നു. ഹദ്റത്ത് സാലിഹ് നബി(അ)മിന്റെ ഒട്ടകത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ "നാഖത്തുല്ലാഹി"– അല്ലാഹുവിന്റെ ഒട്ടകമെന്ന് പറഞ്ഞിരിക്കുന്നു.

ബദർ യുദ്ധത്തിൽ ശത്രുക്കളെ വധിച്ചത് സഹാബാക്കളായിരുന്നു. എന്നാൽ അല്ലാഹു പറയുന്നത് "നിങ്ങളല്ല അവരെ

വധിച്ചത് അല്ലാഹുവാണ്" (8:18). സത്യ വിശ്വാസികൾ ചേർന്ന് ഖലീഫയെ തിരഞ്ഞെടുക്കുമ്പോൾ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പ്രേരകശക്തി അല്ലാഹുവിന്റെ ഹിതവും സഹായവുമായിരിക്കും. അല്ലാതെ കേവലം ഒരു സഭ കൂടി ഖലീഫയെ തിരഞ്ഞെടുക്കുക സാദ്ധ്യമല്ല. 1923ൽ നാമമാത്രമായിരുന്ന തുർക്കി ഖിലാഫത്തും അവസാനിപ്പിക്കപ്പെട്ടതിനുശേഷം വീണ്ടും ഒരു ഖലീഫയെ തിരഞ്ഞെടുക്കാനായി ലോക മുസ്‌ലിംകൾ പല ശ്രമങ്ങളും നടത്തിയെങ്കിലും എല്ലാം പരാജയപ്പെടുകയാണുണ്ടായത്. അവസാനം 1925ൽ കെയ്റോവിൽ ചേർന്ന ലോക മുസ്‌ലിം കോൺഫ്രൻസ് ഖിലാഫത്തിന്റെ പുനഃസ്ഥാപനം അപ്രായോഗികവും അസാദ്ധ്യവുമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് നിരാശരായി പിരിയുകയാണുണ്ടായത്. അതോടെ ഖിലാഫത്തിന് വേണ്ടിയുള്ള ശ്രമങ്ങളും ഉപേക്ഷിക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എനിക്ക് ശേഷം അല്ലാഹുവിൽ നിന്നുള്ള വിശുദ്ധാത്മാവിനാൽ പ്രേരിതനായി ഒരാൾ ഉണ്ടാകുന്നത് വരെ നിങ്ങളെല്ലാവരും കൂട്ടായിട്ട് പ്രവർത്തിക്കുക (അൽവസിയ്യത്ത് പേജ് 9). അഹ്മദിയ്യാ ഖിലാഫത്തിനെതിരിൽ ഉയർന്നുവരുന്ന ഓരോ വെല്ലുവിളിയേയും അതിജീവിക്കുന്നതിന്നുള്ള കരുത്തും സഹായവും എപ്പോഴും അല്ലാഹുവിൽ നിന്ന് അതിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നു എന്നത് തന്നെ ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണ് എന്നതിന് മതിയായ ഉദാഹരണമാണ്.

നബിതിരുമേനി(സ)യുടെ വഫാത്തിന്നുശേഷം ഖിലാഫത്ത് നിലവിൽ വന്നതുപോലെ ഹദ്റത്ത് മസീഹ് മൗഊദി(അ)നു ശേഷവും തുടർന്ന് ഖിലാഫത്ത് സ്ഥാപിക്കപ്പെടുന്നതാണെന്ന് അദ്ദേഹം തന്റെ അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: *"ചുരുക്കത്തിൽ രണ്ട് പ്രകാരത്തിലുള്ള ശക്തിപ്രഭാവം വെളിപ്പെടുന്നു. ഒന്ന്, സ്വയം നബിമാർ മുഖേന അല്ലാഹു തന്റെ ശക്തിപ്രഭാവത്തിന്റെ കൈ വെളിപ്പെടുത്തുന്നു. രണ്ട്, നബിയുടെ വഫാത്തിനുശഷം പ്രയാസങ്ങൾ നേരിടുകയും ശത്രുക്കൾ കൂടുതൽ ശക്തരായിവരുകയും ചെയ്തുകൊണ്ട് ഇപ്പോൾ പ്രശ്നം കുഴപ്പത്തിലായിരിക്കുന്നു എന്ന് ചിന്തിച്ചുകൊണ്ട് ഈ ജമാഅത്ത് നശിച്ചുപോകുന്നതാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. ജമാഅത്തിലുള്ളവരും സംശയങ്ങൾക്കടിമപ്പെട്ടുകൊണ്ട് അവരുടെ നടുവൊടിയുകയും ചെയ്യുന്നു. നിർഭാഗ്യവാന്മാരായി പലരും മതനിരാസത്തിന്റെ മാർഗമവലംബിച്ചു തുടങ്ങുകയും ചെയ്യുന്നു. ആ സന്ദർഭത്തിൽ അല്ലാഹു രണ്ടാമത് തന്റെ കരുത്ത്, രണ്ടാം ശക്തിപ്രഭാവം വെളിപ്പെടുത്തിക്കൊണ്ട് നാശത്തിലേക്ക് ആപതിച്ചുകൊണ്ടിരുന്ന ജമാഅത്തിനെ സംരക്ഷിച്ചു നിലനിർത്തുന്നു. ആകയാൽ അവസാനം വരെ സഹനം കൈക്കൊള്ളുന്നവൻ അല്ലാഹുവിന്റെ ഈ അദ്ഭുതദൃഷ്ടാന്തം കാണുന്നതാണ്. ഏതുപോലെ ഹദ്റത്ത് അബൂബക്കർ (റ)വിന്റെ കാലത്തു സംഭവിക്കുകയുണ്ടായി. നബിതിരുമേനി(സ)യുടെ വഫാത്ത് ഒരു അകാലമരണമായി കരുതപ്പെടുകയുണ്ടായി. പാമരന്മാരായിരുന്ന പല ഗ്രാമവാസികളും മൂർത്തദ്ദായിപ്പോവുകയും ചെയ്തു. ദുഃഖഭാരത്താൽ സഹാബാക്കളും ഭ്രാന്തന്മാരെപ്പോലെയായി. ആ സമയത്ത് അല്ലാഹു വീണ്ടും തന്റെ ശക്തിപ്രഭാവത്തിന്റെ മാതൃക കാണിച്ചുകൊണ്ട് നാശോന്മുഖമായിക്കൊണ്ടിരുന്ന ഇസ്‌ലാമിനെ സംരക്ഷിച്ചുകൊണ്ട് "വലയുമക്കിനന്നലഹും ദീനഹുമുല്ലദീർത്തദാലഹും വലയുബദ്ദിലന്ന അഹുംമിംബഅ്ദി ഖൗഫിഹീം അംനാ" അതായത് അവരുടെ ഭയത്തിന്ശേഷം നാം വീണ്ടും അവരുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തുന്നതാണെന്ന ആ വാഗ്ദാനം പൂർത്തിയാക്കുകയുണ്ടായി. അതേപോലെ ഹദ്റത്ത് മൂസാ(അ)മിന്റെ കാലത്തും സംഭവിക്കുകയുണ്ടായി. വാഗ്ദാനമനുസരിച്ച് ഇസ്രായീൽ ജനതയെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിന് മുമ്പായി ഈജിപ്തിൽ നിന്ന് കൻആനിലേക്കുള്ള വഴി മദ്ധ്യേ ഹദ്റത്ത് മൂസാനബി(അ) വഫാത്തായവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ മരണത്തിൽ ഇസ്രായീൽ ജനതയിൽ വലിയ അലമുറകൾ ഉയരുകയുണ്ടായി. ഹദ്റത്ത് മൂസാ(അ)ന്റെ മരണത്തിന്റെ ആഘാതവും അപ്രതീക്ഷിതമായ വേർപാടും കാരണമായി ഇസ്രായീൽ ജനത നാല്പത് ദിവസം വരെ കരഞ്ഞു വിലപിച്ചിരുന്നതായി തൗറാത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതേപോലെത്തന്നെയാണ് ഹദ്റത്ത് ഈസാനബി(അ)മിന്റെ കാര്യത്തിലും സംഭവിച്ചത്. കുരിശ് സംഭവസമയത്ത് ശിഷ്യന്മാരെല്ലാം ചിന്നിച്ചിതിറപ്പോവുകയും അവരിൽ ഒരാൾ മൂർത്തദ്ദാവുകയും ചെയ്തു. ആകയാൽ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ പൊള്ളയായ രണ്ട് സന്തോഷങ്ങൾ നിരർഥകമാണെന്ന് തെളിയിക്കുന്നതിന്നുവേണ്ടി രണ്ട് ശക്തിപ്രഭാവത്തെ വെളിപ്പെടുത്തുക എന്നത് അല്ലാഹുവിന്റെ സനാതനമായ നടപടിക്രമമാകുന്നു. പണ്ടേയുള്ള അല്ലാഹുവിന്റെ ഈ നടപടിക്രമത്തെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക എന്നത് അസംഭവ്യമാകുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യത്തിൽ നിങ്ങൾ ദുഃഖിക്കുകയോ നിങ്ങളുടെ മനസ്സുകൾ വിഷമിക്കുകയോ ചെയ്യരുത്. കാരണം രണ്ടാം ശക്തിപ്രഭാവത്തെ കാണുക എന്നത് നിങ്ങൾക്ക് അനിവാര്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഉത്തമമായതാണ്. അത് ശാശ്വതമായിട്ടുള്ളതാണ്. അതിന്റെ പരമ്പര ലോകാവസാനം വരെ മുറിഞ്ഞുപോകുന്നതല്ല. എന്നാൽ ഞാൻ പോകുന്നത് വരെ ആ രണ്ടാം ശക്തിപ്രഭാവം വരുന്നതല്ല. ഞാൻ പോയി കഴിഞ്ഞാൽ അല്ലാഹു അതിനെ നിങ്ങൾക്കുവേണ്ടി അയക്കുന്നതാണ്. ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു ചെയ്ത വാഗ്ദാനപ്രകാരം അത് എന്നെന്നും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും... ഞാൻ അല്ലാഹുവിൽ നിന്ന് ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ സാക്ഷാൽ ശക്തിപ്രഭാവമാകുന്നു. എനിക്ക് ശേഷം മറ്റ് ചില വ്യക്തികൾ രണ്ടാം ശക്തിപ്രഭാവത്തിന്റെ പ്രതീകങ്ങളായി ഉണ്ടാകുന്നതായിരിക്കും. ആകയാൽ അല്ലാഹുവിൽ നിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ നിങ്ങളെല്ലാവരും കൂട്ടായി പ്രാർഥിച്ചുകൊണ്ടിരിക്കുക. രണ്ടാം ശക്തിപ്രഭാവം ആകാശത്തിൽ നിന്ന് അവതരിക്കുന്നതിനും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്ന് നിങ്ങൾ കാണുന്നതിനും വേണ്ടി സ്വാലിഹീങ്ങളുടെ ഓരോ ജമാഅത്തും ഓരോ രാജ്യത്തും ഒത്തുകൂടി പ്രാർഥനയിൽ നിരതരാകുവിൻ. മരണം നിങ്ങളുടെ സമീപസ്ഥമാണെന്നു മനസ്സിലാക്കുക. ആ സമയം എപ്പോൾ വരുമെന്ന് നിങ്ങൾ അറിയുന്നില്ല (അൽ വസിയത്ത്).*

*മുകളിലെ ഉദ്ധരണികളിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്നുശേഷം പ്രസ്തുത ഖിലാഫത്ത് നബിതിരുമേനി(സ)യുടെ വിയോഗാനന്തരം ഉണ്ടായിരുന്ന ഖിലാഫത്തിന്റെ മാതൃകയിലുള്ളതായിരിക്കുമെന്നും നേരെ ചൊവ്വെ ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്.* "ഖുദ്റത്ത്" എന്ന വാക്ക് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെ സൂചിപ്പിക്കുന്നു. അതായത് നുബുവ്വത്തിന്റെയും ഖിലാഫത്തിന്റെയും പിന്നിൽ അല്ലാഹു



# ഇസ്‌ലാം

## വിശ്വാസവും സ്വാംശീകരണവും

മഹ്മൂദ് കൽക്കുളം

> ഹ്യസ്വവും നശ്വരവുമായ ഐഹീക ജീവിതം പരിവർദ്ധിക്കാതെ വിവേചന ബോധത്തോടെ ആസ്വദിച്ചുകൊണ്ട് ഇസ്‌ലാമിൽ മോക്ഷം നേടാം.

**സ**മസ്ത മനുഷ്യർക്കുമുള്ള തികവുറ്റ ദൈവീക സന്ദേശമാകുന്നു ഇസ്‌ലാം. മതത്തിന്റെ അന്ത:സ്സാരമായ ദൈവ സാക്ഷാൽക്കാരത്തിലേക്കുള്ള വിളിയാളമാണത്. അഥവാ ഇസ്‌ലാമിക പാഠങ്ങളുടെ പ്രയോഗവൽക്കരണത്തിലൂടെ ദൈവസായൂജ്യം യാഥാർഥ്യമാകുന്നു. മനുഷ്യന്റെ ഐഹികവും പാരത്രികവുമായ ക്ഷേമ നിദാനങ്ങളാണ് ഇസ്‌ലാം ലക്ഷ്യമാക്കുന്നത്. പാരത്രിക ക്ഷേമത്തിന്നുതകുന്ന വിധം ഐഹികവ്യവഹാരങ്ങളെ ചിട്ടപ്പെടുത്തുവാൻ അത് മനുഷ്യനെ ഉദ്യുക്തനാക്കുന്നു. തന്മൂലം ഐഹികമായ സമീപന രീതികളെ സംബന്ധിച്ച് വ്യക്തവും കുറ്റമറ്റതുമായ മാർഗരേഖകൾ ഇസ്‌ലാം സമർപ്പിക്കുന്നുണ്ട്. "(പറയുക) ഇതുതന്നെയാണ് എന്റെ നേരായ മാർഗം. അതിനാൽ നിങ്ങൾ അത് പിൻപറ്റുക. മറ്റു മാർഗങ്ങളെ നിങ്ങൾ പിൻ പറ്റരുത്. അപ്പോൾ അവ നിങ്ങളെ അവന്റെ മാർഗത്തിൽ തെറ്റിച്ച് ഭിന്നിപ്പിച്ചുകളയും. അവൻ ഇതിനെ സംബന്ധിച്ച് നിങ്ങളോട് അനുശാസിക്കുന്നു. നിങ്ങൾ സൂക്ഷ്മത കൈകൊള്ളുന്നതിന് വേണ്ടി." (വി.ഖു. 6:154)

### ഇസ്‌ലാമും ഏകതാവിശ്വാസവും

തൗഹീദ് അഥവാ ഏകതാവിശ്വാസം ഇസ്‌ലാമിന്റെ മർമവും സത്തുമാകുന്നു. "ലാഇലാഹ ഇല്ലാലാഹു മുഹമ്മദുർറസൂലുല്ലാഹ്" എന്ന കലിമയിൽ ഉള്ളടങ്ങിയിരിക്കുന്നത് ഇസ്‌ലാമിക തത്ത്വസംഹി

---

വിന്റെ സഹായത്തിന്റെ അതിശക്തമായ കരങ്ങളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും അതിനാൽ പ്രവാചകദൗത്യം ഒരിക്കലും പരാജയപ്പെടുന്നതല്ലെന്നും ഖുദ്റത്ത് എന്ന വാക്ക് വ്യക്തമാക്കുകയാണ്. "ഖുദ്റത്തെ സാനിയ" എന്ന വാക്ക് ഖിലാഫത്തിന്റെ പര്യായമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: *"ആ സന്ദർഭത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) വിനെ എഴുന്നേല്പിച്ചുകൊണ്ട് തന്റെ ഖുദ്റത്തിന്റെ മാതൃക കാണിക്കുകയും ഇസ്‌ലാമിനെ നാശത്തിൽ നിന്ന് രക്ഷിച്ചുകൊണ്ട് (ഇസ്തിഖ്‌ലാഫിന്റെ ആയത്തിലെ) അവന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്തു"* (അൽവസിയ്യത്ത് പേജ്-7). ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈസബ്നുമറിയം ദിമിശ്ഖിന് കിഴക്ക് ഇറങ്ങുമെന്ന ഹദീസിനെ വ്യാഖ്യാനിച്ചുകൊണ്ട് എഴുതുന്നു: *"സുമ്മയുസാഫിറു മസീഹുൽ മൗഊദു ഔ ഖലീഫത്തുൻ മിൻഖുലഫാഇഹീ ഇലാ അർളിദിമിശ്ഖ"* അതായത് പിന്നെ മസീഹ് മൗഊദ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഖലീഫമാരിൽ നിന്നുള്ള ഒരു ഖലീഫ ദിമിശ്ഖിലേക്ക് യാത്രചെയ്യുന്നതാണ് (ദിമിശ്ഖ് സന്ദർശിക്കുന്നതാണ്) (അൽഹമാമത്തുൽബുശ്റാ പേജ് 37). ഇതുപോലെ ഖലീഫ എന്ന വാക്കും ഖിലാഫത്ത് എന്ന വാക്കും ഹദ്റത്ത് മസീഹ് മൗഊദ് (അ) പല ഗ്രന്ഥങ്ങളിലും പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഖലീഫ എന്ന വാക്കില്ലെന്നു പറഞ്ഞു ഖിലാഫത്തിനോട് അനാദരവ് കാണിക്കുന്നത് ശരിയല്ല. ഖിലാഫത്തിനോട് അനാദരവ് കാണിച്ചവരാരും രക്ഷപ്പെട്ടിട്ടില്ല.

തകളുടെ സാരാംശമാണ്. ഇലാഹായി, ദൈവമല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് (സ) അവന്റെ ദൂതനാണെന്നുമുള്ള വിശ്വാസം അടിസ്ഥാന ലക്ഷ്യമായി അംഗീകരിച്ചവർ, പരമമായ ഭൗതിക കെട്ടുപാടുകളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും തങ്ങളെ മോചിതരാക്കുവാനുള്ള തീവ്രയത്നങ്ങളിൽ മുഴുകേണ്ടത് അനുപേക്ഷണീയമാകുന്നു. ലൗകീകതയോടുള്ള വഴിവിട്ട പ്രണയത്തിന്റെയും വിധേയത്വത്തിന്റെയും നിരാസത്തിന് മനുഷ്യനെ സന്നദ്ധനാക്കുന്നത് യഥാർഥരക്ഷാ സങ്കേതവും ആശാപാത്രവും ദൈവമാണെന്ന തിരിച്ചറിവാണ്. ആരാധനയ്ക്കർഹൻ, പ്രേമപാത്രം, ആശാലക്ഷ്യം, രക്ഷാസങ്കേതം തുടങ്ങിയ അർഥ വിവക്ഷകളുൾക്കൊണ്ടതാണ് ഇലാഹ് എന്ന പദം. ദൈവത്തെ പ്രഥമവും പരമവുമായ ഉദ്ദിഷ്ടലക്ഷ്യമായികാണുകയും ആദ്ധ്യാത്മികതയെ സദാമുന്തിച്ചു നിർത്തുകയും ചെയ്യാൻ ഏകതാവിശ്വാസം ഒരാളെ സന്നദ്ധനാക്കുന്നുണ്ട്. ഏകദൈവ സിദ്ധാന്തത്തിന്റെ പാവനതക്ക് വിഘ്നം സംഭവിക്കാത്തവിധം, ഭൗതിക ബന്ധങ്ങളെ നേരാംവണ്ണം നിർവഹിക്കാൻ കഴിയുന്നത് ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ)യുടെ മാർഗദർശനങ്ങളിലൂടെയാകുന്നു. അഥവാ നബി(സ) തിരുമേനിയുടെ ജീവിത മാർഗദർശനങ്ങളെ അനുകരിക്കുകവഴി ദൈവേഷ്ടമാർഗത്തിലൂടെ ചരിക്കുവാനും അങ്ങനെ അവന്റെ യഥാർഥ ദാസനാകുവാനും മനുഷ്യന് സാധിക്കുമാറാകുന്നു. ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ്: ''പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു''. (3:32) ''നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരുത്തമ മാതൃകയുണ്ട്. അതായത്, അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നതാരോ അവർക്ക്" (33:22)

### ഈ ലോകം പാരത്രിക സമ്പാദ്യങ്ങൾക്കുള്ള കർമ ഭൂമി

ക്ഷണികവും നശ്വരവുമാണ് ഈ ലോക ജീവിതമെന്ന് വിശുദ്ധ ഖുർ ആൻ ഊന്നിപ്പറയുന്നു. ഇതു സംബന്ധമായി വന്ന ഖുർആനികസൂക്തങ്ങൾ ചിന്താപാഠങ്ങളാണ്. "ഈ ഐഹിക ജീവിതം വിനോദവും കളിയും മാത്രമാണ്. പാരത്രിക ജീവിതം തന്നെയാണ് യഥാർഥ ജീവിതം. അവർ അറിയുന്നവരായിരുന്നെങ്കിൽ"(29:65) "എന്റെ ജനമേ, ഈ ഐഹിക ജീവിതം താൽക്കാലിക സുഖാനുഭൂതിമാത്രമാണ്. പരലോകം തന്നെയാണ് ശാശ്വത ജീവിതത്തിനുള്ള വീട്. ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലം മാത്രമെ അവന് ലഭിക്കുകയുള്ളൂ. ആരെങ്കിലും അയാൾ ആണോ പെണ്ണോ ആവട്ടെ സത്യവിശ്വാസിയായിരിക്കെ സൽക്കർമം ചെയ്യുന്നതായാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവിടെ അവർക്ക് കണക്കില്ലാതെ അനുഗ്രഹങ്ങൾ നല്കപ്പെടുകയും ചെയ്യും." (40:40,41). "നിങ്ങൾക്ക് ഏതൊന്ന് നല്കപ്പെട്ടിട്ടുണ്ടോ അത് ഐഹിക ജീവിതത്തിന്റെ താൽക്കാലിക വിഭവങ്ങൾ മാത്രമാണ്. എന്നാൽ വിശ്വസിക്കുകയും (തങ്ങളുടെ കാര്യങ്ങൾ) തങ്ങളുടെ നാഥനിൽ അർപ്പിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെയടുക്കൽ ഉള്ളതാണ് ഏറ്റവും ഉത്തമവും ശാശ്വതവുമായിട്ടുള്ളത്." (42: 37) "നിങ്ങളുടെ ലൗകീകമായ തൃഷ്ണാധിക്യം നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കുന്നതുവരെ നിങ്ങളെ പരലോക ജീവിതാന്വേഷണത്തിൽ നിന്ന് അശ്രദ്ധരാക്കിനിറുത്തുന്നു. നിങ്ങൾ ലൗകീക ശ്രദ്ധയിൽ ബദ്ധരാകരുത്. എന്തെന്നാൽ പ്രപഞ്ചാനുരാഗം സൽഫലം ഉളവാക്കുന്നതല്ലെന്ന് നിങ്ങൾ അടുത്തുതന്നെ അറിയും. വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു പ്രപഞ്ചാനുരാഗത്തിന്റെ ദോഷഫലം നിങ്ങൾ താമസിയാതെ അറിയുന്നതാണ്. നിങ്ങൾക്ക് നിശ്ചയാത്മക ജ്ഞാനം സിദ്ധിച്ചുവെങ്കിൽ ഈ ലോകത്ത് വെച്ച് തന്നെ നിങ്ങൾ നരകം കാണുമാറാകും. പിന്നെ മരണത്തിന് ശേഷം പുന:രുത്ഥാനംവരെയുള്ള അന്തരാളഘട്ടമായ ബർസഖിൽ വെച്ച് നിങ്ങൾ അതിനെ നിശ്ചയാത്മകദൃഷ്ട്യാ കാണുന്നതാണ്. അവസാനം പുന:രുത്ഥാന ഘട്ടത്തിൽ നിങ്ങൾ ന്യായ വിസ്താരത്തിന് പാത്രമായി ശിക്ഷക്ക് വിധേയമാകുമ്പോൾ അനുഭവം മുഖേന നിങ്ങൾക്ക് നരകത്തിന്റെ പരമാർഥബോധമുണ്ടായിരിക്കും" (102 : 2–9)

ഐഹിക വിഭവങ്ങൾ ഹ്രസ്വവും സ്ഥായിത്വമില്ലാത്തതുമാണെന്ന ബോധം സജീവമായി നിലനിർത്തുന്നതിന്നുതകുന്ന നിരന്തരമായ ആഹ്വാനങ്ങൾ വിശുദ്ധഖുർആനിലുടനീളം കാണാം. ഇതുവഴി തന്റെ സൃഷ്ടിയുദ്ദേശ്യം സഫലമാക്കാൻ മനുഷ്യനെ പ്രചോദിതനാക്കുകയാണ് വിശുദ്ധ ഖുർആൻ ചെയ്യുന്നത്. ഭൗതിക ലോകം മനുഷ്യന്റെ ലക്ഷ്യ സാക്ഷാൽക്കാരത്തിനുള്ള കർമ ഭൂമിയാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. "തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളെയും നാം അതിന് ഒരു അലങ്കാരമാക്കിവെച്ചിരിക്കുന്നു. (മനുഷ്യരിൽ) ഏറ്റവും ജ്ഞാനിയായി പ്രവർത്തിക്കുന്നവർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിന് വേണ്ടി. (ഒരുനാൾ) അതിന്മേലുള്ളതെല്ലാം തീർച്ചയായും നാം തരിശുനിലമാക്കി മാറ്റുന്നതാണ്". (വി. ഖു 18:8,9)

### വിശ്വാസവും കർമ ജീവിതവും

ഇസ്‌ലാമിന്റെ അസ്ഥിവാരമുറപ്പിക്കപ്പെട്ടിരിക്കുന്നത് അഞ്ച് അനുഷ്ഠാന കാര്യങ്ങളിലും ആറ് വിശ്വാസകാര്യങ്ങളിലുമാണ്. വിശ്വാസം, വിളംബരത്തിലൊതുക്കാതെ കർമ ജീവിതത്തിലൂടെ സജീവമാക്കുവാനാണ് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. കർമരംഗങ്ങളിൽ നിന്നു പിന്മാറിനിന്ന കപട വിശ്വാസികളെ സംബന്ധിച്ച് അവർ നരകത്തിന്റെ അടിത്തട്ടിലായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ വെളിപ്പെടുത്തുന്നു. വിശ്വാസത്തെ സൽകർമങ്ങളാൽ സാക്ഷീകരിക്കുക എന്നതാണ് ഇസ്‌ലാം മതത്തിന്റെ പൊരുൾ. വിശ്വാസത്തെ സുകൃതാനുഷ്ഠാനങ്ങളിലൂടെ അലംകൃതമാക്കുന്നവർക്ക് ലഭ്യമാകുന്ന അനുഗ്രഹങ്ങളെ സംബന്ധിച്ച് വിശുദ്ധഖുർആൻ ഇപ്രകാരം പറയുന്നു: "സത്യ വിശ്വാസം സ്വീകരിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരെ സന്തോഷവാർത്ത അറിയിക്കുക. അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങളുണ്ട്" (2:26). ഈ സൂക്തത്തിന് വിശദീകരണം നല്കി കൊണ്ട് വാഗ്ദത്ത മസീഹ് (അ) വിവരിക്കുകയാണ്: "തോട്ടത്തിന് ആറുകളോടെന്ന പോലുള്ള ഒരു ബന്ധം മതവിശ്വാസത്തിന് സൽകർമങ്ങളുമായിട്ടുണ്ടെന്ന തത്ത്വ രഹസ്യത്തെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ജലസേചനമില്ലാതിരിക്കുന്ന പക്ഷം തോട്ടത്തിലെ വൃക്ഷലതാദികൾ വാടിക്ഷീണിച്ചുപോകുന്നതു പോലെ തന്നെ സൽകർമങ്ങളും സത്സേവനങ്ങളും കൂടാതുള്ള മതവിശ്വാസം നിർജീവമായിരിക്കുന്നതാണ്. ഇങ്ങനെ കർമശൂന്യമായ മതവിശ്വാസം പ്രയോജനരഹിതമായിരിക്കുന്ന പോലെ സദ്വിശ്വാസ പ്രേരിതമല്ലാത്ത കർമങ്ങൾ കേവലം

അഭിനയവുമായിരിക്കുന്നതാണ്. യഥാർഥത്തിൽ ഇസ്‌ലാമിക സ്വർഗം ഐഹികജീവിതത്തിലെ സത്യവിശ്വാസത്തിന്റെയും സൽക്കർമത്തിന്റെയും പ്രതിച്ഛായയാകുന്നു. അതു പുറമേ നിന്നു മനുഷ്യനുപ്രാപ്യമായി വരുന്നതല്ല അവന്റെ ഉള്ളിൽ നിന്നുതന്നെ രൂപപ്പെട്ടുവരുന്ന ഒന്നത്രെ. ഓരോരുത്തർക്കും ലഭിക്കുന്ന സ്വർഗം അവന്റെ സത്യവിശ്വാസവും സൽകർമങ്ങളും കൊണ്ടു രൂപവൽകൃതമാകുന്നതും അതിലെ ആനന്ദാനുഭൂതി അവന് ഈ ലോകത്തുവെച്ച് തന്നെ അനുഭവപ്പെട്ടു തുടങ്ങുന്നതുമായിരിക്കും. അങ്ങനെ സത്യവിശ്വാസമാകുന്ന ആരാമവും സൽകർമങ്ങളാകുന്ന സരിൽ പ്രവാഹങ്ങളും അവന് പരോക്ഷമായ രൂപത്തിൽ ഇവിടെതന്നെ അനുഭവഗോചരമായിത്തീരുന്നു. എന്നാൽ പാരത്രിക ജീവിതത്തിലാകട്ടെ ഈ തോപ്പും അതിലെ ആറുകളും പ്രത്യക്ഷരൂപത്തിൽ ഗോചരീഭവിക്കുന്നതായിരിക്കും"(ഇസ്‌ലാം മതതത്ത്വജ്ഞാനം).

ഉദ്യാനത്തിന്റെ പച്ചളിപ്പിനും സജീവതക്കും ജലസേചനം അനിവാര്യമെന്ന പോലെ ഈമാനികതോട്ടം ചൈതന്യവത്താകുന്നതും പുഷ്ടിപ്പെടുന്നതും സൽകർമങ്ങൾ മുഖേനയാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു

**ബയ്അത്തിന്റെ ലക്ഷ്യം**

ദൈവ സംപ്രാപ്തിയിലേക്ക് വഴിനയിക്കുന്നു എന്നത് കേവലം ഇസ്‌ലാമിന്റെ സവിശേഷതയാകുന്നു. പ്രസ്തുത ഉന്നതലക്ഷ്യത്തിലേക്കുള്ള പ്രയാണം തുടങ്ങുവാൻ ഇസ്‌ലാം മതമുൾകൊണ്ട ഓരോ വിശ്വാസിയും ബാധ്യസ്ഥനാകുന്നു. ഇസ്‌ലാമിന്റെ മഹനീയ പാഠങ്ങൾ സ്വകീയ ജീവിതത്തിൽ വെളിപ്പെടുത്തുന്നതിന് അവിരാമശ്രമം നടത്തുമെന്നുള്ള ഒരു പ്രതിജ്ഞയും സന്നദ്ധതയുമാണ് 'ബയ്അത്ത്' എന്ന ഇസ്‌ലാമിക സംജ്ഞാപ്രയോഗം കൊണ്ട് അർഥമാക്കപ്പെടുന്നത്. പ്രവാചക ചക്രവർത്തിയായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ഇസ്‌ലാമാശ്ലേഷിക്കുന്നവരോട് 'ബയ്അത്ത്' അഥവാ അനുസരണ പ്രതിജ്ഞ വാങ്ങിയിരുന്നതായി വിശുദ്ധ ഖുർആനും തിരുഹദീസും മനസ്സിലാക്കിത്തരുന്നുണ്ട്. ബയ്അത്ത് പ്രതിജ്ഞ അത്യുദാത്ത ജീവിത ലക്ഷ്യത്തിലേക്ക് കാലെടുത്തുവെക്കുന്നതിനുള്ള ആഹ്വാനവും പ്രചോദനവുമായിരുന്നു. തങ്ങൾ ദൈവത്തിൽ പുനരർപ്പണം ചെയ്തുകൊണ്ടുള്ള ജീവിതത്തിന് സന്നദ്ധരായി എന്ന പ്രഖ്യാപനമാണ് 'ബയ്അത്ത്' പ്രതിജ്ഞയിലുള്ളത്. തന്നിമിത്തമാണ് 'ബയ്അത്ത്' പ്രതിജ്ഞയെ സഫലീകരിക്കുന്നവർക്ക് മഹത്തായ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത് (48:11) വാഗ്ദത്തമഹ്ദീമസീഹ് (അ) വിവരിക്കുന്നു: ബയ്അത്ത് എന്ന വാക്കിന്റെ അർഥം വിൽക്കുക എന്നതാണ്. ഒരു വസ്തു വില്ക്കുന്നവർക്ക് വിറ്റുകഴിഞ്ഞാൽ അതുമായി പിന്നീട് ബന്ധമുണ്ടാകുന്നില്ല. നിങ്ങൾ നിങ്ങളുടെ കാളയെ മറ്റൊരാൾക്ക് വിറ്റുകഴിഞ്ഞാൽ അതിനെ ഇന്നപ്രകാരമേ ഉപയോഗിക്കാവൂ എന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ? ഒരിക്കലുമില്ല. വാങ്ങിയ ആൾക്ക് അയാളുടെ ഇഷ്ടം പോലെ അതിനെ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. 'ബയ്അത്തി'ന്റെ സ്ഥിതിയും ഇതുതന്നെയാണെന്ന് നിങ്ങൾ മനസ്സിലാക്കണം' (അൽഹകം). 'ബയ്അത്ത്' ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന് ജീവൻ ഏൽപ്പിച്ചുകൊടുക്കുക എന്നതാണ്. ഇതിന്റെ താല്പര്യം നാം നമ്മുടെ ജീവൻ ഇന്ന് അല്ലാഹുവിന് വിറ്റിരിക്കുന്നു എന്നാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ചരിക്കുന്നതുകൊണ്ട് ആർക്കെങ്കിലും അവസാനം നഷ്ടം വഹിക്കേണ്ടിവരുമെന്നത് തികച്ചും തെറ്റാണ്. സത്യസന്ധന് ഒരിക്കലും നഷ്ടം സംഭവിക്കുകയില്ല. നഷ്ടമുണ്ടാകുന്നത് അസത്യവാനാണ്. അവൻ അല്ലാഹുവുമായി ചെയ്ത ഉടമ്പടിയും അനുസരണ പ്രതിജ്ഞയും ലംഘിക്കുന്നു. ഇഹലോക താത്പര്യത്തിനായി ലോകരെ ഭയന്നുകൊണ്ട് അത്തരം കാര്യങ്ങൾക്ക്വശംവദനാകുന്നവൻ മരണസമയത്ത് ഒരു ഭരണാധികാരിക്കും രാജാവിനും അവനെ മോചിപ്പിക്കാൻ സാധിക്കുകയില്ലെന്ന് ഓർത്തുകൊള്ളട്ടെ. അവന് ഭരണാധികാര്യങ്ങളിൽ ഭരണാധികാരിയുടെ അടുക്കൽ പോകേണ്ടതുണ്ട്. അപ്പോൾ എന്തുകൊണ്ട് തന്നെ പരിഗണിച്ചില്ല എന്ന് ആ ഭരണാധികാരി അവനോട് ചോദിക്കും. അതുകൊണ്ട് ആകാശങ്ങളുടെയും ഭൂമിയുടെയും അധികാരിയായ അല്ലാഹുവിൽ വിശ്വസിക്കേണ്ടതും സത്യസന്ധമായി മാനസാന്തരപ്പെടേണ്ടതും ഓരോ സത്യവിശ്വാസിക്കും നിർബന്ധമാണ്." (മൽഫൂസാത്ത്)

**ഇസ്‌ലാമിന്റെ തനത് രൂപം വാഗ്ദത്ത മസീഹിലൂടെ**

പ്രവാചകരോ അവരുടെ പ്രതിനിധികളായിവരുന്ന ഖലീഫമാരോ മുഖേന അല്ലാഹുവുമായി നടത്തുന്ന ഒരു കരാറാണ് 'ബയ്അത്ത്'. ഇത് ദിവ്യ സംവിധാനമാണെന്ന് വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നുണ്ട്. ആ പവിത്ര ഗ്രന്ഥം പറയുകയാണ്: "നിന്നോട് 'ബയ്അത്ത്' ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോട് തന്നെയാണ് 'ബയ്അത്ത്' ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്ക് മുകളിലുണ്ട്. അതിനാൽ വല്ലവനും പ്രതിജ്ഞ ലംഘിക്കുന്നതായാൽ അവന്റെ സ്വന്തം ആത്മാവിന് ദോഷകരമായിട്ടാണവൻ ലംഘിക്കുന്നത്. അല്ലാഹുവിനോട് ചെയ്ത കരാറിനെ വല്ലവനും പൂർത്തിയാക്കുന്നതായാൽ അവന് അല്ലാഹു മഹത്തായ പ്രതിഫലം നല്കുന്നതാണ്." (48:11) തന്റെ ഉമ്മത്തിന്റെ നവോത്ഥാനത്തിനും ഇസ്‌ലാമിന്റെ വിശ്വവിജയത്തിനുമായി ആഗതനാകുന്ന വാഗ്ദത്ത മഹ്ദീമസീഹിന് 'ബയ്അത്ത്' ചെയ്യാൻ അനുശാസിച്ച നബി(സ) തിരുമേനി യഥാർഥ ഇസ്‌ലാമിക ജമാഅത്തിനെ തിരിച്ചറിയുന്നതിനുള്ള വഴി സുഗമമാക്കിയിരിക്കുന്നു. അഥവാ മുസ്‌ലിം സമൂഹം ബഹുകക്ഷികളായി ഭിന്നിക്കുമ്പോൾ താനും തന്റെ സ്വഹാബത്തും ഉള്ള നിലയിൽ കഴിയുന്ന ഒരു കക്ഷിയായിരിക്കും മോക്ഷാർഹരെന്നും അവർ അൽജമാഅത്തായിരിക്കുമെന്നും നബി(സ) അരുളിയിട്ടുണ്ട്. നബി(സ) തിരുമേനിക്ക് 'ബയ്അത്ത്' ചെയ്ത സ്വഹാബാക്കൾ അൽജമാഅത്തായിരുന്നു. അതു പോലെ വാഗ്ദത്ത മഹ്ദീമസീഹിന് ബയ്അത്ത് ചെയ്ത് അൽജമാഅത്തായി നിലകൊള്ളുന്ന സമൂഹവും സ്വഹാബത്തിന്റെ മാതൃകയിലുള്ളവരും മോക്ഷപ്രാപ്തരുമായിരിക്കുമെന്ന യാഥാർഥ്യത്തിലേക്കാണ് തിരുവചനം വെളിച്ചം വീശുന്നത്. ഇസ്‌ലാം മതത്തെ വിശ്വതലത്തിൽ പ്രതിനിധാനം ചെയ്യുന്ന ആത്മീയനേതൃത്വവും 'ബയ്അത്ത്' സംവിധാനവും 'അൽജമാഅത്ത്' വ്യവസ്ഥിതിയും വാഗ്ദത്തമസീഹ് മുഖേന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെ പുനരുദയം ചെയ്തിരിക്കുകയാണ്. ദൈവീക നിർദേശ പ്രകാരം ഇസ്‌ലാമിക 'ബയ്അത്ത്' രീതിയെ അദ്ദേഹം പുനരുജ്ജീവിപ്പിച്ചു. മോക്ഷപ്രാപ്തി കൈവരുന്ന ഖുർആനിക പാഠങ്ങളുടെ സംക്ഷേപമാണ് 'ബയ്അത്ത്' നിബന്ധനകളിൽ ഉൾകൊണ്ടിട്ടുള്ളത്. ചുരുക്കത്തിൽ പ്രവചനങ്ങളുടെ സാക്ഷാക്കാരമെന്നോണം ഇക്കാലത്ത് ആഗതനായ വാഗ്ദത്തമഹ്ദീമസീഹ് മുഖേന ഇസ്‌ലാമിന്റെ തനിമയാണ് വെളിപ്പെട്ടിരിക്കുന്നതെന്ന് നിഷ്പക്ഷമായി വിലയിരുത്തുന്നവർക്ക് ബോധ്യപ്പെടുന്നതാണ്.



# പ്രാർഥനയും രോഗശമനവും

മൗലവി അബ്ദുൽ വഹാബ് ബിൻ ആദം

രോഗവേളയിൽ ദൈവത്തോട് പ്രാർഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ലേഖകൻ വിവരിക്കുന്നു

ഒരു സൂചിയുടെ മുനയിൽ കൊള്ളുന്നയത്ര അളവിലുള്ള ദ്രവത്തിൽ നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം അദ്ഭുതകരമല്ലേ? സങ്കലിതമായ ആ ബീജകണത്തിൽ മനുഷ്യന്റെ കാൽ, കൈ, തലച്ചോർ, കണ്ണ്, മൂക്ക്, വായ എന്നീ അവയവങ്ങളും അപ്രകാരം ഹൃദയം, കരൾ, കിഡ്നി മുതലായ ആന്തരാവയവങ്ങളുമെല്ലാം അടക്കം ചെയ്തിരിക്കുന്നു. ഈ ദ്രവം സ്ത്രീയുടെ സുരക്ഷിതമായ ഗർഭപാത്രത്തിൽ വെച്ച് സമയാനുക്രമം സിക്താണ്ഡമായും പിന്നീട് അസ്ഥികൾ രൂപപ്പെട്ടും വളരുന്നു. മനുഷ്യ സൃഷ്ടിയെ പ്രതിപാദിച്ച് കൊണ്ട് വിശുദ്ധഖുർആൻ വിസ്മയത്തോടെ പറയുന്നു: ഏറ്റവും നല്ലനിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാകുന്നു (23:15).

വളരെ ദുർബലനും ചപലനുമായ ഈ സൃഷ്ടി ഒരു പൂർണ മനുഷ്യനായി വളരുമ്പോൾ ഭൂമിയിലെ സമുദ്രങ്ങൾ തരണം ചെയ്യാനും ആകാശത്തിലെ ചന്ദ്രനിൽ കാലുകുത്താനുമുള്ള അറിവും കഴിവും നേടുന്നു. പക്ഷേ ശക്തനായിത്തീരുന്ന അതേ മനുഷ്യൻ തന്നെ ദുർബലനായും കാണപ്പെടുന്നു. അവൻ രോഗിയായി തീർന്നാൽ ഇതേ മനുഷ്യൻ തന്നെ ദുരിതം ബാധിച്ചവനായും നിസ്സഹായനായും കാണപ്പെടുന്നു. അവൻെറ വായ ചവർപ്പുള്ളതായി തീരുന്നു. അവന് രുചികരമായ ഭക്ഷണ പദാർഥങ്ങളോ പാനീയങ്ങളോ ആസ്വദിക്കാൻ കഴിയാതെ വരുന്നു. അവന് പരിചരണവും അനുകമ്പയും ആവശ്യമായി തീരുന്നു. അതുകൊണ്ടാണ് റസൂൽ തിരുമേനി(സ) പറഞ്ഞത് രോഗിയെ സന്ദർശിക്കൽ ഒരു മുസ്‌ലിമിന്റെ കടമയാണെന്ന്. രോഗിയുടെ അടുക്കൽ വെച്ച് രോഗിയെ ഉന്മേഷവാനാക്കുന്ന സംസാരങ്ങൾ മാത്രമെ നടത്താൻ പാടുള്ളൂ. അതു രോഗിയുടെ ജീവചൈതന്യത്തെ ഉത്തേജിപ്പിക്കുമെന്നും തിരുമേനി(സ) പറയുകയുണ്ടായി. രോഗിയുടെ അസുഖം ശമിക്കാൻവേണ്ടി അല്ലാഹുവിനോടു പ്രാർഥിക്കണമെന്ന് റസൂൽ തിരുമേനി (സ)ഉപദേശിക്കുകയുണ്ടായി. ഹദ്റത്ത് മുഹമ്മദ്നബി(സ)നമുക്ക് പഠിപ്പിച്ച്തന്ന ഒരു പ്രാർഥന ഇപ്രകാരമാണ്

'ഓ, നാഥാ നീയാണ് രോഗശമനം വരുത്തുന്നത്. നാഥാ, നീയല്ലാതെ രോഗം ശമിപ്പിക്കുന്നവൻ മറ്റാരുമില്ല. ഞങ്ങളുടെ രോഗം ശമിപ്പിക്കാൻ ഞങ്ങളിതാ നിന്നോട് യാചിക്കുന്നു. നീയല്ലാതെ മറ്റാരും രോഗം ശമിപ്പിക്കുന്നവനില്ല.'

രോഗി മരണാസന്നനാണെങ്കിലും അവന്റെ സ്ഥിതി അത്യന്തം ആശങ്കാജനകവും കടുത്ത വേദന അനുഭവിക്കുന്ന വേളയിലാണെങ്കിൽ പോലും ഈ പ്രാർഥന ഉരുവിടേണ്ടതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

എന്നാൽ അത് (ആസന്ന മരണന്റെ പ്രാണൻ) തൊണ്ടക്കുഴിയിൽ എത്തുമ്പോൾ (നിങ്ങൾ അതിനെ തിരിച്ച് കൊണ്ട് വരാത്തതെന്ത് കൊണ്ട്?) ആ അവസരത്തിൽ നിങ്ങൾ നോക്കിനിൽക്കുകയായിരുന്നല്ലോ? നിങ്ങളേക്കാൾ അവനുമായി കൂടുതൽ അടുത്തത് നാമാണ് താനും. പക്ഷേ നിങ്ങൾ (അത്) കാണുന്നില്ലെന് മാത്രം. അപ്പോൾ നിങ്ങൾ (ദൈവഹിതത്തിന്) അധീനരല്ലെങ്കിൽ നിങ്ങൾ സത്യവാദികളാണെങ്കിൽ ആ ജീവനെ എന്തു കൊണ്ട് തിരിച്ച് കൊണ്ടു വരുന്നില്ല? (56:84–88)

അത്തരം നിർണായക നിമിഷ

ങ്ങളിൽ സൂറഃയാസീൻ ഓതുവാൻ ഇസ്ലാം നിർദേശിക്കുന്നു. സൂറ യാസീനിൽ അല്ലാഹു പറയുന്നു: നാം തന്നെയാണ് മരിച്ചവരെ ജിവിപ്പിക്കുന്നത്. അവർ (ജീവിതത്തിൽ) പ്രവർത്തിച്ചതും അവരുടെ ചുവടടയാളങ്ങളും നാം എഴുതി വെക്കുന്നതാണ്. സർവ കാര്യങ്ങളും സ്പഷ്ടമായൊരു പ്രമാണത്തിൽ നാം രേഖപ്പെടുത്തിയിരിക്കുന്നു.(36:13)

അവസാനം രോഗി മരണത്തിന് വിധേയനായാൽ നാം ചെയ്യേണ്ടത് കബർ എന്നു വിളിക്കപ്പെടുന്ന ഒരു മണൽക്കുഴി മയ്യത്തിന്നു വേണ്ടി തയ്യാറാക്കുക എന്നതാകുന്നു. മറമാടുന്നതിനു മുമ്പായി മയ്യത്തിനെ കുളിപ്പിക്കുന്നു. മൂന്നു കഷണം വെളളത്തുണിയിൽ ആ മയ്യത്തിനെപൊതിയുന്നു. അതിന്മേൽ സുഗന്ധം പൂശുന്നു.

ഹദ്റത്ത് മുഹമ്മദ് നബി (സ) പറയുന്നു: 'നീ ആരോഗ്യവാനായിരിക്കുമ്പോൾ രോഗത്തെപ്പറ്റി ചിന്തിക്കുക. അപ്രകാരം സമ്പന്നത ആസ്വദിച്ചു ജീവിക്കുമ്പോൾ മരണത്തെപററി ചിന്തിക്കുക' (ബുഖാരി). ആരോഗ്യത്തിന്റെ ദൈവികാനുഗ്രഹത്തെ സംബന്ധിച്ചും രോഗത്തിന്റെയും മരണത്തിന്റെയും അനിവാര്യതയെയും കുറിച്ചും ഹദീസുകൾ മനുഷ്യന്റെ ശ്രദ്ധയെ ക്ഷണിക്കുന്നു.

എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. പുനരുത്ഥാനനാളിൽ മാത്രമാണ് നിങ്ങളുടെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നത്. അപ്പോൾ ഏതൊരുത്തൻ നരകാഗ്നിയിൽ നിന്ന് അകറ്റപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തുവോ അയാൾ തീർച്ചയായും വിജയം പ്രാപിച്ചു. ഇഹലോക ജീവിതം വഞ്ചനയുടെ കരുക്കൾ മാത്രമാണ്. (വി.ഖുർആൻ 13:186)

ഒരാളുടെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപിരിഞ്ഞാൽ മാത്രമേ അയാൾക്ക് പ്രതിഫലം പൂർണ രൂപത്തിൽ നൽകപ്പെടുകയുള്ളു. പരലോകം ആനന്ദ പൂർണമായി അനുഭവിക്കാനുള്ള കഴിവും അപ്പോൾ മാത്രമേ നൽകപ്പെടു കയുളളൂ. മിക്ക മരണങ്ങൾക്കും മുമ്പേരോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. രോഗം ജീവിതത്തിന്റെ ഒരു വഴിയും ഭാഗവുമാണന്നു പറയാം.

രോഗങ്ങൾ ഇല്ലാതാക്കാൻ ശുചിത്വവും പരിശുദ്ധിയും പാലിക്കാനും അന്നപാനീയങ്ങളിൽ മിതത്വം കൈകൊളളാനും ഇസ്ലാം മാർഗനിർദേശം നൽകുന്നു. എന്നിരുന്നാലും രോഗത്തെ പൂർണമായും ഇല്ലാതാക്കാൻ സാധ്യമല്ല എന്ന വസ്തുത ഇസ്ലാം അംഗീകരിക്കുന്നു. അത് സംബന്ധിച്ച് യാതൊരു അന്ധവിശ്വാസവും ആരും പുലർത്തേണ്ടതില്ല. പക്ഷെ ശമനമില്ലാത്ത ഒരു രോഗവുമില്ല എന്നു റസൂൽ തിരുമേനി (സ)പറഞ്ഞിട്ടുണ്ട്.

ഔഷധങ്ങളെയും രാസപദാർഥങ്ങളെയും അല്ലാഹു അവന്റെ കാരുണ്യത്തിൽനിന്ന് സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം അത് മുഖേനമനുഷ്യന് രോഗശമനം ഉണ്ടാകുന്നതിനാലാണ്. പിശാച് ബാധ കൊണ്ടാണ് രോഗങ്ങൾ ഉണ്ടാകുന്നതെന്നും ശമനം ലഭിക്കാൻ രോഗിയെ മനുഷ്യോചിതമല്ലാത്ത ചില ബാധയൊഴിപ്പിക്കൽ വിദ്യകൾക്ക് വിധേയമാക്കാമെന്നുമുള്ള അന്ധവിശ്വാസങ്ങളെ ഇസ്ലാം അംഗീകരിക്കുന്നില്ല.

പൂർവ മുസ്ലിംകളുടെ ഏറ്റവും മഹത്തായ സംഭാവന ശാസ്ത്രത്തിന് ലഭിച്ചത് അവർ മരുന്നുകൾ കണ്ട് പിടിക്കുകയും വൈദ്യശാസ്ത്രത്തെ വികസിപ്പിക്കുകയും ചെയ്തു എന്നതാണ്. ഔഷധങ്ങളുടെ രോഗശമന മൂല്യത്തെ കുറിച്ചു മുസ്ലിംകൾ മനസിലാക്കിയെങ്കിലും രോഗം സുഖപ്പെടുത്തുന്നത് അല്ലാഹുവാണെന്ന യാഥാർഥ്യം ഒരു വസ്തുത യായി അവർ സ്വീകരിച്ചിരുന്നു.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നിരവധി ആശുപത്രികളും ക്ലിനിക്കുകളും പ്രത്യേകിച്ച് ഹോമിയോപതിക്ക് ആശുപത്രികൾ ആഫ്രിക്കൻ നാടുകളിലുടനീളം സ്ഥാപിച്ചിട്ടുണ്ട്. ഈ രാജ്യത്തും പുറം രാജ്യത്തുമുള്ള ജമാഅത്തിന്റെ എല്ലാ ആതുരാലയങ്ങളിലും ജനങ്ങൾക്ക് വലിയ ഒരു പരസ്യപലക കാണാൻ സാധിക്കും. അതിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ് 'He Alone Is The Healer'.

അല്ലാഹുവാണ് ആകാശ ഭൂമികളെ നിയന്ത്രിക്കുന്നത്. അവന് മാത്രമെ രോഗങ്ങളെ സുഖപ്പെടുത്തുവാൻ സാധിക്കുകയുള്ളു എന്നകാര്യം അതിശയോക്തിയൊന്നുമല്ല. അതാണ് സത്യം, അതുകൊണ്ട് ഞങ്ങളുടെ എല്ലാ ഡോക്ടർമാരും ചികിൽസയോടൊപ്പം പ്രാർഥനയും നടത്തുന്നു. ഇവിടെ അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് മാത്രം സുഖപ്പെട്ട ചില രോഗാനുഭവങ്ങൾ വിവരിക്കുന്നു. അല്ലാഹു മാത്രമാണ് ശമനദായകൻ എന്ന അവന്റെ ഗുണം ഇവിടെ പ്രകടമാകുന്നു.

### അർബുദം ബാധിച്ച ഒരു മനുഷ്യൻ

പരിശോധനയിൽ കരളിനും മറ്റ് അവയവങ്ങൾക്കും കാൻസർ ബാധിച്ച ഒരു രോഗിയുണ്ടായിരുന്നു. അദ്ദേഹം വളരെ മെലിഞ്ഞ് ക്ഷീണിച്ചിരുന്നു. ഈ രോഗി കറച്ച് മാസം മാത്രമേ ജീവിച്ചിരിക്കൂവെന്ന് ഡോക്ടർമാർ വിധിയെഴുതിയിരുന്നു. എന്നാൽ പ്രാർഥനയിലൂടെ ആ രോഗി അദ്ഭുതകരമാം വിധം സുഖപ്പെട്ടു. 15 വർഷം വീണ്ടും ജീവിക്കുകയുണ്ടായി.

### അതിസാരം പിടിപെട്ട ബാലൻ

ലുഖ്മാൻ എന്നു പേരുള്ള ഒരു ബാലന് വയറിളക്കം പിടിപെട്ടു. ദീർഘകാലം ആ രോഗാവസ്ഥ തുടർന്നു. 8 മാസക്കാലം നടത്തിയ വിദഗ്ധചികിൽസയെല്ലാം പരാജയപ്പെട്ടു. അവസാനം ആ ബാലന്റെ പിതാവ് പ്രാർഥനയിൽ അഭയംതേടി. രോഗശമനത്തിനുവേണ്ടി ദൈവത്തിന്റെ പ്രത്യേകം അനുഗ്രഹത്തിനായി അദ്ദേഹം പാതിരാത്രിയിൽ തഹജ്ജുദ് നമസ്കാരം അനുഷ്ഠിക്കാനാരംഭിച്ചു. ഒരിക്കൽ തഹജ്ജുദ് നമസ്കാരത്തിന്ന് ശേഷം അദ്ദേഹം ഉറക്കത്തിൽ ഒരു ദർശനം കണ്ടു. അതിൽ അദ്ദേഹം, 'ഒരു തവണ കൂടി മാത്രമേ വയറിളക്കമുണ്ടാകൂ' എന്ന് ഒരശരീരിയും കേട്ടു. അപ്രകാരം തന്നെ സംഭവിച്ചു. ഒരു തവണ കൂടി വിസർജിച്ചതിനു ശേഷം വയറിളക്കം അപ്രത്യക്ഷമായി. ഇപ്പോൾ അവന് 14 വയസ്സ് പ്രായമായി. ജമാഅത്തായി നമസ്കരിക്കുമ്പോൾ അവൻ ഇമാം നിൽക്കുന്നു.

### മാഡം ഹസ്നാ ബ്രയ്ന

ഹസ്നാബ്രയ്ന ദീർഘകാലം രോഗം പിടിപെട്ടു കിടപ്പിലായ ഒരു സ്ത്രീയായിരുന്നു. ഒരു ദിവസം അവർ ജീവന്റെ യാതൊരു ലക്ഷണവും കാണാത്തവിധം ബോധശൂന്യയായി. ഹസ്നായുടെപിതാവ്, പാകിസ്താനിലായിരുന്ന ഖലീഫത്തുൽ മസീഹിന് പ്രശ്നത്തെപ്പറ്റി കത്തെഴുതി. എല്ലാവരും ഹസ്നയെക്കുറിച്ചുള്ള പ്രതീക്ഷ കൈയൊഴിഞ്ഞിരുന്നു. അപ്പൊഴേക്കും ഖലീഫത്തുൽ മസീഹിന്റെ മറുപടി ലഭിച്ചിരുന്നു. കത്തിൽ ഖലീഫത്തുൽ മസീഹ് ഹസ്നയുടെ രോഗം സുഖപ്പെടുമെന്ന് മാത്രമല്ല അവർ ഒരു കുഞ്ഞിന് ജൻമം നൽകുമെന്നും അറിയിച്ചിരുന്നു. ആ കുഞ്ഞിന് തന്റെ പേര് ഇടണമെന്നും ഹുസൂർ തിരുമനസ്സ് ആ കത്തിൽ എഴുതി. അത്യധികം ക്ഷീണിതയും ബോധരഹിതയുമായ ഇരിക്കാൻ പോലും കഴിയാത്ത അവസ്ഥയി

ലായിരുന്ന ഹസ്നയെപ്പറ്റിയായിരുന്നു ഈ കത്ത്. പിന്നീട് അദ്ഭുതകരമായ പരിവർത്തനമായിരുന്നു അവരിൽ സംഭവിച്ചത്. അവർക്ക് ബോധം തെളിഞ്ഞു. ഭക്ഷണം കഴിച്ചു. പൂർണ ആരോഗ്യത്തിലേക്ക് തിരിച്ചു വന്നു.

## ഗർഭപാത്രത്തിൽ കാൻസർ ബാധിച്ച സ്ത്രീ

മക്കൾ ഇല്ലാത്തവരുടെ സങ്കടം നമുക്കെല്ലാം അറിയുന്നതാണ്. ഒരിക്കൽ ഒരു സ്ത്രീ ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഹദ്റത്ത് മിർസാ നാസിർ അഹ്മദി(റ)നെ സമീപിച്ച് ദുആക്ക് അഭ്യർഥിച്ചു. അവരുടെ കണ്ണുകൾ കണ്ണീർ കൊണ്ട് നിറഞ്ഞിരുന്നു. അവർ വാക്കുകൾ കിട്ടാതെ വിതുമ്പി. ദു:ഖാകുലയായ സ്ത്രീ തന്റെ രോഗത്തെപ്പറ്റി ഹുസൂറിന് മുന്നിൽ ഒരു വിധം പറഞ്ഞു. അതായത് ഗർഭപാത്രത്തിൽ കാൻസർ ബാധിച്ചിരുന്നതിനാൽ സന്താനങ്ങൾ ഉണ്ടാവില്ല എന്ന് ഡോക്ടർ പറഞ്ഞ കാര്യം അവർ ഖലീഫ തിരുമനസ്സിന് മുമ്പിൽ കണ്ണീരോടെ വിവരിക്കുകയായിരുന്നു.

ഖലീഫാതിരുമനസ്സ് അവരോട് ചോദിച്ചു: ഡോക്ടർ ദൈവമാണോ? അവർ പറഞ്ഞു: അല്ല ഹുസൂർ. ഖലീഫത്തുൽ മസീഹ് തുടർന്നു പറഞ്ഞു: ഡോക്ടറുടെ അഭിപ്രായം ഓർത്ത് വിഷമിക്കരുത്. താങ്കൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. അല്ലാഹു താങ്കൾക്ക് അനേകം കുട്ടികളെ തരും. ഗർഭപാത്രത്തിൽ കാൻസർ ബാധിച്ച് കുട്ടികളുണ്ടാകില്ല എന്ന് ഡോക്ടർ വിധിയെഴുതിയ ആ സ്ത്രീ ഇന്ന് ആറ് കുട്ടികളുടെ മാതാവാണ്.

## 'പ്രേത ബാധ'യുള്ള വീട്ടിലെ സ്ത്രീ

ഞങ്ങളുടെ ജമാഅത്തിലെ പ്രായമേറിയ പാപ്പ ഹാറൂൺ നിമൊ എന്നയാൾ അനിമിസ്റ്റ് (സർവ വസ്തുക്കളും ദൈവമാണെന്ന് കരുതി ആരാധിക്കുന്ന മതസമൂഹം) വിഭാഗത്തിൽ പെട്ടൊരു സ്ത്രീയെയായിരുന്നു വിവാഹം കഴിച്ചിരുന്നത്. ദീർഘകാലം ആ ദമ്പതിമാർക്ക് മക്കളില്ലായിരുന്നു.

ഒരു റമദാൻ മാസത്തിൽ നമ്മുടെ ഒരു മുതിർന്ന സഹോദരൻ ജമാഅത്തിനോട് പ്രാർഥനയ്ക്ക് അഭ്യർഥിക്കുകയുണ്ടായി. അനിമിസ്റ്റുകളുടെ ഗോത്ര വിശ്വാസ പ്രകാരം മുട്ടനാടിനെ അറുത്ത് അവരുടെ ദൈവങ്ങളെ പ്രീതിപ്പെടുത്തിയില്ലെങ്കിൽ അവർക്ക് സന്താന ഭാഗ്യം ഉണ്ടാകില്ല. അവരുടെ ഗോത്രത്തിൽനിന്ന് ഭീഷണിയും ഉണ്ടായിരുന്നു അദ്ദേഹം അവരുടെ ഈ പേടിപ്പെടുത്തലിനെ വകവെക്കാതെ പ്രാർഥനക്കായി ജമാഅത്തിനെ സമീപിക്കുകയുണ്ടായി. നമ്മുടെ ജമാഅത്ത് അദ്ദേഹത്തിന്ന് സന്താനഭാഗ്യമുണ്ടാകാൻ പ്രാർഥിക്കുകയും ഖലീഫാ തിരുമനസ്സിനോട് പ്രാർഥനക്കായി അഭ്യർഥിക്കുകയും ചെയ്തു. ഖലീഫാ തിരുമനസ്സിന്റെ മറുപടി മന്ത്രവാദത്തിന് മക്കളെ നൽകാൻ കഴിവില്ലെന്നും അല്ലാഹുവാണ് അതു നൽകുന്നതെന്നു മായിരുന്നു. പപ്പാ ഹാറൂൺ ദമ്പതികൾക്ക് അല്ലാഹു സന്താനങ്ങളെ നൽകുമെന്നായിരുന്നു ഹുസൂർ തിരുമനസ്സിന്റെ മറുപടി . ഹാറൂൺ നിമൊ അത് ഉറച്ചു വിശ്വസിച്ചു. റമദാൻ മാസം അവസാനിക്കുന്നതിന് മുമ്പ്തന്നെ അദ്ദേഹത്തിന്റെ ഭാര്യ ഗർഭം ധരിച്ച് പ്രസവിച്ചു. ഇരട്ടക്കുട്ടികളായിരുന്നു. ഒരാണും ഒരുപെണ്ണും. അല്ലാഹു താൻ ഇച്ഛിക്കുന്നത് ചെയ്യുന്നുവെന്നുള്ളതിലേക്ക് അദ്ഭുതകരമയ ഒരു അടയാളമായിരുന്നു അത്. അല്ലാഹു പറയുന്നു:

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനും പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നവനുമാണ്; അവർ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സൻമാർഗം പ്രാപിക്കു ന്നതിനു വേണ്ടി. (2:187)

മനുഷ്യനെ ബാധിക്കുന്ന എല്ലാ കാര്യത്തിലും ദൈവം ഇടപെടുന്നുവെന്നുമാത്രമല്ല അതൊരു അനിഷേധ്യ യാഥാർഥ്യവുമാണ്. രാത്രിയുടെ അന്ത്യയാമങ്ങളിൽ ദൈവത്തിനുമുന്നിൽ മനുഷ്യൻ കേണപേക്ഷിക്കുമ്പോൾ ദൈവം അതിന് നിവർത്തിയുണ്ടാക്കുന്നു. അത്തരത്തിലുള്ള ദൈവീകമായ ഇടപടലുകൾക്ക് നാം ദിനേന സാക്ഷ്യം വഹിക്കുന്നു. ■

അവനത്രെ എന്നെ സൃഷ്ടിച്ചത്. എന്നിട്ട് അവൻ എന്നെ നേർവഴിയിൽ നടത്തുന്നു, എനിക്ക് ആഹാരവും പാനീയവും നല്കുന്നവനുമാണവൻ, ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു, എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനുമാണവൻ, പ്രതിഫലം നൽകുന്നനാളിൽ എന്റെ പാപങ്ങൾ അവൻ എനിക്ക് പൊറുത്തുതരുമെന്ന് ഞാൻ പ്രത്യാശിക്കുകയും ചെയ്യുന്നു. (അങ്ങനെയുള്ളവനുമാണവൻ) (വിശുദ്ധ ഖുർആൻ : 26 : 79-83)

അഫ്ഇദത്തുൽ സലാം വി. എം.

# മുഹമ്മദ് നബി(സ)യുടെ ജീവിതം ദൃശ്യവൽക്കരിക്കുന്നു

പ്രവാചകൻ മുഹമ്മദി(സ)ന്റെ ജീവിതത്തിന് ദൃശ്യഭാഷാ ചമയ്ക്കപ്പെടുന്നു. മാധ്യമ ലോകത്തെ ആധികാരിക ശബ്ദമായ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ്ങ് കോർപ്പറേഷനാണ് ഇത് തയ്യാറാക്കുന്നത്. അൽജസീറ ലേഖകൻ റാഗേഒമർ അവതരിപ്പിക്കുന്ന മൂന്ന് ഭാഗങ്ങളുള്ള ഈ പരിപാടി ജൂലൈ മാസത്തിൽ ബിബിസി രണ്ടിൽ സംപ്രേഷണം ചെയ്യപ്പെടുമെന്ന് കരുതുന്നു. പ്രവാചകന്റെ ജീവിതകഥനം തയ്യാറാക്കുന്നതിനെക്കുറിച്ച് ബിബിസിയുടെ റീലീജിയൻ ആന്റ് എത്തിക്സ് എഡിറ്റർ അഖീൽ അഹ്മദ് ഇപ്രകാരം പറയുന്നു: 'ചിലയാളുകൾക്ക് മുഹമ്മദ്(സ) എന്നത് വെറുമൊരു നാമം മാത്രമാണ്. ഈ പരമ്പര മുഹമ്മദ്(സ) ആരായിരുന്നുവെന്നും എങ്ങനെയാണ് ജീവിച്ചതെന്നും അദ്ദേഹത്തിന്റെ സന്ദേശം എന്തായിരുന്നുവെന്നും വിശദീകരിക്കുവാനാണ് ശ്രമിക്കുന്നത്.' സൗദിഅറേബ്യ, ജറൂസലേം, സിറിയ, തുർക്കി, യുഎസ്എ, യുകെ, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലായാണ് പ്രവാചകന്റെ ജീവിത കഥ ചിത്രീകരിക്കുന്നത്. ഇസ്‌ലാമിനെക്കുറിച്ച് പഠനം നടത്തുന്ന പ്രശസ്തരായ അക്കാദമീഷ്യൻമാരുടെ അഭിപ്രായങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള ഈ പരിപാടിയെക്കുറിച്ച് അവതാരകൻ റാഗേഒമർ പറഞ്ഞത് വളരെ കുറച്ച് പേർക്ക് മാത്രമേ പ്രവാചകന്റെ ജീവിതത്തെക്കുറിച്ച് അറിയാൻ പാടുള്ളുവെന്നാണ്. ഈ പരിപാടി ഇസ്‌ലാമിന്റെ പ്രാരംഭ കാലഘട്ടത്തിലേക്കും ഈ വിശ്വാസ സംഹിതയുടെ ഹൃദയത്തിലേക്കും വെളിച്ചം വീശുന്ന ഒന്നായിരിക്കും. 1400 വർഷങ്ങൾക്ക് മുമ്പ് മുഹമ്മദ്(സ) എന്ന വ്യക്തിയും അദ്ദേഹത്തിന്റെ സന്ദേശവും എത്രമാത്രം പ്രസക്തമായിരുന്നുവോ, അതേ പ്രസക്തി ഇപ്പോഴും അദ്ദേഹത്തിനുണ്ടെന്ന് പറയാൻ ശ്രമിക്കുകയാണ് ഈപരിപാടിയിൽ. സമകാലിക ലോകത്ത് ഏറെ തെറ്റിദ്ധരിക്കപ്പെട്ട പ്രവാചകൻ മുഹമ്മദി(സ)ന്റെ ജീവിത മുഹൂർത്തങ്ങളിലേക്ക് ക്യാമറ മിഴിതുറക്കുമ്പോൾ സത്യത്തിന്റെ ജീവസ്പന്ദം അതിൽ കാണാൻ കഴിയുമെന്ന് പ്രത്യാശിക്കാം.


# അൻസാർ ചാരിറ്റിവോക് 2011



പ്രായത്തിന്റെ അവശതകൾ തങ്ങളെ ബാധിച്ചിട്ടില്ലായെന്ന് പറയാതെ പറയുകയായിരുന്നു അഹ്മദിയ്യാ വയോജന സംഘടന മജ്‌ലിസ് അൻസാറുല്ലാഹ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി ലണ്ടനിൽ സംഘടിപ്പിച്ച അൻസാർ ചാരിറ്റിവോക് 2011 ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട നാല്പതിനും എഴുപതിനുമിടയിൽ പ്രായമായ മുവായിരത്തിലേറേ ആളുകൾ പങ്കെടുത്ത അൻസാർ ചാരിറ്റിവോകിൽ പാർലമെന്റ് അംഗങ്ങളായ എഡ്വേർഡ് ഡേവി, ജയിൻ എല്ലിസൺ, കൗൺസിലർ ഗില്ലീ ലൂയിസ് ലാവൻഡർ, മെർട്ടൺ മേയർ സ്റ്റീഫൻ അലാം ബ്രിട്ടിസ് തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുകയുണ്ടായി. ജീവകാരുണ്യ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ ഭാഗമാണെന്നും യു.കെ.യിൽ താമസിക്കുന്ന മുസ്‌ലിംകൾ എന്ന നിലയിൽ രാജ്യത്തിന്റെ സുസ്ഥിതിക്ക് തങ്ങളുടേതായ സംഭാവന ചെയ്യണമെന്ന ആഗ്രഹമാണ് ഇത്തരമൊരു പരിപാടിയുടെ സംഘാടനത്തിന്റെ പശ്ചാത്തലമെന്ന് അൻസാറുല്ലാഹ് യുകെയുടെ പ്രസിഡന്റ് വസീം അഹ്മദ് പറഞ്ഞു. ചാരിറ്റിവോക് സമാഹരിച്ച ഫണ്ട് ബ്രിട്ടീഷ് ഹാർട്ട് ഫൗണ്ടേഷനും ഗ്രേറ്റ് ഓർമണ്ട് സ്ട്രീറ്റ് ഹോസ്പിറ്റലിനും കൈമാറി.

## വാർത്തകൾ

### ഇന്റർനാഷണൽ കെമിസ്ട്രി ഒളിമ്പ്യാഡിൽ അഹ്മദീയുവ പ്രതിഭ



അന്താരാഷ്ട്ര രസതന്ത്ര ഒളിമ്പ്യാഡിൽ പങ്കെടുക്കാൻ അഹ്മദീ യുവപ്രതിഭ തയ്യിബ്ഷാക്ക് അവസരമൊരുങ്ങിയിരിക്കുന്നു. തുർക്കിയിലെ അങ്കാറയിൽ വെച്ച് ജൂലൈ 9 മുതൽ 18 വരെ നടക്കുന്ന 43–ാമത് ഒളിമ്പ്യാഡിൽ അമേരിക്കയെ പ്രതിനിധീകരിച്ചുകൊണ്ടാണ് തയ്യിബ്ഷാ ഉൾപ്പെടെയുള്ള നാൽവർ സംഘം പങ്കെടുക്കുന്നത്. പതിനായിരത്തിലേറെ വിദ്യാർഥികളിൽ മൂന്ന്ഘട്ടങ്ങളിലായി നടത്തപ്പെട്ട യോഗ്യതാടെസ്റ്റുകളിൽ മുൻനിരയിലെത്തിയതിനാലാണ് ന്യൂയോർക്ക് സ്വദേശിയായ തയ്യിബ്ഷാക്ക് ഒളിമ്പ്യാഡിൽ പങ്കെടുക്കാൻ കഴിഞ്ഞത്. രസതന്ത്ര ഒളിമ്പ്യാഡ് പരിചയപ്പെടുത്തുന്ന വിഷമപ്രശ്നങ്ങൾ തനിക്കിഷ്ടമാണെന്നും അവയ്ക്ക് ഉത്തരം കണ്ടെത്തുക രസകരമായ വിനോദമാണെന്നും അദ്ദേഹം പറയുകയുണ്ടായി. അന്താരാഷ്ട്ര ഒളിമ്പ്യാഡിൽ പങ്കെടുക്കുന്നതിന്റെ മുന്നോടിയായി യുഎസ്സ് നാഷണൽ കെമിസ്ട്രി ഒളിമ്പ്യാഡ് പഠനക്യാമ്പിലാണ് അദ്ദേഹമിപ്പോൾ.

### റാങ്ക്നേടി

കോഴിക്കോട്: കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബിക്ക് ഇസ്‌ലാമിക്ക് ഹിസ്റ്ററി ഡബിൾ മെയ്ൻ ഡിഗ്രി പരീക്ഷയിൽ മാത്തോട്ടം ജമാഅത്തിലെ ഖദീജത്തുൽ ഖുബ്റ സാഹിബ രണ്ടാം റാങ്ക് കരസ്ഥമാക്കി. മാത്തോട്ടം ജമാഅത്തിലെ എ. പി. ആലിക്കോയാ സാഹി ബിന്റെയും നൂർജഹാൻ സാഹി ബയുടേയും പുത്രിയാണ് .



# സർവത്ര അഴിമതി

മുസാഫിർ

നമ്മുടെ രാജ്യത്തിന്റെ എല്ലാ ക്ഷേമ സങ്കല്പങ്ങളെയും തകർത്തു കളയുന്ന വൻ അഴിമതിയുടെ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ അഴിമതി വാർത്തകൾ രാജ്യത്തിന്റെ ധാർമ്മിക നിലവാര തകർച്ചയുടെ സൂചനയാണ് നൽകുന്നത്. അതോടൊപ്പം ഭാവിയെ സംബന്ധിച്ച കടുത്ത ആശങ്കയും ഉയർത്തുന്നു. 2006ൽ ഇന്ത്യയിലെ ദാരിദ്ര്യത്തെപ്പറ്റി പഠിക്കാൻ ഡോ. മൻമോഹൻസിങ്ങ് ഭരണകൂടം നിയോഗിച്ച അർജുൻ സെൻഗുപ്ത കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ 78 ശതമാനം ആളുകളും പ്രതിദിനം 8 രൂപക്കും 20 രൂപക്കും ഇടയിൽ വരുമാനമുള്ള പരമ ദരിദ്രരാണ്. വിശക്കുന്ന വയറുമായി അന്തിയുറങ്ങുന്ന ദരിദ്രകോടികൾ ജീവിക്കുന്ന ഈ നാടിന്റെ പൊതുസ്വത്താണ് ചില രാഷ്ട്രീയക്കാരും കോർപറേറ്റ് ബിസിനസ്സുകാരും വൻകിട കരാറുകാരും പദ്ധതി നിർമാണരംഗത്തുള്ളവരും വിദേശ വ്യാപാരികളും മുതൽ താഴെക്കിടയിൽ പ്രവർത്തിക്കുന്നവർ വരെ അഴിമതിയിലൂടെ കൊള്ള ചെയ്ത് കൊണ്ടുപോകുന്നത്. രാജ്യത്തെയാകമാനം ഗ്രസിച്ച ഈ അഴിമതി ഒരു വൻവിപത്തായി ഇന്ത്യൻ ജനതയുടെ മുന്നിൽ വന്നുനില്ക്കുന്നു.

ആരോപിക്കപ്പെടുന്ന അഴിമതികളിൽ ചിലത്, ഒന്നേമുക്കാൽ ലക്ഷം കോടി രൂപയുടെ അഴിമതി നടന്നതായി ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കണ്ടെത്തിയ 2 ജി സ്പെക്ട്രം അഴിമതി, 2010ലെ 70,000 കോടി രൂപയുടെ കോമൺവെൽത്ത് ഗെയിംസ് അഴിമതി, രാജ്യത്തിന് വേണ്ടി കാർഗിലിൽ കൊല്ലപ്പെട്ട പട്ടാളക്കാരുടെ പേരിൽ നടന്ന 1800 കോടി രൂപയുടെ മുബൈയിലെ ആദർശ് ഫ്ളാറ്റ് അഴിമതി, ബോഫോഴ്സ് അഴിമതി (68 കോടി), സത്യം കമ്പ്യൂട്ടർ അഴിമതി (374 കോടി), പ്രസാർ ഭാരതി അഴിമതി (150 കോടി), ഭക്ഷ്യധാന്യ കുംഭകോണം (58000 കോടി) ലാവ്ലിൻ അഴിമതി (374 കോടി) ഇങ്ങനെ തലകറക്കുന്ന കോടികളുടെ അഴിമതികഥകളാണ് നമ്മുടെ വാർത്താ തലക്കെട്ടുകൾ.

ലോകരാജ്യങ്ങളിലെ അഴിമതി തുറന്ന് കാട്ടാൻ മുൻ ലോക ബാങ്ക് ഡയറക്ടർ പീറ്റർ എയ്ജൻ 1993ൽ സ്ഥാപിച്ച ബർലിൻ ആസ്ഥാനമായ സർക്കാരേതര സ്ഥാപനമാണ് 'ട്രാൻസ്പറൻസി ഇന്റർനാഷനൽ'. ലോകത്തിലെ രാഷ്ട്രീയക്കാരും വൻകിട ബിസിനസ്സുകാരും സാധാരണക്കാരും നടത്തുന്ന അഴിമതിയെ പറ്റി പഠനനിരീക്ഷണങ്ങൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന ഈ സ്ഥാപനത്തിന്റെ അഭിപ്രായപ്രകാരം ഇന്ത്യയിൽ അഴിമതിയുടെ വിളയാട്ടം വളരെ കൂടുതലാണ്.

നമ്മുടെ രാജ്യത്ത് രാഷ്ട്രീയക്കാരുടെ ഒത്താശയോടെ നിയമവിരുദ്ധ മാർഗങ്ങളിലൂടെ അഴിമതി നടത്തി മറിയുന്ന കോടികൾ വിദേശ രാജ്യങ്ങളിലേക്ക് രഹസ്യ നിക്ഷേപങ്ങളായി ഒഴുകുകയാണ്. സ്വിസ് ബാങ്കിൽ ഏറ്റവും കൂടുതൽ രഹസ്യനിക്ഷേപങ്ങളുള്ളത് ഇന്ത്യക്കാരുടേതാണെന്ന വെളിപ്പെടുത്തൽ ഇന്ത്യയിലെ കള്ളപ്പണത്തിന്റെ തോത് വ്യക്തമാക്കുന്നു. 2008ലെ സ്വിസ് ബാങ്കിങ്ങ് അസോസിയേഷന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യക്കാർക്ക് സ്വിസ്ബാങ്കുകളിലെ രഹസ്യ അക്കൗണ്ടിൽ 189100 കോടി ഡോളറിന്റെ (84688435 കോടി, കോടി രൂപ) രഹസ്യ നിക്ഷേപമുണ്ട്. റഷ്യ (61000 കോടി ഡോളർ), ചൈന (21300 കോടി ഡോളർ) എന്നിവർ തൊട്ട് പിറകെയാണ്. ഇത് ഇന്ത്യൻ ബാങ്കുകളിലെ മൊത്തം നിക്ഷേപങ്ങളേക്കാൾ അധികമാണ്. രഹസ്യസ്വഭാവമുള്ള ഈ നിക്ഷേപങ്ങളുടെ കണക്കുകളുടെ ഏകദേശ അനൗദ്യോഗിക സൂചനകൾ മാത്രമേ ലഭ്യമാകൂ. സ്വിസ് ബാങ്ക് രഹസ്യനിക്ഷേപങ്ങളുടെ കണക്കുകൾ പുറംലോകത്തിന് ലഭ്യമല്ല. സ്വിറ്റ്സർലണ്ടുമായി ഡബിൾ ടാക്സേഷൻ എവോയ്ഡൻസ് എഗ്രിമെൻറ് (DTAA) ഉള്ള രാജ്യങ്ങൾക്ക് അതാത് രാജ്യത്തെ ഗവൺമെന്റ് ആവശ്യപ്പെട്ടാൽ മാത്രമേ ഇത്തരം നിക്ഷേപങ്ങളെപറ്റിയുള്ള വിവരങ്ങൾ നൽകൂ. ഇരുരാജ്യങ്ങളിലും വ്യവസായങ്ങളുള്ള വ്യവസായികളുടെ ഇരട്ട നികുതി ഈടാക്കൽ ഒഴിവാക്കാനുള്ള ഒരു അന്തർദേശീയ കരാറാണ് ഇത്. സമീപഭാവിയിൽ സ്വിറ്റ്സർലണ്ടുമായി ഇന്ത്യ ഡി.റ്റി.എ.എ. കരാറിൽ ഒപ്പുവെക്കുമെന്നറിയുന്നു. ഭരണകൂടങ്ങളുടെ രഹസ്യവിവരങ്ങൾ നൽകി

ലോകത്തെ ഞെട്ടിച്ചുകൊണ്ടിരിക്കുന്ന. വീക്കിലിക്സ് സ്ഥാപകൻ ജൂലിയൻ അസൻജ് സ്വിസ് ബാങ്കിലെ ഇന്ത്യൻ നിക്ഷേപകരുടെ പേരുവിവരങ്ങൾ അടുത്ത് തന്നെ വെളിപ്പെടുത്തുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാലും കള്ളപണക്കാരുടെ രഹസ്യങ്ങളറിയാൻ മറ്റു ചില സാങ്കേതിക തടസ്സങ്ങൾ കൂടിയുണ്ട്. ജർമനിയുമായി ഇന്ത്യക്ക് DTAA കരാറുള്ളതിനാൽ ജർമനിയിലെ എൽ.ജി.റ്റി ബാങ്കിൽ രഹസ്യഅക്കൗണ്ടുള്ള 18 ഇന്ത്യക്കാരുടെ പേരു വിവരം ജർമനി ഇന്ത്യക്ക് കൈമാറുകയുണ്ടായി. പക്ഷേ ഗവൺമെൻറ് അവരുടെ പേരു വിവരങ്ങൾ ഔദ്യോഗികമായി വെളിപ്പെടുത്താൻ തയ്യാറായിട്ടില്ല.

ഭീമമായ ഈ അഴിമതിയാരോപണങ്ങളുടെ കലുഷിതമായ അന്തരീക്ഷത്തിലാണ് പ്രശസ്ത ഗാന്ധിയനായ അന്നാ ഹസാരെ പൗരസമൂഹത്തിന്റെ പ്രാതിനിധ്യമേറ്റെടുത്ത് അഴിമതി തടയാനുള്ള ജനലോക്പാൽ ബിൽ പാർലമെന്റിൽ അവതരിപ്പിക്കണമെന്ന ആവശ്യവുമായി 2011 ഏപ്രിൽ 5 മുതൽ ഡൽഹിയിൽ മരണം വരെ നിരാഹാരസത്യഗ്രഹമിരുന്നത്. തിരഞ്ഞെടുപ്പ് കമ്മീഷനെപ്പോലെ അഴിമതിയെ പറ്റി അന്വേഷിക്കാൻ സ്വതന്ത്രാധികാരമുള്ള സമിതിയായിരിക്കും ലോക്പാൽ. ഹസാരെ ഗവൺമെന്റുമായി നടത്തിയ ചർച്ചയിൽ നിരാഹാരമവസാനിപ്പിച്ചെങ്കിലും ലോക്പാൽ പരിധിയിൽ പ്രധാനമന്ത്രിയെയും സുപ്രിം കോടതി ജഡ്ജിമാരെയും ഉൾപ്പെടുത്തണമെന്ന പ്രശ്നത്തിൽ തർക്കം തുടരുകയാണ്. ഹസാരെയുടെ ഊഴം കഴിഞ്ഞതിനുശേഷം ഡൽഹിയിൽ അഴിമതിക്കെതിരെ ഉദയം ചെയ്ത മറ്റൊരു താരമാണ് ബാബാ രാംദേവ്. യോഗ്യാഭ്യാസ വിദഗ്ധനും വിവാദ വ്യവസായിയുമായ ബാബാ രാംദേവ് വൻപ്രചാരണങ്ങൾ നടത്തി ശീതീകരിച്ച ഹൈടെക് പന്തലിൽ സത്യാഗ്രഹമാരംഭിച്ചു. ബാബയുടെ ആവശ്യം വിദേശത്തുള്ള കള്ളപണം മുഴുവൻ ഇന്ത്യയുടെ ദേശീയ സ്വത്തായി പ്രഖ്യാപിക്കണമെന്നായിരുന്നു. അവസാനം സർക്കാർ ബലം പ്രയോഗിച്ചാണ് ബാബാ രാംദേവിന്റെ നിരാഹാരം അവസാനിപ്പിച്ചത്.

ഏതായാലും പൗരസമൂഹത്തിന്റെ പ്രാതിനിധ്യമേറ്റെടുത്ത് തെരുവുകളിൽ ആളെക്കൂട്ടി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് എത്ര വലിയ ഗാന്ധിയനായാലും മതപുരുഷനായാലും ജനാധിപത്യത്തിന് ഭൂഷണമല്ല. ജനങ്ങളുടെ പ്രാതിനിധ്യമുള്ള ഇന്ത്യൻ പാർലമെന്റാണ് വ്യവസ്ഥാപിത മാർഗങ്ങളിലൂടെ ഇതിന് പരിഹാരം കാണേണ്ടത്. രാഷ്ട്രീയ കക്ഷികളുടെ ഭാഗത്ത് നിന്നുമാണ് അഴിമതിക്കെതിരെ നീക്കങ്ങളുണ്ടാകേണ്ടത്. ഈ പ്രശ്നത്തിൽ പ്രതിസ്ഥാനത്ത് നില്ക്കുന്ന രാഷ്ട്രീയക്കാരുടെ ധാർമികമായ ബലക്ഷയമാണ് പൗരസമൂഹത്തിന്റെയും, മതങ്ങളുടെയും പിന്തുണയോടെ പുതിയ സമരനായകന്മാർ രംഗത്ത് വരാൻ കാരണം. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ അപചയത്തെ സൂചിപ്പിക്കുന്ന ഇത്തരം പ്രവണതകൾ അപകടകരമാണ്.

വാസ്തവത്തിൽ അഴിമതി നിയമനിർമാണങ്ങളിലൂടെ നിർത്തലാക്കാമെന്നത് ഒരു വ്യാമോഹമാണ്. പൊതുസമൂഹത്തിന്റെ ധാർമിക മനസ്സാക്ഷിയെ തൊട്ടുണർത്തുന്ന ശക്തമായ നടപടികളിലൂടെയുള്ള ബോധവത്ക്കരണം കൂടി ഇതിനാവശ്യമാണ്. അഴിമതിക്കുറ്റം ആരോപിക്കപ്പെട്ട മന്ത്രിമാരെയും പാർലമെന്റ് മെമ്പർമാരെയും ജയിലിലടച്ചുകൊണ്ടുള്ള കോടതികളുടെ ഇടപെടലുകളും മാധ്യമങ്ങളുടെ പ്രചരണവും അഴിമതി പൊറുക്കാനാവാത്ത അപരാധമാണെന്ന ഒരു നേരിയ അവബോധവും ഭയവും ഇന്ത്യൻ സമൂഹത്തിലുണ്ടാക്കിയിട്ടുണ്ടത് എന്നത് ആശാവഹമാണ്.

**വിശുദ്ധ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.** ***നിങ്ങളുടെ സമ്പത്ത് അന്യായമായ നിലയിൽ പരസ്പരം തിന്നരുത്. അന്യരുടെ സ്വത്തിലൊരു ഭാഗം ന്യായവിരുദ്ധമായി കൈവശപ്പെടുത്തുന്നതിനുവേണ്ടി നിങ്ങൾ അധികാരസ്ഥർക്ക് കോഴകൊടുക്കുകയുമരുത് (വി.ഖുർആൻ 2:188) നിശ്ചയമായും അല്ലാഹു വിശ്വാസവഞ്ചകരെ സ്നേഹിക്കുന്നില്ല (വി.ഖുർആൻ 8:58)***


## വാർത്തകൾ

### അറിയിപ്പ്




മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ

**ഖാദിയാൻ**: ബഹ്ശ്തി മഖ്ബറ ഖാദിയാന്റെ ചെയർമാൻ ആയിരുന്ന ബഹുമാനപ്പെട്ട മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബിനെ സദർ അഞ്ചു മൻ അഹ്മദിയ്യായുടെ അദ്ധ്യക്ഷനായും കാർപർ ദാസ് ബഹ്ശ്തി മഖ്ബറയുടെ പുതിയ ചെയർമാൻ ആയി മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെയും സയ്യിദ്നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു...) നിയമിച്ചതായി നാസിർ അഅ്ലാ ഭാരത് ജനാബ് മൗലാനാ ഇനാം ഗോറി സാഹിബ് അറിയിച്ചു.



മൗലാനാ മുഹമ്മദ് ഉമർ



## അനുസ്മരണം

### സി.ഫാത്തിമ സാഹിബ

**പഴയങ്ങാടി:** മൗലവി സി.പി ആലിക്കുട്ടി സാഹിബിന്റെ പത്നിയും പഴയങ്ങാടി ജമാഅത്ത് അമീർ സി. സലീം സാഹിബിന്റെ സഹോദരിയും പഴയങ്ങാടി ജമാഅത്തിലെ മർഹൂം സി. അബ്ദുർറഹീം സാഹിബിന്റെ മകളുമായ സി. ഫാത്തിമ സാഹിബ ജൂൺ 19 ന് വഫാത്തായി (ഇന്നാലില്ലാഹി വ ഇന്നാ..) മക്കയിൽ പോയി ഉംറ നിർവഹിച്ച അവർ ലണ്ടനിൽ വെച്ചും കോഴിക്കോട് വെച്ചും ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. മൂസിയായിരുന്നു. ജീവിതത്തിൽ വളരെ ത്യാഗങ്ങളും പ്രയാസങ്ങളും സഹിച്ച അവർക്ക് അല്ലാഹു സുഖജീവിത സാഫല്യവും നൽകി. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ ആമീൻ.

മക്കൾ :അഹ്മദലി, അസ്ഗറലി, ഖുദ്സിയ ഹബീബ്, ശൗക്കത്തലി, മുഹമ്മദലി, അമത്തുസ്സലാം, മൻസൂറാ ജലീൽ, റഹീമാ ജമാലുദ്ദീൻ. മരുമക്കൾ: റംലത്ത്, റഫീക്ക, ഹബീബ് റഹ്മാൻ, ത്വാഹിറ, പി.എ. ബഷീർ അബ്ദുൾ ജലീൽ, ജമാലുദ്ദീൻ.

ഹബീബ് റഹ്മാൻ, മാഹി







അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നാലാം ഖലീഫയുടെ 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്നഗ്രന്ഥത്തെപ്പറ്റി ഏ.എം.മുഹമ്മദ് സലിം പ്രഭാഷണം നടത്തുന്നു. പുഴക്കൻ വാസുദേവൻ, എം. അബ്ദുർഹ്മാൻ, പ്രൊഫ. മഹ്മൂദ് അഹ്മദ്, വി. വി. ലക്ഷ്മണൻ എന്നിവർ വേദിയിൽ




മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖ സംഘടിപ്പിച്ച 'ദീനി വിജ്ഞാന സദസ്" എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. കെ. പരീത്, സൗത്ത് ഇലാഖ ഖാഇദ് ഇ. എച്ച് നജീബ്, മൗലവി എം. നാസിർ അഹ്മദ് എന്നിവർ സമീപം




മൂവാറ്റുപുഴ മസ്ജിദിൽ വച്ച് നടന്ന എറണാകുളം മേഖലാ അൻസാറുല്ലാ തർബിയത്ത് ക്യാമ്പ് അൻസാറുല്ലാ മേഖലാ നാസിം ഷാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

ഇതിഹാസവത്കരിക്കപ്പെട്ട യേശുവിന്റെ ജീവിതം നിഗൂഢതകൾ നിറഞ്ഞതാണ്. കുരിശു സംഭവത്തിൽ നിന്നും രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെതേടി ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. അനിഷേധ്യവും വിസ്മയകരവുമായ ഈ സത്യം വാഗ്ദത്ത മസീഹിന്റെ ദിവ്യതൂലികയാൽ വിവരിക്കപ്പെടുന്നു.



# യേശു മിശിഹാ ഇന്ത്യയിൽ

വില ₹45

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്

ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

2011 July

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.7
Price Rs. **20/-**

**The Sathyadoothan Monthly**

എല്ലാവരോടും സ്നേഹം, വെറുപ്പ് ആരോടുമില്ല!..



**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരള**

**സംസ്ഥാന**

# സമ്മേളനം

**2011 നവംബർ 12, 13 (ശനി, ഞായർ)**

**കോഴിക്കോട്**